VOL NO: 07 | ISSUE 48
www.nerpatham.com
mail@nerpatham.com
2023 DECEMBER 02 | ₹10

# നേർപഥം

വാരിക



# ഇസ്‌ലാം; വിമർശന ശരങ്ങളിൽ തളരാതെ

അധികാരവും ആയുധങ്ങളും ആൾബലവും ആശയവിമർശനവും കൊണ്ട് ഇസ്‌ലാമിനെ താറടിച്ച് കാണിക്കാനുള്ള സ്വാർഥതാൽപര്യക്കാരുടെ പരിശ്രമങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. പക്ഷേ, പ്രതിലോമകരമായ പ്രതിരോധങ്ങൾക്കിടയിലും അഭൂതപൂർവമായ വളർച്ചയാണ് ഇസ്‌ലാമിനുണ്ടായിട്ടുള്ളത് എന്നതിന് ചരിത്രം സാക്ഷിയാണ്.

## യഹൂദരുടെ ഗൂഢ തന്ത്രങ്ങൾ

|| സ്രഷ്ടാവിന്റെ സന്ദേശം

|| മിർസാഗുലാമിന്റെ കൂടോത്ര ഭയം!

|| മദീനയിലെ പച്ചക്കുബ്ബയും സമസ്തയുടെ വ്യാജവാദങ്ങളും

WISDOM students

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

വിദ്യയിലൂടെ വെളിച്ചത്തിലേക്ക്

# അൽബലാഗ്

# ദഅ്‌വാ സമ്മേളനം



2023 ഡിസംബർ **17** ഞായർ 4 PM

**ജാമിഅഃ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യഃ**

**മിനി ഊട്ടി, മലപ്പുറം**

WISDOM STUDENTS - JAMIA AL HIND UNIT

യുവത്വം നിർവചിക്കപ്പെടുന്നു

കേരള യൂത്ത് കോൺഫറൻസ്
WISDOM YOUTH

2024 ഫെബ്രുവരി 10 11
മലപ്പുറം

0358
# നേർപഥം
വാരിക

2023 ഡിസംബർ 02
1445 ജു.ഊലാ 18
പുസ്തകം 07 / ലക്കം 48




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി 10
ഇസ്‌ലാം:
വിമർശന ശരങ്ങളിൽ തളരാതെ
മുജീബ് ഒട്ടുമ്മൽ

മുഖമൊഴി
05
സ്രഷ്ടാവിന്റെ സന്ദേശം

വിമർശനം
06
മദീനയിലെ പച്ചക്കുബ്ബയും സമസ്തയുടെ വ്യാജവാദങ്ങളും
മൂസ സ്വലാഹി കാര

ലേഖനം
26
യഹൂദരുടെ ഗൂഢതന്ത്രങ്ങൾ
ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

ലേഖനം
18
കുഞ്ഞുങ്ങളെ മുലയൂട്ടുന്നതിന്റെ അനിവാര്യത
ഡോ. ഷാനവാസ്, ഫ്ലോറിഡ

ആരോഗ്യപഥം
29
വികൃതിക്കുട്ടികൾ!
ഡോ. യാസ്മിൻ എം അബ്ബാസ് പട്ടാമ്പി

ലേഖനം
21
സ്വർഗത്തെക്കാൾ ശ്രേഷ്ഠമായ അനുഗ്രഹം!
ആസിഫ് അൽ ഹികമി ഈരാറ്റുപേട്ട

ലേഖനം
30
മിർസാഗുലാമിന്റെ കൂടോത്ര ഭയം!
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
22
ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ-08
സുഫ്‌യാൻ അബ്ദുസ്സലാം

ക്വുർആൻ ദർശനം
32
സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

നിയമപഥം
25
സംസ്ഥാന സുരക്ഷാ കമ്മീഷൻ
അബൂ ആദം അയ്മൻ

ബാലപഥം
34
വിജയത്തിന്റെ മാർഗം
ഷാനിദ ബിൻത് അഹ്മദ് ഈങ്ങാപ്പുഴ




# പ്രബോധന പ്രവർത്തനങ്ങളാൽ ധന്യമായ ഒരു ദിനം

നിരന്തരമായ പ്രബോധന പ്രവർത്തനങ്ങളാൽ സജീവമാണ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെയും പോഷക ഘടകങ്ങളുടെയും പ്രവർത്തകർ. ഒട്ടേറെ പദ്ധതികൾ ആവിഷ്‌കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംഘടനയുടെ പ്രവർത്തകരും നേതൃത്വവും വിശ്രമമില്ലാതെ പ്രവർത്തിക്കുമ്പോൾ അതിന്റെ ഗുണഫലം സമൂഹത്തിൽ ദൃശ്യമാണ്. സംഘടന നടത്തുന്ന ഏതൊരു പരിപാടിയിലും കാണപ്പെടുന്ന വമ്പിച്ച ജനപങ്കാളിത്തം അതിന്റെ അടയാളമാണ്.

2023 നവംബർ 26ന് (ഞായറാഴ്ച) കേരളത്തിലെ പല ജില്ലകളിലായി ഒട്ടേറെ പരിപാടികളാണ് സംഘടിപ്പിക്കപ്പെട്ടത്. മാതൃഘടകത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും നടക്കുന്ന ഫാമിലി കോൺഫറൻസിന്റെ രണ്ടാമത്തെ പ്രോഗ്രാം കണ്ണൂർ കലക്ട്രേറ്റ് മൈതാനിയിൽ നടന്നു. സംഘാടകരുടെ കണക്കുകൂട്ടലെല്ലാം തെറ്റിച്ചുകൊണ്ട് ആബാലവൃദ്ധം ജനങ്ങൾ മൈതാനിയിലേക്ക് ഒഴുകിയെത്തുകയായിരുന്നു. ജനറൽ സെക്രട്ടറി ടി.കെ.അശ്‌റഫ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഹാരിസ് ബിൻ സലീം, താജുദ്ദീൻ സ്വലാഹി, ശിഹാബ് എടക്കര എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. വിവിധ രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിലെ നേതാക്കൾ സംബന്ധിച്ചു.

ഹയർ സെക്കന്ററി വിദ്യാർഥികൾക്ക് വേണ്ടി വിസ്ഡം സ്റ്റുഡന്റ്സ് സംഘടിപ്പിച്ചുവരുന്ന 'ടീൻസ്‌പേസ്' കോഴിക്കോട് സൗത്ത്, മലപ്പുറം നോർത്ത് ജില്ലകളിലും, ബാംഗ്ലൂരിലും നടന്നു. അത്തോളി ലക്ഷ്മോർ കൺവെൻഷൻ സെന്ററിൽ നടന്ന കോഴിക്കോട് സൗത്ത് ജില്ലാ ടീൻസ്‌പേസ് എം.കെ. രാഘവൻ എം.പി. ഉദ്ഘാടനം ചെയ്തു. വിസ്ഡം ഓർഗനൈസേഷൻ ജില്ലാ പ്രസിഡന്റ് വി.ടി.ബഷീർ ആധ്യക്ഷ്യം വഹിച്ചു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി, വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി താനൂർ, വൈസ് പ്രസിഡന്റുമാരായ ഡോ. ഷഹബാസ് കെ. അബ്ബാസ്, സ്വഫ്‌വാൻ ബറാമി അൽഹികമി, അബ്ദുറഹ്മാൻ ചുങ്കത്തറ, ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ, അംജദ് മദനി, മുഷ്താക് അൽഹികമി, ഷാബിൻ മദനി പാലത്ത്, അജ്മൽ ഫൗസാൻ അൽഹികമി എന്നിവർ സംസാരിച്ചു.

മലപ്പുറം നോർത്ത് ടീൻസ്‌പേസ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഐക്കരപ്പടി വൈറ്റ് ലാൻഡ്, അറ്റ്ലാൻഡ് എന്നീ കൺവെൻഷൻ സെന്ററുകളിൽ നടന്നു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡന്റ്സ് മലപ്പുറം നോർത്ത് ജില്ലാ പ്രസിഡന്റ് വി.ടി. സജീർ ആധ്യക്ഷ്യം വഹിച്ചു. ഇരുവേദികളിലായി പി.വി അബ്ദുൽ വഹാബ് എം.പി, ടി.വി ഇബ്രാഹിം എം.ൽ.എ എന്നിവർ മുഖ്യാതിഥികളായി.

വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ്, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി, വൈസ് പ്രസിഡന്റ് ഡോ. ഷഹബാസ് കെ അബ്ബാസ്, പീസ് റേഡിയോ സി.ഇ.ഒ. പ്രൊഫ. ഹാരിസ് ഇബ്നു സലീം, ഡാംഷുവർ സി.ഇ.ഒ മുനവ്വർ കോട്ടക്കൽ, അബ്ദുറഹ്മാൻ ചുങ്കത്തറ, ശഫീഖ് സ്വലാഹി മണ്ണാർക്കാട്, അംജദ് മദനി, മുനവ്വർ സ്വലാഹി, ശംജാസ് കെ അബ്ബാസ്, ശബീബ് സ്വലാഹി, ഹാരിസ് ആറ്റൂർ, വിസ്ഡം വിമൻസ് സംസ്ഥാന പ്രസിഡന്റ് സഹ്റ സുല്ലമിയ്യ, ജനറൽ സെക്രട്ടറി ഡോ. റസീല, വിസ്ഡം ഗേൾസ് സംസ്ഥാന പ്രസിഡന്റ് എം. നുബ്‌ല, ട്രഷറർ ടി.കെ ഹനീന, സെക്രട്ടറി ശിഫ ഹാരിസ്, സഫാന സലീം, അലീഫ സുഹൈർ എന്നിവർ സംസാരിച്ചു.

വിസ്ഡം സ്റ്റുഡന്റ്സ് ബാംഗ്ലൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ ബാംഗ്ലൂർ ഇന്ദിര നഗർ പ്രിസ്റ്റിൻ പബ്ലിക് സ്കൂളിൽ വെച്ച് നടന്ന ടീൻസ്‌പേസിൽ വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സെക്രട്ടറി അസ്ഹർ അബ്ദുർറസാക്, സംസ്ഥാന നിർവാഹക സമിതി അംഗം റെയ്ഹാൻ അബ്ദുൽ ഷഹീദ്, ടി.കെ. ത്വൽഹത്ത് സ്വലാഹി, നിസാർ സ്വലാഹി മമ്പാട്, ഹിലാൽ സലീം സി.പി, അമീർ ഒറ്റപ്പാലം, ശിയാദ് ഹസൻ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് പാനൽ ചർച്ചയും അരങ്ങേറി.

ജാമിഅ അൽഹിന്ദ് വിദ്യാർഥികൾക്കുവേണ്ടി വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സമിതി സംഘടിപ്പിച്ച ശിൽപശാല അർഷദ് അൽഹികമി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ടി. മുഹമ്മദ് ശമീൽ, വൈസ് പ്രസിഡന്റ് ഡോ. ഷഹബാസ് കെ. അബ്ബാസ് എന്നിവർ വിദ്യാർഥികളോട് സംവദിച്ചു. ജാമിഅ സ്റ്റുഡന്റ്സ് യൂണിയൻ പ്രസിഡന്റ് ശിബിൽ തളിപ്പറമ്പ് അധ്യക്ഷനായി. സെക്രട്ടറി അബ്ഹജ് ബേപ്പൂർ സ്വാഗതം പറഞ്ഞു. കേരളം മുഴുവൻ കേരള യൂത്ത് കോൺഫറൻസിന്റെ പബ്ലിസിറ്റി ഡേയുടെ ഭാഗമായി ഒട്ടനവധി പരിപാടികളും നടന്നു. ദഅ്‌വ ക്യാമ്പ് കാസർഗോഡും ഡോർ ടു ഡോർ മലപ്പുറം വെസ്റ്റ് ജില്ലയിലെ വളാഞ്ചേരിയിലും സംഘടിപ്പിച്ചു.

# സ്രഷ്ടാവിന്റെ സന്ദേശം

മനുഷ്യൻ ജനിക്കുന്നത് അവന്റെ നിലനിൽപിനാവശ്യമായ കാര്യമായ അറിവുകളൊന്നുമില്ലാതെയാണ്. ജീവസന്ധാരണത്തിനും നിലനിൽപിനുമാവശ്യമായ അറിവ് അവൻ കരസ്ഥമാക്കണം. ആ അറിവുകൾ പ്രയോഗവൽക്കരിക്കുവാൻ ബോധപൂർവമായ പരിശ്രമങ്ങളുണ്ടാവണം. അതിന് അവന് സ്വാതന്ത്ര്യമുണ്ടെന്നർഥം. ഈ സ്വാതന്ത്ര്യം നന്മതിന്മകൾ തിരഞ്ഞെടുക്കുന്ന കാര്യത്തിലുമുണ്ട്. നന്മ ചെയ്ത് ഉന്നതനാകുവാനും തിന്മചെയ്ത് അധമനാകുവാനും കഴിയുന്ന ജീവിയാണ് മനുഷ്യൻ. ഈ സ്വാതന്ത്ര്യമാണ് മനുഷ്യാസ്തിത്വത്തിന് സവിശേഷമായ ഔന്നിത്യം നൽകുന്നത്. തിന്മ ചെയ്യാൻ സ്വാതന്ത്ര്യമുണ്ടായിരുന്നിട്ടും നന്മ തിരഞ്ഞെടുക്കുന്നതിലാണ് മനുഷ്യരുടെ ഔന്നിത്യം. നന്മയെന്തെന്നും തിന്മയെന്തെന്നും കൃത്യമായി തിരിച്ചറിയാൻ കഴിഞ്ഞാലേ ഈ ഔന്നിത്യത്തിലെത്തിച്ചേരാൻ അവർക്ക് കഴിയൂ. നന്മയെന്തെന്നും തിന്മയെന്തെന്നും മനുഷ്യരെ കൃത്യമായി അറിയിക്കാൻ കഴിയുക ജീവികൾക്കെല്ലാം കൃത്യവും സൂക്ഷ്മവുമായ അസ്തിത്വം നൽകിയവനാണ്.


ഈ പ്രപഞ്ചത്തെ പടച്ച് പരിപാലിക്കുന്നവന്റെ മാർഗദർശനപ്രകാരമുള്ള ജീവിതംവഴിയാണ് ശാരീരികവും മാനസികവും ആത്മീയവുമായ ശാന്തിയും ഔന്നിത്യവും നേടിയെടുക്കാൻ നമുക്ക് കഴിയുക. പ്രസ്തുത ജീവിതം സഹജീവികൾക്ക് പ്രയാസങ്ങളോ പരിസ്ഥിതിക്ക് നാശമോ വരുത്തുകയില്ല. ജീവിതത്തിന്റെ നിഖില മേഖലകളെയും സ്രഷ്ടാവിന്റെ നിയമങ്ങൾക്കനുസൃതമായി പരിവർത്തിപ്പിക്കുന്നവന് ശാന്തമായ ജീവിതം നയിക്കുവാനും സമാധാനത്തോടെ മരണത്തെ സ്വീകരിക്കുവാനും കഴിയും. അത്തരക്കാരെ പരമകാരുണികൻ സ്വർഗത്തിലേക്ക് സ്വാഗതം ചെയ്യും: "ഹേ; സമാധാനമടഞ്ഞ ആത്മാവേ, നീ നിന്റെ രക്ഷിതാവിങ്കലേക്ക് തൃപ്തിപ്പെട്ടുകൊണ്ടും, തൃപ്തി ലഭിച്ചുകൊണ്ടും മടങ്ങിക്കൊള്ളുക. എന്നിട്ട് എന്റെ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക" (ക്വുർആൻ 89:27-30).

സംതൃപ്തിയോടെ ജീവിതം നയിക്കുവാനും ശാന്തിയോടെ മരണത്തെ വരവേൽക്കുവാനും മരണശേഷം സമ്പൂർണ സമാധാനത്തിന്റെ ഭവനത്തിൽ പ്രവേശനം ലഭിക്കുവാനും കഴിയണമെങ്കിൽ സ്രഷ്ടാവിന്റെ വിധിവിലക്കുകൾ പാലിച്ചുകൊണ്ട് ജീവിതം നയിക്കണം. ദൈവിക വിധിവിലക്കുകൾ മനുഷ്യരെ പഠിപ്പിക്കുന്നതിനു വേണ്ടിയാണ് കാലാകാലങ്ങളിൽ ദൈവദൂതന്മാർ നിയോഗിക്കപ്പെട്ടത്. മനുഷ്യർ നിവസിക്കുന്നിടത്തെല്ലാം പ്രവാചകൻമാരുടെ നിയോഗമുണ്ടായിട്ടുണ്ട്. തങ്ങൾ നിയോഗിക്കപ്പെട്ട സമൂഹത്തിന് സ്രഷ്ടാവിനെയും അവന്റെ വിധിവിലക്കുകളെയും അവ അനുസരിക്കുന്നവർക്കുള്ള രക്ഷയെയും ധിക്കരിക്കുന്നവർക്കുള്ള ശിക്ഷയെയും കുറിച്ച് പറഞ്ഞുകൊടുക്കുകയും ദൈവികമാർഗദർശന പ്രകാരം ജീവിച്ച് കാണിച്ചുകൊടുക്കുകയുമായിരുന്നു പ്രവാചകന്മാർ ചെയ്തത്.

സ്വന്തത്തിന്റെയോ സമുദായത്തിന്റെയോ ദേശത്തിന്റെയോ പേരിൽ മതം സ്ഥാപിക്കുകയോ വ്യത്യസ്ത ആരാധ്യന്മാരെക്കുറിച്ച് പഠിപ്പിക്കുകയോ അല്ല ദൈവദൂതന്മാരൊന്നും ചെയ്തത്. എല്ലാവരും പഠിപ്പിച്ചത് സ്രഷ്ടാവിന്റെ വിധിവിലക്കുകൾ പ്രകാരം ജീവിക്കുവാനാണ്.

വ്യത്യസ്ത കാലങ്ങളിൽ, വ്യത്യസ്ത ദേശങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ദൈവദൂതന്മാരെല്ലാം പഠിപ്പിച്ച ദൈവികസമർപ്പണത്തിന്റെ ജീവിതദർശനത്തെ പൂർത്തീകരിക്കുകയും മുഴുവൻ മനുഷ്യസമൂഹത്തിനും വേണ്ടി നിയോഗിക്കപ്പെടുകയും ചെയ്ത അന്തിമ പ്രവാചകനാണ് മുഹമ്മദ് നബി(സ്വ). അദ്ദേഹത്തിലൂടെ ലോകത്തുള്ള മുഴുവൻ മനുഷ്യർക്കുമായി അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. കഴിഞ്ഞുപോയ പ്രവാചകന്മാരെയെല്ലാം സത്യപ്പെടുത്തുകയും അവരെല്ലാം പഠിപ്പിച്ച ആദർശങ്ങളെ കളങ്കമുക്തമായി അവതരിപ്പിക്കുകയുമാണ് മുഹമ്മദ് നബി(സ്വ) ചെയ്തത്.

പരമകാരുണികനായ ദൈവത്തിൽനിന്ന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളെല്ലാം സന്മാർഗദർശനമുൾക്കൊള്ളുന്നവയായിരുന്നുവെന്ന് പ്രഖ്യാപിക്കുകയും അവയിലെ അടിസ്ഥാനതത്ത്വങ്ങളെ സ്ഖലിതമുക്തമായി പഠിപ്പിക്കുകയും ചെയ്യുന്ന അവസാനത്തെ വേദഗ്രന്ഥമാണ് ക്വുർആൻ. "ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്" (ക്വുർആൻ 2:2).



# മദീനയിലെ പച്ചക്ക്വുബ്ബയും സമസ്തയുടെ വ്യാജവാദങ്ങളും

മൂസ സ്വലാഹി കാര
:97473 45768

**ഇസ്‌ലാമിൽനിന്നും ബഹുദൂരം അകന്നുപോയ കക്ഷികളാണ് ശിയാക്കളും സൂഫികളും. ഇവരിലൂടെ മതവിരുദ്ധ കാര്യങ്ങൾ സമൂഹത്തിൽ ഉടലെടുക്കുകയും അന്ധവിശ്വാസങ്ങൾ പ്രചരിക്കുകയും ചെയ്തു. ഭൗതിക ഭ്രമത്തിൽ ആണ്ടുപോയ ചില ഭരണാധികാരികളുടെ പിന്തുണയും മതനിലപാടുകളിലെ ശുഷ്‌കിച്ച അവസ്ഥയും ഇതിന്റെയൊക്കെ വളർച്ചയ്ക്കും വ്യാപനത്തിനും ശക്തിപകർന്നു.**

ആദരിക്കപ്പെടേണ്ടതും പുണ്യമാക്കപ്പെട്ടതുമായ കാര്യങ്ങളെ സംബന്ധിച്ച് കൃത്യമായി പഠിപ്പിച്ചു തന്ന മതമാണ് ഇസ്‌ലാം. പ്രമാണങ്ങൾ പഠിപ്പിച്ച വിഷയങ്ങളെ അവഗണിക്കുക, പറയാത്തവയെ പരിഗണിക്കുക എന്ന സ്വഭാവം യഥാർഥ വിശ്വാസിയുടെതല്ല. മതം പഠിപ്പിക്കാത്ത കാര്യങ്ങൾ മതത്തിൽ കടത്തിക്കൂട്ടി അതിലൂടെ സ്വർഗത്തിൽ പോകാമെന്നത് വ്യാമോഹമാണ്, വഴികേടാണ്. അല്ലാഹുവും അവന്റെ ദൂതനും(സ്വ) കാണിച്ചുതന്നതാണ് നേർവഴി. അതിലൂടെ മുന്നോട്ടു പോകുന്നവരാണ് പരലോക വിജയികൾ. മുഴുവൻ ജനങ്ങളോടുമായുള്ള അല്ലാഹുവിന്റെ കൽപന കാണുക:

"പറയുക: ഹേ, ജനങ്ങളേ! നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള സത്യം നിങ്ങൾക്ക് വന്നെത്തിയിരിക്കുന്നു. അതിനാൽ ആർ നേർവഴി സ്വീകരിക്കുന്നുവോ അവൻ തന്റെ ഗുണത്തിനുതന്നെയാണ് നേർവഴി സ്വീകരിക്കുന്നത്. വല്ലവനും വഴിപിഴച്ചുപോയാൽ അതിന്റെ ദോഷവും അവനുതന്നെയാണ്. ഞാൻ നിങ്ങളുടെ മേൽ ഉത്തരവാദിത്തം ഏൽപിക്കപ്പെട്ടവനല്ല" (ക്വുർആൻ 10:108).

അല്ലാഹുവിന്റെ കൽപനകളുടെയും നബി(സ്വ)യുടെ ദൗത്യനിർവഹണത്തിന്റെയും മഹത്ത്വം വിളിച്ചോതുന്ന വചനമാണിത്.

ഇസ്‌ലാമിൽനിന്നും ബഹുദൂരം അകന്നുപോയ കക്ഷികളാണ് ശിയാക്കളും സൂഫികളും. ഇവരിലൂടെ മതവിരുദ്ധ കാര്യങ്ങൾ സമൂഹത്തിൽ ഉടലെടുക്കുകയും അന്ധവിശ്വാസങ്ങൾ പ്രചരിക്കുകയും ചെയ്തു. ഭൗതിക ഭ്രമത്തിൽ ആണ്ടുപോയ ചില ഭരണാധികാരികളുടെ പിന്തുണയും മതനിലപാടുകളിലെ ശുഷ്‌കിച്ച അവസ്ഥയും ഇതിന്റെയൊക്കെ വളർച്ചയ്ക്കും വ്യാപനത്തിനും ശക്തിപകർന്നു.

മുഹമ്മദ് നബി(സ്വ)യുടെ കൽപനകളെയും നിർദേശങ്ങളെയും അനുസരിക്കാതെ, തങ്ങളുടെ നേതാക്കൾക്ക് അപ്രമാദിത്വം കൽപിച്ചുകൊണ്ടും അവരെ ചോദ്യം ചെയ്യാതെ അനുസരിച്ചുകൊണ്ടും ജീവിക്കുന്നവരാണ് ഈ വ്യതിയാന കക്ഷികൾ.

അല്ലാഹു പറയുന്നു: "(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല"(4:80).

ആത്മീയ ചൂഷണത്തിന്റെ അടവുകളെല്ലാം ഈ വ്യതിയാന കക്ഷികളിൽനിന്നും സ്വീകരിച്ച് മലയാള മണ്ണിൽ നട്ടുവളർത്തിക്കൊണ്ടിരിക്കുന്നവരാണ് സമസ്തക്കാർ.

മദീനയിലെ മസ്ജിദുന്നബവിയിലെ പച്ചനിറത്തിലുള്ള 'ക്വുബ്ബ' ചൂണ്ടിക്കാട്ടി കപട ആത്മീയതയിലേക്ക് ജനങ്ങളെ ആകർഷിക്കാൻ സമസ്ത മുസ്‌ലിയാക്കന്മാർ പല കുതന്ത്രങ്ങളുമാണ് പയറ്റിക്കൊണ്ടിരിക്കുന്നത്. ഇല്ലാത്ത പോരിശകളും വല്ലാത്ത വാഴ്ത്തലുകളുമായി, മതവുമായി ബന്ധമില്ലാത്ത ഈ ക്വുബ്ബയെ ബഹുമാനിക്കപ്പെടേണ്ട മതചിഹ്നമാക്കി അവതരിപ്പിക്കുകയാണ് ഇക്കൂട്ടർ.

2023 ഒക്ടോബർ മാസത്തിൽ പുറത്തിറങ്ങിയ 'രിസാല' വാരികയുടെ രണ്ട് ലക്കങ്ങളിലായി 'ചരിത്രം പറയുന്ന പച്ച ക്വുബ്ബ,' 'മദീനയുടെ സുഗന്ധം' എന്നീ പേരുകളിൽ എഴുതപ്പെട്ട ലേഖനങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പിഴവുകൾക്ക് പ്രാമാണികമായ വ്യക്തത നൽകൽ അനിവാര്യമാണ്.

ലേഖകൻ എഴുതുന്നു: "മക്കയും മദീനയും കാണാൻ സൗഭാഗ്യം വേണമെന്നാണല്ലോ ചെറുപ്രായം മുതലേ കാലാകാലങ്ങളായി നമ്മൾ ദുആ ചെയ്യുക. അതേപ്പറ്റി സ്വപ്നം കാണുമ്പോൾ, ആഗ്രഹിക്കുമ്പോൾ കറുപ്പണിഞ്ഞ കൽപടവുള്ള കഅ്ബാലയവും പച്ചക്വുബ്ബയുമാണല്ലോ മനസ്സിൽ നിറയുക. കഅ്ബ കണ്ടാൽ സ്വാഭാവികമായും മനസ്സ് പച്ചക്വുബ്ബ കാണാൻ വെമ്പുമല്ലോ'' (രിസാല, 2023 ഒക്ടോബർ 18, പേജ് 12).

പവിത്രമാക്കപ്പെട്ട കഅ്ബയോട് തുല്യപ്പെടുത്താൻ മാത്രം വല്ല പ്രത്യേകതയും ഈ 'ക്വുബ്ബ'ക്ക് ഇസ്‌ലാം കൽപിച്ചിട്ടുണ്ടോ?

അല്ലാഹു പറയുന്നു: "തീർച്ചയായും മനുഷ്യർക്കു വേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാ മന്ദിരം ബക്കയിൽ ഉള്ളതത്രെ. (അത്) അനുഗൃഹീതമായും ലോകർക്ക് മാർഗദർശകമായും (നിലകൊള്ളുന്നു)" (3:96).

ഇരുലോകത്തും ഉപകാരം ലഭിക്കുന്നതിനും വലിയ ദൃഷ്ടാന്തങ്ങളിലൂടെ അല്ലാഹുവിനെ അറിയുന്നതിനും പ്രത്യേകമാക്കപ്പെട്ട ആരാധനകൾ നിർവഹിക്കപ്പെടുന്നതിനും ഉയർത്തപ്പെട്ട പരിശുദ്ധ കഅ്ബയോളം സ്ഥാനം ഈ പച്ചക്വുബ്ബക്ക് ഉണ്ടെന്ന് ആരാണു പറഞ്ഞത്? ഇവർ പറയുന്നതു കേട്ടാൽ തോന്നുക നബി(സ്വ)യുടെ കാലത്ത് പണികഴിച്ചതാണ് ഈ ക്വുബ്ബ എന്നും അതിന്റെ മഹത്ത്വം അവിടുന്ന് പഠിപ്പിച്ചിട്ടുണ്ട് എന്നുമാണ്. പ്രമാണങ്ങളും ചരിത്ര വസ്തുതകളും അംഗീകരിക്കുന്ന വിശ്വാസികൾക്ക് അതിന് സാധ്യമല്ല.

പച്ചക്ക്വുബ്ബയുടെ ചരിത്രത്തെ സംബന്ധിച്ച് മുസ്‌ലിയാർ പച്ചക്കള്ളം കാണുക: "തിരുനബിസ്നേഹത്തിന്റെ പ്രതീകമായ പച്ച ക്വുബ്ബക്ക്ഹിജ്റയോളം (പലായനം) പഴക്കമുള്ളചരിത്രംപറയാനുണ്ട്"(രിസാല, 2023 ഒക്ടോബർ 11, പേജ് 37).

മതവിഷയങ്ങളിലെ പ്രശ്ന പരിഹാരം സാധ്യമാകാനുള്ള ഏക വഴി പ്രമാണങ്ങളിലേക്ക് മടങ്ങുക എന്നതാണ്. അല്ലാഹു പറയുന്നു: "നിങ്ങൾ അഭിപ്രായ വ്യത്യാസക്കാരായിട്ടുള്ളത് ഏതു കാര്യത്തിലാവട്ടെ അതിൽ തീർപ്പുകൽപിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു. അവനാണ് എന്റെ രക്ഷിതാവായ അല്ലാഹു. അവന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു" (42:10).

ഇർബാദുബ്നു സാരിയ(റ)യിൽനിന്ന്; നബി(സ്വ) പറഞ്ഞു: "എനിക്കുശേഷം നിങ്ങളിൽനിന്ന് ആരെങ്കിലും ജീവിക്കുന്നുവെങ്കിൽ ധാരാളം അഭിപ്രായ വ്യത്യാസങ്ങൾ അവന് കാണാം. അപ്പോൾ എന്റെയും സച്ചരിതരായ ഖലീഫമാരുടെയും ചര്യയും നിങ്ങൾ മുറുകെ പിടിക്കുകയും അണപ്പല്ലു കൊണ്ട് അവ കടിച്ചുപിടിക്കുകയും ചെയ്യുക. പുതുതായി ഉണ്ടാക്കപ്പെട്ട കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കണം. അവയെല്ലാം വഴികേടാണ്" (തിർമുദി).

ഈ ക്വുബ്ബയെ സംബന്ധിച്ചുള്ള ചർച്ചകളിൽ അതിന്റെ പോരിശയും സവിശേഷതയും ബോധ്യപ്പെടുത്താൻ അരവാചകം പോലും പ്രമാണങ്ങളിൽനിന്ന് കാണിക്കാൻ ഇന്നുവരെ ഒരു മുസ്‌ലിയാർക്കും സാധിച്ചിട്ടില്ല! ഇതിന് ഹിജ്റയോളം പഴക്കമുണ്ടെന്ന നുണ പടച്ചുവിടുമ്പോൾ തെളിവ് ഹാജറാക്കാനുള്ള മര്യാദകൂടി കാണിക്കേണ്ടിയിരുന്നു.

**പച്ചക്ക്വുബ്ബയുടെ ചരിത്രം**

ചരിത്രപരമായി ഇതിന്റെ അവസ്ഥ എന്തെന്നു പരിശോധിക്കാം:

ഹിജ്റ 678ൽ സുൽത്വാൻ ഖലാവൂൻ അസ്സ്വാലിഹിയാണ് ആദ്യമായി ഇതുണ്ടാക്കിയത്. തുടക്കത്തിൽ മരത്തിന്റെ നിറവും പിന്നീട് വെള്ളയും നീലയും നിറങ്ങളും നൽകി.

അന്നാസ്വിർ ഹസൻ ബിൻ മു

ഹമ്മദ് ഖലാവൂന്റെ കാലത്താണ് താഴികക്കുടം പുതുക്കിയത്. തുടർന്ന് അൽഅശ്റഫ് ശാബാൻ ബിൻ ഹുസൈൻ ബിൻ മുഹമ്മദിന്റെ കാലത്ത് ലീഡ് പാനലുകൾ അവയുടെ സ്ഥാനത്തുനിന്ന് നീക്കം ചെയ്യുകയും പുതുക്കുകയും ശക്തമാക്കുകയും ചെയ്തു.

ഹിജ്റ 765ൽ അതിന് ഒരു തകരാർ സംഭവിച്ചു. ഹിജ്റ 881ൽ സുൽത്വാൻ ഖൈത്ബേയുടെ കാലത്ത് അത് നന്നാക്കി. ഹിജ്റ 886ൽ പ്രവാചക(സ്വ)ന്റെ മസ്ജിദിലെ രണ്ടാം തീപിടുത്തത്തിൽ പള്ളിയും താഴികക്കുടവും കത്തിനശിച്ചു. ഹിജ്റ 887ൽ സുൽത്വാൻ ഖൈത്ബെയുടെ ഭരണകാലത്ത് താഴികക്കുടം പുതുക്കിപ്പണിയുകയും അതിനായി വലിയ താങ്ങുകൾ നിർമിക്കുകയും ചെയ്തു. കുമ്മായം കൊണ്ട്, ഹിജ്റ 892ൽ വിപുലമായ രീതിയിൽ പൂർത്തിയാക്കി.

ഹിജ്റ 1253ൽ സുൽത്വാൻ അബ്ദുൽ ഹമീദ് അൽഉസ്മാനി മേൽപറഞ്ഞ താഴികക്കുടത്തിന് പച്ചനിറം നൽകാനുള്ള ഉത്തരവ് പുറപ്പെടുവിച്ചു. ആദ്യം താഴികക്കുടത്തിന് പച്ചനിറം നൽകിയത് അദ്ദേഹമാണ്. തുടർന്ന് അദ്ദേഹം വീണ്ടും ചായം പൂശുന്നത് തുടർന്നു. (ഫുസൂൽ മിൻ താരീഖിൽ മദീനതിൽ മുനവ്വറ, അലി ഹാഫിദ്).

ശിയാക്കൾ പ്രത്യേകതയും പരിശുദ്ധിയും കൽപിക്കുന്ന, അവരുടെ സദസ്സുകളിൽ ഉപയോഗിച്ചുവരുന്ന പച്ചനിറമാണ് ഖുബ്ബക്ക് വേണ്ടി തെരഞ്ഞെടുക്കപ്പെട്ടത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. സമസ്ത വിഭാഗങ്ങളുടെ കൊടിതോരണങ്ങളിലും വേഷവിധാനങ്ങളിലും മറ്റു അടയാളങ്ങളിലും ഈ നിറത്തിനുണ്ടായ സ്വാധീനം അവരുടെ ശിയാ സ്നേഹത്തെ തുറന്നു കാണിക്കുന്നതാണെന്നുകൂടി നാം ഓർക്കണം.

ചിന്തിക്കൂ! ഇത് മതചിഹ്നങ്ങളിൽ പെടുത്താൻ പറ്റുന്നതാണോ? ശിയാ സ്വാധീനത്താൽ രാജാക്കന്മാർ ചെയ്തുകൂട്ടിയ കാര്യങ്ങളെ മതമായി ഗണിക്കാൻ ശ്രമിക്കുന്നവർ ഏതു ഗണത്തിലാണ് ഉൾപെടുക?

**മദീനയിലെ മസ്ജിദുന്നബവിയിലെ പച്ചനിറത്തിലുള്ള ‘ക്വുബ്ബ’ ചൂണ്ടിക്കാട്ടി കപട ആത്മീയതയിലേക്ക് ജനങ്ങളെ ആകർഷിക്കാൻ സമസ്ത മുസ്‌ലിയാക്കന്മാർ പല കുതന്ത്രങ്ങളുമാണ് പയറ്റിക്കൊണ്ടിരിക്കുന്നത്. ഇല്ലാത്ത പോരിശകളും വല്ലാത്ത വാഴ്ത്തലുകളുമായി, മതവുമായി ബന്ധമില്ലാത്ത ഈ ക്വുബ്ബയെ ബഹുമാനിക്കപ്പെടേണ്ട മതചിഹ്നമാക്കി അവതരിപ്പിക്കുകയാണ് ഇക്കൂട്ടർ.**

അല്ലാഹു പറയുന്നു: “നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക...” (ക്വുർആൻ 59:7).

ക്വബ്റുകൾ ഒരു ചാണിലധികം പൊക്കരുതെന്നും അതിന്മേൽ എടുപ്പുണ്ടാക്കി ഉയർത്തരുതെന്നും നബി(സ്വ) ശക്തമായ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നാലു ഖലീഫമാർ ഈ നിലപാടിനെ കണിശമാക്കി. മദ്ഹബുകളുടെ ഇമാമുമാർ ഉൾപ്പെടെയുള്ള അഹ്‌ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാർ ഈ വിലക്കിനെ അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തുകയുണ്ടായി. പ്രാർഥനയും സുജൂദുമടക്കമുള്ള പ്രധാന ആരാധനകൾ സൃഷ്ടികളോട് നിർവഹിക്കപ്പെടാൻ ഹേതുവായ ജാറ സമ്പ്രദായം ലോകത്ത് തുടങ്ങിയത് ശിയാക്കളും അതിനെ വളർത്തി വലുതാക്കിയത് സൂഫികളുമാണ്. ആഇശ(റ)യിൽനിന്ന് നിവേദനം; നബി(സ്വ)പറഞ്ഞു: “ആരെങ്കിലും നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ) ഇല്ലാത്തത് പുതുതായി ഉണ്ടാക്കിയാൽ അത് തള്ളിക്കളയണം” (ബുഖാരി, മുസ്‌ലിം).

ഇസ്‌ലാമിന്റെ ചരിത്രകാലമായി എണ്ണപ്പെടുന്ന കാലഘട്ടത്തിൽ എന്തുകൊണ്ട് ഇപ്രകാരം സംഭവിച്ചു എന്ന് ഒരുപക്ഷേ, സംശയിച്ചേക്കാം. മിസ്ർ, ശാം പോലുള്ള നാടുകളിൽ ക്രൈസ്തവർ അവരുടെ ആരാധനാലയങ്ങൾക്ക് ഭംഗി നൽകുന്നതു കണ്ട ചില ഭരണാധികാരികൾ അവരെ അന്ധമായി അനുകരിച്ചു. നബി(സ്വ)യുടെ താക്കീതുകളെ കുറിച്ചുള്ള അജ്ഞത വലിയ പരീക്ഷണമാവുകയും മതകാര്യങ്ങളിൽ അതിരുവിടൽ വമ്പിച്ച വീഴ്ചയാവുകയും അന്യരുടെ ആചാരങ്ങളെ പിൻപറ്റൽ നാശകാരിയായ രോഗമാവുകയും ചെയ്തത് ഈ അന്ധവിശ്വാസത്തിലേക്കെത്താൻ കാരണമായി.

പുതുനിർമിതിയായ ഈ ക്വുബ്ബയിൽ പുത്തൻവാദികൾ പ്രിയം വെച്ചതും വഴികേടിന്റെ പണ്ഡിതന്മാർ ഇതിനെ ബഹുമാനിച്ചതും സാഹിത്യകാരന്മാർ നിരവധി ഗദ്യപദ്യങ്ങൾ ഇതിന്റെ മഹത്ത്വം പറയാൻ എഴുതിയതും കാരണം തടയാനും തകർക്കാനും കഴിയാതെ പിന്നീടു വന്ന നേതാക്കൾക്കിത് നിലനിർത്തേണ്ടിവന്നു എന്ന വസ്തുത കൂടി നാം മനസ്സിലാക്കണം.

നബി(സ്വ)ക്ക് അല്ലാഹു നൽകിയ മുന്നറിയിപ്പിനെ നാം ഭയക്കുക. അല്ലാഹു പറയുന്നു: “യഹൂദർക്കോ ക്രൈസ്തവർക്കോ ഒരിക്കലും നിന്നെപ്പറ്റി തൃപ്തിവരികയില്ല; നീ അവരുടെ മാർഗം പിൻപറ്റുന്നതുവരെ. പറയുക: അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർഥ മാർഗദർശനം. നിനക്ക് അറിവു വന്നുകിട്ടിയതിനുശേഷം അവരുടെ തന്നിഷ്ടങ്ങളെയെങ്ങാനും നീ പിൻപറ്റിപ്പോയാൽ അല്ലാഹുവിൽനിന്ന് നിന്നെ രക്ഷിക്കുവാനോ സഹായിക്കുവാനോ ആരുമുണ്ടാവില്ല” (2:120).

അബ്ദുല്ലാഹിബ്നു അബ്ബാസി(റ)ൽനിന്ന്; നബി(സ്വ) പറഞ്ഞു: “ജൂത-ക്രൈസ്തവർ അവരുടെ പ്രവാ

ചകന്മാരുടെ ഖബ്റുകൾ പള്ളികളാക്കിയതിനാൽ അല്ലാഹു അവരെ ശപിച്ചിരിക്കുന്നു. അവർ ചെയ്തതിന് താക്കീത് നൽകപ്പെട്ടു" (ബുഖാരി).

മുസ്‌ലിയാർ എഴുതുന്നു: "പച്ച ഖുബ്ബയിലേക്ക് നോക്കുന്നത് പുണ്യമാണെന്നാണ് കർമശാസ്ത്ര പണ്ഡിതരുടെ അഭിപ്രായം. അത്ര മാത്രം പവിത്രമാണത്. സൃഷ്ടി ശ്രേഷ്ഠരായ തിരുദൂതരുടെ(സ) ഖുബ്ബയാണ് എന്നതുതന്നെ കാരണം" (സുന്നിവോയ്സ്, 2023 ഒക്ടോബർ 11, പേജ് 37).

വ്യക്തമായ കബളിപ്പിക്കലാണ് മുസ്‌ലിയാർ ഇവിടെ നടത്തിയത്. ഖുബ്ബയിലേക്ക് നോക്കിയാൽ കൂലിയുണ്ടത്രെ! നബി(സ്വ)ക്കു ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് നിർമിക്കപ്പെട്ട ഖുബ്ബയിലേക്ക് നോക്കിയാൽ കൂലിയുണ്ടെന്ന് എങ്ങനെ മനസ്സിലായി? ആർക്കാണ് വഹ്‌യുകിട്ടിയത്?

കർമശാസ്ത്ര രംഗത്ത് അഹ്‌ലുസ്സുന്ന പരിഗണിക്കുന്ന പണ്ഡിതന്മാരിൽ ഒരാളും ഇങ്ങനെയൊരു കൂലി പ്രഖ്യാപിച്ചിട്ടില്ല! തെളിവില്ലാതെ അവരെങ്ങനെ പ്രഖ്യാപിക്കും? നന്മകളിൽ മുന്നേറിയ ഉത്തമ തലമുറയിൽപെട്ടവർ എവിടേക്ക് നോക്കിയാണ് പറയപ്പെട്ട കൂലി നേടിയിട്ടുണ്ടാവുക?

അല്ലാഹു പവിത്രത കൽപിക്കാത്ത ഒന്നിനെ ആ സ്ഥാനത്തേക്ക് ഉയർത്തൽ നിഷിദ്ധങ്ങളിലേക്ക് വാതിൽ തുറന്നു നൽകലാണ്. ഇതിന്റെ പവിത്രത പറയുന്ന ഒരു സൂചന നബി(സ്വ)യിൽനിന്ന് വന്നിട്ടുണ്ടെങ്കിൽ ആദരിക്കപ്പെടേണ്ട മതചിഹ്നങ്ങളുടെ മുൻനിരയിൽ ഇത് ഉണ്ടാകുമായിരുന്നു.

ശിയാ സൃഷ്ടിയായ ഈ ഖുബ്ബയെ നബി(സ്വ)യുടെ ഖുബ്ബയെന്ന് വിശേഷിപ്പിച്ചതിലൂടെ വലിയ കളവാണ് മുസ്‌ലിയാർ തട്ടിവിട്ടിരിക്കുന്നത്.

ജാബിറി(റ)ൽനിന്ന് നിവേദനം: "ഖബ്റിനുമേൽ കുമ്മായമടിക്കുന്നതും അതിന്മേൽ ഇരിക്കുന്നതും അതിന്റെ മുകളിൽ എടുപ്പുണ്ടാക്കുന്നതും നബി(സ്വ) വിരോധിച്ചിരിക്കുന്നു" (മുസ്‌ലിം).

നരകത്തിൽ ഇരിപ്പിടം ഉറപ്പാക്കുന്ന പ്രവർത്തനമാണ് നബി(സ്വ)യുടെ പേരിൽ കളവു പറയൽ. ഇക്കാര്യം ഇവർ തിരിച്ചറിയുന്നത് നല്ലതാണ്. വസ്തുതകളെ മറച്ചുവെച്ച് ഇല്ലാക്കഥ മെനയുന്നവർ ശുഐബ് നബി(അ) തന്റെ ജനതയോട് പറഞ്ഞത് ഓർക്കുന്നത് നല്ലതാണ്.

"നിങ്ങളെ ഞാൻ ഒരു കാര്യത്തിൽനിന്ന് വിലക്കുകയും എന്നിട്ട് നിങ്ങളിൽനിന്ന് വ്യത്യസ്തനായിക്കൊണ്ട് ഞാൻതന്നെ അത് പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഞാൻ ഉദ്ദേശിക്കുന്നുമില്ല..." (ക്വുർആൻ 11:88)

കേരളത്തിൽ മക്ബറ വ്യവസായം കൊഴുപ്പിക്കാൻ പുരോഹിതന്മാർ ഈ ഖുബ്ബയെ കൂട്ടുപിടിക്കുന്നത് കാണുക: "ഉസ്താദിനെ സംബന്ധിച്ചിടത്തോളം തന്റെ ശൈഖുമായുള്ള ഫനാഇന്റെ പ്രതിഫലനമായിരുന്നു ഇന്ന് മലമുകളിലെ കൊടിമരമെന്നും അതിന്റെ ശേഷമുള്ള നബി(സ) തങ്ങളിലുള്ള ഫനാഇന്റെ ഘട്ടത്തിലാണ് മദീന മുനവ്വറയിലെ ഖുബ്ബയോട് സാദൃശ്യമുള്ള, തന്റെ പള്ളിയുടെ ഖുബ്ബയുടെ പണി നിർവ്വഹിച്ചതെന്നും മനസ്സിലാക്കാം. മദീന മുനവ്വറയിലെ ഖുബ്ബയിലുള്ള കൊത്തുപണികളും ചിഹ്നങ്ങളും ഈ ഖുബ്ബയിൻമേൽ ഞാൻ ഉല്ലേഖനം ചെയ്യിട്ടുണ്ട് എന്ന് ഉസ്താദ് പറഞ്ഞിട്ടുണ്ട്. റസൂലുമായുള്ള അതിയായ മഹബ്ബത്തിന്റെ പ്രകടനമാണ് ഈ ഖുബ്ബ" (ഔലിയാഇൽ രാജകിളി; തൃപ്പനച്ചി ഉസ്താദ്, പേജ് 200).

മക്കയെക്കാൾ മദീനക്കും കഅ്ബയെക്കാൾ പച്ചക്കുബ്ബക്കും പ്രാമുഖ്യം നൽകുന്ന ശിയാക്കളെയും സൂഫികളെയും അനുഗമിക്കുന്നവർക്ക് മാത്രമെ ഇങ്ങനെയൊക്കെ വിശ്വസിക്കാനാകൂ. പച്ചയില്ലെങ്കിൽ ജാറമില്ല എന്നതിനാൽ മിക്ക ജാറങ്ങളും അലങ്കരിക്കപ്പെട്ടിരിക്കുന്നത് ഈ നിറത്താലാണ്. ഇതെല്ലാം സമൂഹത്തെകൊണ്ട് വിശ്വസിപ്പിക്കുന്ന ഇവർ ഹജ്ജിന്റെയും ഉംറയുടെയും വേളകളിൽ അവയുടെ നിബന്ധനകളിൽപെടാത്ത മദീന സന്ദർശനം പറഞ്ഞ് ജനങ്ങളെ പറ്റിക്കുന്നതിലെല്ലാം ഒളിഞ്ഞുകിടക്കുന്നത് ശിയാഇസം തന്നെയാണ്.

പ്രാമാണികമായി ഇത്തരം പുത്തനാശയങ്ങളെ ചോദ്യം ചെയ്യുമ്പോൾ അതിനെതിരെ ശബ്ദിക്കുന്ന പുരോഹിതന്മാർ അല്ലാഹുവിന്റെ കൽപനകളെ ശ്രദ്ധിക്കുന്നതാണ് നല്ലത്. അല്ലാഹു പറയുന്നു:

"(നബിയേ,) പറയുക: അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങൾ ഞങ്ങളോട് തർക്കിക്കുകയാണോ? അവൻ ഞങ്ങളുടെയും നിങ്ങളുടെയും രക്ഷിതാവാണല്ലോ. ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കർമ(ഫല)ങ്ങളാണ്. നിങ്ങൾക്കുള്ളത് നിങ്ങളുടെ കർമ(ഫല)ങ്ങളും. ഞങ്ങൾ (ആരാധന മുഴുവൻ) അവനുവേണ്ടി മാത്രമാക്കിയവരാകുന്നു'' (ക്വുർആൻ 2:139).

**മക്കയെക്കാൾ മദീനക്കും കഅ്ബയെക്കാൾ പച്ചക്കുബ്ബക്കും പ്രാമുഖ്യം നൽകുന്ന ശിയാക്കളെയും സൂഫികളെയും അനുഗമിക്കുന്നവർക്ക് മാത്രമെ ഇങ്ങനെയൊക്കെ വിശ്വസിക്കാനാകൂ. പച്ചയില്ലെങ്കിൽ ജാറമല്ല എന്നതിനാൽ മിക്ക ജാറങ്ങളും അലങ്കരിക്കപ്പെട്ടിരിക്കുന്നത് ഈ നിറത്താലാണ്. ഇതെല്ലാം സമൂഹത്തെകൊണ്ട് വിശ്വസിപ്പിക്കുന്ന ഇവർ ഹജ്ജിന്റെയും ഉംറയുടെയും വേളകളിൽ അവയുടെ നിബന്ധനകളിൽപെടാത്ത മദീന സന്ദർശനം പറഞ്ഞ് ജനങ്ങളെ പറ്റിക്കുന്നതിലെല്ലാം ഒളിഞ്ഞുകിടക്കുന്നത് ശിയാഇസം തന്നെയാണ്.**

# ഇസ്‌ലാം: വിമർശന ശരങ്ങളിൽ തളരാതെ

**മുജീബ് ഒട്ടുമ്മൽ**
:97444 31890

അമേരിക്കയിലെ വെർമോണ്ട് യൂണിവേഴ്സിറ്റി ക്യാമ്പസിന് സമീപം കഴിഞ്ഞ ആഴ്ചയിൽ  ഹിശാം അവർത്താനി, തഹ്സീൻ അഹ്മദ്, കിന്നൻ അബ്ദുൽ ഹമീദ് എന്നീ മൂന്ന് ഫലസ്തീൻ വിദ്യാർഥികൾക്ക് അജ്ഞാതന്റെ വെടിയേൽക്കുകയുണ്ടായി. അക്രമത്തെ അപലപിച്ചുകൊണ്ട് വെർമോണ്ട് സെനറ്ററും മുൻ ഡെമോക്രാറ്റ് പ്രസിഡന്റ് സ്ഥാനാർഥിയുമായ ബെർണി സാന്റേഴ്സ്  ഇങ്ങനെ പ്രസ്താവിച്ചു: “വെർമോണ്ടിലെ ബർലിംഗ്ടണിൽ മൂന്ന് ഫലസ്തീൻ യുവാക്കൾക്കൾക്ക് വെടിയേറ്റത് ഞെട്ടിപ്പിക്കുന്നതും ആഴത്തിൽ അസ്വസ്ഥമാക്കുന്നതുമാണ്. വിദ്വേഷത്തിന് ഇവിടെയും എവിടെയും സ്ഥാനമില്ല.”



“തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്” (ഹിജ്ർ 9).

**അധികാരവും ആയുധങ്ങളും ആൾബലവും ആശയവിമർശനവും കൊണ്ട് ഇസ്‌ലാമിനെ താറടിച്ച് കാണിക്കാനുള്ള സ്വാർഥതാൽപര്യക്കാരുടെ പരിശ്രമങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. പക്ഷേ, പ്രതിലോമകരമായ പ്രതിരോധങ്ങൾക്കിടയിലും അഭൂതപൂർവമായ വളർച്ചയാണ് ഇസ്‌ലാമിനുണ്ടായിട്ടുള്ളത് എന്നതിന് ചരിത്രം സാക്ഷിയാണ്.**

2011 ജൂലൈ 22ന് നോർവേയിലെ ഓസ്‌ലോയിൽവച്ച് ആൻഡേഴ്സ് ബെഹ്റിംഗ് ബ്രെയ്വിക്ക് എന്ന വലതുപക്ഷ ക്രിസ്ത്യൻ തീവ്രവാദി മുസ്‌ലിംകളെ ലക്ഷ്യമാക്കി നഗരത്തിൽ ബോംബുസ്ഫോടനവും തൊട്ടടുത്ത ഒട്ടോയ ദ്വീപിൽ വെടിവയ്പ്പും നടത്തുകയുണ്ടായി. എഴുപത്തിയാറോളം മനുഷ്യരാണ് ബ്രെയ്വിക്കിന്റെ ഇസ്‌ലാം വിരുദ്ധ ഭീകര പ്രവർത്തനത്തിന് ഇരയായി പിടഞ്ഞുവീണു മരിച്ചത്. സയണിസ്റ്റുകളെ കൂട്ടുപിടിച്ച് മുസ്‌ലിംകളെ യൂറോപ്പിൽനിന്ന് തുരത്തണമെന്ന് ഏറെ നാളായി വാദിച്ചുകൊണ്ടിരുന്ന സാമ്രാജ്യത്വ പക്ഷപാതിയായിരുന്നു ഇയാൾ.



**ലോകത്തിന്റ നാനാഭാഗങ്ങളിലും ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ വ്യാപകമായ അക്രമങ്ങളും വിമർശനങ്ങളും അരങ്ങുവാഴുകകയാണ്. സമൂഹത്തിലെ രാഷ്ട്രീയവും സാമൂഹികവുമായ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ നേതാക്കൾ നിഷ്പക്ഷത പുലർത്തിയും അക്രമങ്ങളെ ശക്തമായി അപലപിച്ചും വിയോജിപ്പുകൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രവണതയും എക്കാലത്തുമുണ്ടായിട്ടുണ്ട്.**

ലോകത്തിന്റ നാനാഭാഗങ്ങളിലും ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ വ്യാപകമായ അക്രമങ്ങളും വിമർശനങ്ങളും അരങ്ങുവാഴുകയാണ്. സമൂഹത്തിലെ രാഷ്ട്രീയവും സാമൂഹികവുമായ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ നേതാക്കൾ നിഷ്പക്ഷത പുലർത്തിയും അക്രമങ്ങളെ ശക്തമായി അപലപിച്ചും വിയോജിപ്പുകൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രവണതയും എക്കാലത്തുമുണ്ടായിട്ടുണ്ട്.

1948 ജനുവരി 30ന് ഡൽഹിയിലെ രണ്ട് മുസ്‌ലിം നേതാക്കളായിരുന്ന മൗലാനാ ഹിഫ്സു റഹ്മാനും മൗലാനാ അഹ്മദ് സൈനും മഹാത്മാ ഗാന്ധിയെ സന്ദർശിക്കുകയുണ്ടായി. ഡൽഹിയിലെ മുസ്‌ലിംകൾ സുരക്ഷിതരാണോ എന്നായിരുന്നു ഗാന്ധി അവരോട് അന്വേഷിച്ചിരുന്നത്. മുസ്‌ലിംകൾക്കെതിരെ കലാപമുയർത്തി അവരെ ഉൻമൂലനം ചെയ്യാനുള്ള ശ്രമത്തിനെതിരെ സമാധാനത്തിനായി ഒരു വർഷക്കാലം ശബ്ദമുയർത്തിയതിനു ശേഷം തന്റെ ആശ്രമത്തിലേക്ക് പോകാൻ തയ്യാറായി നിൽക്കെയാണ് ഗാന്ധിജി അവരോട് ഇങ്ങനെ ചോദിച്ചത്. 125 വർഷക്കാലമെങ്കിലും ജീവിക്കണമെന്ന തന്റെ ആഗ്രഹം ഒരിക്കൽ പ്രകടിപ്പിച്ച ഗാന്ധിജി, മുസ്‌ലിം സമുദായത്തിനു നേരെയുള്ള വർഗീയ കോമരങ്ങളുടെ ആക്രമണത്തിൽ മനസ്സ് മരവിച്ച് പോയപ്പോൾ 'ഇപ്പോഴും ജീവിച്ചിരിക്കുന്നതിൽ ഞാൻ ലജ്ജിക്കുന്നു' എന്ന് പറയുകയുണ്ടായി.

1095 നവംബർ 28ന് പോപ്പ് അർബൻ രണ്ടാമൻ ജറൂസലേം പോലുള്ള വിശുദ്ധ പ്രദേശങ്ങൾ മുസ്‌ലിം ഭരണാധികാരികളിൽനിന്ന് മോചിപ്പിക്കാനാഹ്വാനം ചെയ്തുകൊണ്ട് നടത്തിയ പ്രഭാഷണം കാരണമായി ക്രിസ്ത്യൻ രാജാക്കൻമാർ മതാന്ധതയുടെ വന്യത മുറ്റിനിന്ന കുരിശ് പടയോട്ടങ്ങൾക്ക് ആരംഭം കുറിക്കുകയുണ്ടായി. ശരീരത്തിൽ, കുരിശ് തുന്നിയ കുപ്പായവും ചുണ്ടിൽ ബൈബിൾ മന്ത്രങ്ങളും കൈയിൽ ആയുധങ്ങളുമായി പോപ്പിന്റെ പടയാളികൾ രണ്ടു നൂറ്റാണ്ടുകാലം മുസ്‌ലിം നാടുകളിൽ ചോര ചിന്തിയ കാപാലികത്വമായിരുന്നു ഈ കുരിശുയുദ്ധം. ബഹുദൈവാരാധകരായ മുഹമ്മദൻമാരെ കൊല്ലുന്നത് കർത്താവിന് ഇഷ്ടമാണെന്നും മുസ്‌ലിം രക്തം ചാലിട്ടൊഴുകുന്നത് സത്യക്രിസ്ത്യാനികളിൽ യാതൊരുവിധ മനഃസ്താപവും സൃഷ്ടിക്കേണ്ടതില്ലെന്നും സമർഥിക്കുന്ന പുരോഹിത പ്രഭാഷണങ്ങളുണ്ടാക്കിയ പ്രശ്നങ്ങൾ ക്രൂരതകളുടെ കൂത്തരങ്ങായി ഇന്നും ചരിത്രം ഓർമിപ്പിക്കുന്നു. കുരിശ് പടയോട്ടത്തിൽ മുസ്‌ലിം വിരുദ്ധതയും ഇസ്‌ലാം വെറിയും മാനസികരോഗമായി യൂറോപ്യൻമാരിൽ പടർന്നുപിടിച്ചിട്ടുണ്ട്. മുസ്‌ലിം സാന്നിധ്യത്തിന്റ വേരറുക്കാനും 'പടിഞ്ഞാറൻ സംസ്കാരത്തിന്റെ വിശുദ്ധി' കാത്തുസൂക്ഷിക്കാനും പ്രത്യേകമായ പ്രചാരണങ്ങളിലൂടെ ജനങ്ങളുടെ മനസ്സിനെ പാകപ്പെടുത്തിയിട്ടുണ്ട്. ഇസ്‌ലാംവിരുദ്ധത മനസ്സുകളിൽ വളർത്തിയെടുക്കാൻ അവസരങ്ങൾ സൃഷ്ടിക്കുകയും അത് ഉപയോഗപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തുകയും ചെയ്യുകയായിരുന്നു അവർ.



**ശരീരത്തിൽ, കുരിശ് തുന്നിയ കുപ്പായവും ചുണ്ടിൽ ബൈബിൾ മന്ത്രങ്ങളും കൈയിൽ ആയുധങ്ങളുമായി പോപ്പിന്റെ പടയാളികൾ രണ്ടു നൂറ്റാണ്ടുകാലം മുസ്‌ലിം നാടുകളിൽ ചോര ചിന്തിയ കാപാലികത്വമായിരുന്നു ഈ കുരിശുയുദ്ധം. ബഹുദൈവാരാധകരായ മുഹമ്മദൻമാരെ കൊല്ലുന്നത് കർത്താവിന് ഇഷ്ടമാണെന്നും മുസ്‌ലിം രക്തം ചാലിട്ടൊഴുകുന്നത് സത്യക്രിസ്ത്യാനികളിൽ യാതൊരുവിധ മനഃസ്താപവും സൃഷ്ടിക്കേണ്ടതില്ലെന്നും സമർഥിക്കുന്ന പുരോഹിത പ്രഭാഷണങ്ങളുണ്ടാക്കിയ പ്രശ്നങ്ങൾ ക്രൂരതകളുടെ കൂത്തരങ്ങായി ഇന്നും ചരിത്രം ഓർമിപ്പിക്കുന്നു.**

2015 ജനുവരി 7ന് 'ഷാർലി എബ്ദോ' എന്ന ഫ്രഞ്ച് മാസികയ്ക്കുനേരെ നടന്ന ആക്രമണം ദശലക്ഷക്കണക്കിന് യൂറോപ്യൻമാരെ മുസ്‌ലിംകൾക്കെതിരെ ആക്രമണത്തിന് പ്രേരിപ്പിക്കാനുള്ള വാതിൽ തുറക്കുകയായിരുന്നു. 'നാം ഒരു യുദ്ധത്തെയാണ് അഭിമുഖീകരിക്കുന്നത്' എന്നാണ് ഫ്രഞ്ച് പ്രസിഡന്റ് ഫ്രാൻസോ ഒലാന്റ് പറഞ്ഞിരുന്നത്. സെപ്തംബർ 11ന്റെ ആക്രമണത്തിന് സമാനമായ ആക്രമണമാണ് ഫ്രാൻസ് നേരിടുന്നതെന്ന് എഴുത്തുകാരും അവരുടെ തൂലികകളിലൂടെ വിഷം പ്രസരിച്ചുകൊണ്ടിരുന്നു. അതിനുശേഷം മുസ്‌ലിംകളെ മാത്രം ലക്ഷ്യമാക്കി നിരവധി പ്രഖ്യാപനങ്ങൾ ഫ്രഞ്ച് പ്രസിഡന്റായിരുന്ന ഇമ്മാനുവൽ മക്രോൺ നടത്തിയിരുന്നു. മുസ്‌ലിം ഗ്രൂപ്പുകൾക്കുള്ള വിദേശ സാമ്പത്തിക സഹായം സ്വീകരിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി,


പള്ളികളിലെ ഇമാമുമാർക്ക് പരീക്ഷ ഏർപെടുത്തി. വിദേശത്തുനിന്ന് ഇമാമുമാരെ സ്വീകരിക്കുന്നതിന് വിലക്കേർപ്പെടുത്തി. ജനങ്ങളാണെങ്കിൽ മുസ്‌ലിം അടയാളങ്ങൾക്കെതിരെപോലും അക്രമാസക്തരായി. പള്ളികൾക്കുനേരെയുള്ള ആക്രമണങ്ങൾ തുടർക്കഥയായി. പള്ളിവാതിലുകളിൽ പന്നികളുടെ തലകൾ തൂക്കി മുസ്‌ലിംകളെ പ്രകോപിപ്പിച്ചുകൊണ്ടിരുന്നു.

പടിഞ്ഞാറൻ രാജ്യങ്ങളിൽ വ്യാപകമായ ആക്രമണങ്ങൾക്ക് മുസ്‌ലിംകൾ വിധേയരായിക്കൊണ്ടിരുന്നു. ന്യൂസിലാന്റിലെ അന്നൂർ പള്ളിയിൽ ആരാധന നടത്തിക്കൊണ്ടിരിക്കുന്നവർക്കെതിരെ വെടിയുതിർത്ത ബ്രണ്ടന്റ് ടാറന്റ് എന്ന നാസികനായ ഭീകരവാദിയും നോർത്ത് കരോലിനയിലെ കറുത്ത വർഗക്കാരുടെ പള്ളിയിൽ വെടിവയ്പ്പ് നടത്തിയ ഡിലൻ റൂഫ് എന്ന തീവ്രവാദിയുമെല്ലാം ഇസ്‌ലാം വെറുപ്പ് മനസ്സിൽ തളിരിട്ടതിന്റെ പ്രതിഫലനങ്ങളാണ്. ആയുധബലവും അധികാരവും സാമ്പത്തിക ശക്തിയുമെല്ലാം ഉപയോഗിച്ച് ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഭൂമിയിൽനിന്നുതന്നെ തുടച്ചുമാറ്റാനുള്ള ശ്രമങ്ങളാണ് ഇതല്ലാം. എന്നിട്ടും ഒരു ചാഞ്ചല്യവുമില്ലാതെ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഇസ്‌ലാമിന്റ മാസ്മരികതയിൽ എന്തുകൊണ്ടാണ് അത്ഭുതം തോന്നാത്തത്? മനസ്സിരുത്തി നിഷ്പക്ഷ പഠനത്തിന് പ്രേരിപ്പിക്കപ്പെടാൻ ഇനിയും എന്തല്ലാം അത്ഭുതങ്ങൾ നാം കാണണം?

### സാംസ്കാരികാധിനിവേശ ശ്രമങ്ങൾ

ആയുധങ്ങളും ആൾബലങ്ങളും അധികാരവുംകൊണ്ട് ഇസ്‌ലാമിനെ ഉൻമൂലനം ചെയ്യാൻ ലോകത്ത് ശ്രമങ്ങൾ നടക്കുന്നതുപോലെതന്നെ സാംസ്കാരിക അധിനിവേശത്തിലൂടെ ഇസ്‌ലാമിക ദർശനത്തെ തകർക്കാനുള്ള ശ്രമങ്ങളുമുണ്ട്. സാമ്രാജ്യത്വം അതിന് വെള്ളവും വളവും നൽകി യഥേഷ്ടം പരിപാലിക്കുകയും പ്രകോപനം പോലെത്തന്നെ പ്രലോഭനവും പ്രീണനവും മാർഗമായി സ്വീകരിച്ചുകൊണ്ട് സാംസ്കാരികാധിനിവേശത്തിന് കരുക്കൾ നീക്കുന്നുമുണ്ട്. മാധ്യമങ്ങളെയും സാങ്കേതികവിദ്യകളെയും അതിനായി ധാരാളമായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇസ്‌ലാം വെറുപ്പ് മനസ്സുകളിൽ വിതറാൻ നട്ടാൽ മുളക്കാത്ത നുണകൾ ആവർത്തിച്ച് റിപ്പോർട്ട് ചെയ്തുകൊണ്ടാണ് മാധ്യമങ്ങൾ ആഘോഷിക്കുന്നത്. പടിഞ്ഞാറൻ മാധ്യമങ്ങൾ ലോകത്തെ ജനങ്ങളുടെ പൊതുബോധത്തെ അപഹരിച്ചുകൊണ്ടാണ് സമാധാനത്തിന്റ സന്ദേശമായ ഇസ്‌ലാമിന് സംഘർഷങ്ങളുടെയും ഭീകരതയുടെയും വർണങ്ങൾ നൽകാൻ ശ്രമിക്കുന്നത്. കോടിക്കണക്കിന് മനുഷ്യരെ നിഷ്കരുണം കൊന്നുതള്ളിയ പടിഞ്ഞാറൻ സംസ്കാരത്തിന് മാനവികതയുടെ പുറംമോടി നൽകുന്നതും മാധ്യമങ്ങൾ തന്നെയാണ്.

**ഇസ്‌ലാം വെറുപ്പ് മനസ്സുകളിൽ വിതറാൻ നട്ടാൽ മുളക്കാത്ത നുണകൾ ആവർത്തിച്ച് റിപ്പോർട്ട് ചെയ്തുകൊണ്ടാണ് മാധ്യമങ്ങൾ ആഘോഷിക്കുന്നത്. പടിഞ്ഞാറൻ മാധ്യമങ്ങൾ ലോകത്തെ ജനങ്ങളുടെ പൊതുബോധത്തെ അപഹരിച്ചുകൊണ്ടാണ് സമാധാനത്തിന്റ സന്ദേശമായ ഇസ്‌ലാമിന് സംഘർഷങ്ങളുടെയും ഭീകരതയുടെയും വർണങ്ങൾ നൽകാൻ ശ്രമിക്കുന്നത്. കോടിക്കണക്കിന് മനുഷ്യരെ നിഷ്കരുണം കൊന്നുതള്ളിയ പടിഞ്ഞാറൻ സംസ്കാരത്തിന് മാനവികതയുടെ പുറംമോടി നൽകുന്നതും മാധ്യമങ്ങൾ തന്നെയാണ്.**




മക്കയിലെ ഏറ്റവും വലിയ, പ്രവാചക ശത്രുവായിരുന്ന അബൂജഹൽ പ്രവാചകനെക്കുറിച്ച് പറഞ്ഞതിങ്ങനെയാണ്: "മുഹമ്മദ് കള്ളനാണെന്നോ മോശപ്പെട്ടവനാണെന്നോ എനിക്കഭിപ്രായമില്ല, എന്നാൽ അവൻ കൊണ്ടുവന്ന ആശയം, അത് കളവാണ്! അതിനോടാണ് ഞങ്ങളുടെ എതിർപ്പ്.' എല്ലാ മുസ്‌ലിംകളും തീവ്രവാദികളാണെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല, എന്നാൽ എല്ലാ തീവ്രവാദികളും മുസ്‌ലിംകളാണെന്നു പറഞ്ഞ് ഇസ്‌ലാം വിരോധികൾ അബൂജഹ്ലിന്റെ വാക്കുകൾ ആവർത്തിച്ചു

**ഇസ്‌ലാമിനെയും പൗരസ്ത്യ സംസ്കാരങ്ങളെയും നിഷ്പക്ഷമായ പഠനങ്ങളിൽനിന്ന് തടയാനാണ് ഓറിയന്റലിസം ശ്രമിച്ചിട്ടുള്ളത്. ഇവരെ തിരസ്കരിച്ചുകൊണ്ടുള്ള സ്വതന്ത്രമായ ഇസ്‌ലാം പഠനത്തെ അവിശ്വസനീയം എന്ന് മുദ്രകുത്തി സംശയത്തിന്റ പുകമറ സൃഷ്ടിക്കുന്നതും ഇവയുടെ ശൈലിയാണ്. ന്നതും ഇവയുടെ ശൈലിയാണ്. ആധുനിക യുഗത്തിൽ എല്ലാ സാധ്യതകളെയും ഉപയോഗപ്പെടുത്തി ഇസ്‌ലാമിനെ ആക്രമിക്കുന്നത് തുടർക്കഥയാണ്.**



കൊണ്ടിരിക്കുന്നുവെന്നതാണ് സത്യം. റോമൻ സാമ്രാജ്യത്തിന്റെ അധിനിവേശ പ്രദേശങ്ങളിലെ ജന ഹൃദയങ്ങളിലേക്ക് ഇസ്‌ലാമിന്റെ സമാധാനസന്ദേശം കുളിർത്തെന്നലായി പടർന്നുകയറിയപ്പോൾ പതറിയ റോമൻ സാമ്രാജ്യം നുണപ്രചാരണങ്ങളിൽ അഭയം തേടുകയായിരുന്നു. അവരുടെ രചനകളിലൂടെയും കൃതികളിലൂടെയും ശക്തമായ ആക്രമണത്തിന് മുതിരുകയായിരുന്നു. അന്തിക്രിസ്തുവിന് വഴിയൊരുക്കാൻ വന്ന പൈശാചിക വ്യക്തിത്വമായി പ്രവാചകനെ തെറ്റിദ്ധരിപ്പിക്കാൻ അവർ ശ്രമിച്ചു. റോമിന്റ മത, സാംസ്കാരിക, രാഷ്ട്രീയ പൈതൃകത്തെ ഉപജീവിച്ച യൂറോപ്യൻ രാഷ്ട്രങ്ങളെല്ലാം ഇസ്‌ലാംവിരുദ്ധതയിലും അവരെയാണ് പിന്തുടർന്നിട്ടുള്ളത്.

കൊളോണിയൽ യൂറോപ്പിന്റെ രാഷ്ട്രീയ സന്തതിയായിരുന്ന ഓറിയന്റലിസം ഇസ്‌ലാമിനെ മിത്തുകൾ പ്രചരിപ്പിച്ചുകൊണ്ട് സാംസ്കാരികമായി തകർക്കാൻ ശ്രമിച്ച പ്രസ്ഥാനമാണ്. ഇസ്‌ലാമിനെയും പൗരസ്ത്യ സംസ്കാരങ്ങളെയും നിഷ്പക്ഷമായ പഠനങ്ങളിൽനിന്ന് തടയാനാണ് ഓറിയന്റലിസം ശ്രമിച്ചിട്ടുള്ളത്. ഇവരെ തിരസ്കരിച്ചുകൊണ്ടുള്ള സ്വതന്ത്രമായ ഇസ്‌ലാം പഠനത്തെ അവിശ്വസനീയം എന്ന് മുദ്രകുത്തി സംശയത്തിന്റ പുകമറ സൃഷ്ടിക്കുന്നതും ഇവയുടെ ശൈലിയാണ്. ആധുനിക യുഗത്തിൽ എല്ലാ സാധ്യതകളെയും ഉപയോഗപ്പെടുത്തി ഇസ്‌ലാമിനെ ആക്രമിക്കുന്നത് തുടർക്കഥയാണ്.

2012ൽ ഇംഗ്ലീഷിലും അറബിയിലും യൂട്യൂബിലേക്ക് അപ്‌ലോഡ് ചെയ്യപ്പെട്ട 'ഇന്നസെൻസ് ഓഫ് മുസ്‌ലിംസ്' എന്ന പതിനാലു മിനുട്ട് ദൈർഘ്യമുള്ള അമേരിക്കൻ ചലച്ചിത്ര ട്രൈലർ മുഹമ്മദ് നബി (സ)യുടെ സംക്ഷിപ്ത ജീവിതമാണെന്ന് അവകാശപ്പെട്ടുകൊണ്ട് പ്രവാചകനെ വിഡ്ഢിയും അധികാരമോഹിയും ശിശുരതിക്കാരനും സ്ത്രീലംബടനും രക്തദാഹിയും അസഹിഷ്ണുവും പൂർവവേദങ്ങളെ വളച്ചൊടിക്കുന്നവനും കള്ളനുമായി ചിത്രീകരിക്കുന്നു! പടിഞ്ഞാറൻ സംസ്കാരത്തിന്റെ അപ്പോസ്തലരെന്ന് വീമ്പുപറയുന്നവർ സത്യത്തിനു നിരക്കാത്ത ക്രൂരമായ ആരോപണങ്ങൾ പ്രവാചകനു നേരെ പടച്ചുവിടുകയാണ്. 2005ൽ ഡെൻമാർക്കിലെ 'ജില്ലാൻഡ് പോസ്റ്റൺ' പത്രം പ്രവാചകനെ ഭീകരവാദിയായി അധിക്ഷേപിച്ചുകൊണ്ട് വൃത്തികെട്ട കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചു. 2008ൽ അമ്പതോളം യൂറോപ്യൻ പത്രങ്ങൾ നികൃഷ്ടമായ ആ ഡാനിഷ് കാർട്ടൂണുകൾ പുനഃപ്രസിദ്ധീകരിച്ചുകൊണ്ട് പ്രവാചകനോടുള്ള വെറുപ്പും വിദ്വേഷവും തീർത്തു. 2012 സെപ്റ്റംബർ അവസാനം 'ഷാർളി എബ്ദോ' എന്ന ഫ്രഞ്ച് മാസിക പ്രവാചകനെ നഗ്നനായി ചിത്രീകരിച്ചുകൊണ്ടുള്ള കാർട്ടൂൺ പ്രസിദ്ധീകരിച്ചു. കാത്തലിക് എൻസൈക്ലോപീഡിയ ഡോക്ടർ ഓർ ചർച്ച് എന്ന അപരാഭിധാനംകൊണ്ട് ആദരിച്ചിട്ടുള്ള പ്രശസ്ത ക്രിസ്തുമത പണ്ഡിതൻ ജോൺ ഓഫ് ഡമാസ്കസ് പ്രവാചകൻ മുഹമ്മദ് മസീഹുദ്ദജ്ജാലിന് വഴിയൊരുക്കാൻ വന്നവനാണെന്ന് പരിഹസിക്കുകയുണ്ടായി. കൊർദോവക്കാരനായ പാതിരി അൽവോറോസ് പൗലോസ് മുഹമ്മദ് നബിയാണ് മസീഹുദ്ദജ്ജാൽ എന്ന് പരിഹസിക്കുകയുണ്ടായി.

ഇസ്‌ലാം ഒരു പ്രാകൃത ഗോത്രവർഗ സംസ്കൃതിയും മുഹമ്മദ് നബി(സ) അതിന്റ അപരിഷ്കൃതനും ആയുധധാരിയുമായ ഗോത്രത്തലവനുമാണെന്ന, വെള്ളക്കാരന്റെ ഉപബോധത്തിൽ പതിഞ്ഞത് അങ്ങനെയാണ്. കുരിശുയുദ്ധങ്ങൾ അവസാനിച്ചതിനുശേഷവും യഥാർഥ്യവുമായി പുലബന്ധം പോലുമില്ലാത്ത, ഇസ്‌ലാം വിമർശനങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരുന്നു. മധ്യകാല യൂറോപ്പിൽ വികൃതമായ ഇസ് ലാം ധാരണകളാണ് വ്യാപകമായി പ്രചരിച്ചത്. ഇസ്‌ലാം വിരുദ്ധരായ പടിഞ്ഞാറൻ ബുദ്ധിജീവികൾ അതിനായി വ്യത്യസ്ത മാർഗങ്ങൾ കണ്ടെത്തുകയും അവയെ ഇതിനായി ഉപയോഗപ്പെടുത്തുകയും ചെയ്തു. പ്രവാചക പത്നിയായ മഹതി സ്വഫിയ്യ(റ)യെ കേന്ദ്രകഥാപാത്രമാക്കി അവതരിപ്പിച്ച ബോണിയറുടെ കവിതാ നാടകം യൂറോപ്പിൽ ഇസ്‌ലാം വെറുപ്പിന് നിദാനമായിരുന്നു.

പിന്നീട് കൊളോണിയലിസം മുസ്‌ലിം ലോകത്ത് ശക്തമായ അധി

നിവേശം ഉറപ്പിക്കുന്ന സാഹചര്യമുണ്ടായി. അൾജിയേഴ്സും ഏഡനും ഈജിപ്തും സുഡാനും ലിബിയയും മൊറോക്കോയുമെല്ലാം ഫ്രഞ്ച്, ബ്രിട്ടീഷ് കോളണികളായി മാറി. അധിനിവേശ ശക്തികൾക്ക് അകമ്പടി സേവിച്ച് മുസ്‌ലിം നാടുകളിൽ കപ്പലിറങ്ങിയ ക്രിസ്ത്യൻ മിഷണറിമാർ ഇസ്‌ലാം വിമർശനം ജീവിതദൗത്യമായി ഏറ്റെടുത്തു. ഓറിയന്റലിസ്റ്റുകളെ അതിന്റെ സഹായികളായി വ്യാപകമായി ഉപയോഗപ്പെടുത്താനും തുടങ്ങി. ഇസ്‌ലാമിനെ വികൃതമായി ചിത്രീകരിച്ചുകൊണ്ടുള്ള ഓറിയന്റലിസ്റ്റ് രചനകൾ വ്യാപകമായി. ലോകം ഇതിനെല്ലാം ശക്തമായ അക്കാദമിക പരിവേഷം നൽകി. മുമ്പുള്ള ഇസ്‌ലാംവിമർശന ഗ്രന്ഥങ്ങൾക്കതീതമായി ഗവേഷണത്തെയും ജ്ഞാനോൽപാദനത്തെയും വിലമതിക്കുന്ന ബുദ്ധിജീവിസമൂഹത്തെ ആകർഷിക്കുവാൻ അത്തരം ഗ്രന്ഥങ്ങൾക്ക് കഴിഞ്ഞു. ഇങ്ങനെ സാംസ്കാരികാധിനിവേശത്തിലൂടെ ഇസ്‌ലാമിനെ തകർക്കാൻ സർവസന്നാഹങ്ങളോടെയും ലോകരാഷ്ട്രങ്ങൾ ശ്രമിച്ചിട്ടും തലയെടുപ്പോടെ ഇസ്‌ലാം പടർന്നുപിടിക്കുന്നതിലെ യുക്തിയെക്കുറിച്ച് നിഷ്പക്ഷ പഠനത്തിന് തയ്യാറാകേണ്ടതല്ലേ?

> **ഇന്ത്യൻ സ്വാതന്ത്ര്യസമര പോരാട്ടങ്ങളിൽനിന്ന് സംഘപരിവാരത്തെ വിട്ടുനിറുത്തിയതിനുള്ള പ്രചോദനവും അവരോടുള്ള നിരുപാധിക വിധേയത്വമാണ്. സാമ്രാജ്യത്വത്തെ എതിർക്കുന്നവരെ ഏതുകാലത്തും സാമ്രാജ്യത്വവും അവരുടെ പിണിയാളുകളും ഭീകരരായി മുദ്രകുത്തിയിട്ടുണ്ട്. ബ്രിട്ടീഷുകാർക്ക് മഹാത്മാ ഗാന്ധിയും നെഹ്റുവും സുഭാഷ് ചന്ദ്രബോസും ഭഗത് സിങ്ങും ഭീകരരായിരുന്നു. ആഫ്രിക്കൻ സ്വാതന്ത്ര്യസമര നായകനായിരുന്ന നെൽസൺ മണ്ടേല സാമ്രാജ്യത്വത്തിന്റ കണ്ണിൽ ഇന്നും ഭീകരൻമാരുടെ ലിസ്റ്റിലാണുള്ളത്.**

### ഇസ്‌ലാം ഭീകരതയുടെ സമവാക്യമോ?

സാമ്രാജ്യത്വവും അവരുടെ സേവകരായ മാധ്യമങ്ങളും നൂറ്റാണ്ടുകളായി ഇസ്‌ലാമിനെതിരിൽ പ്രചരിപ്പിക്കുന്ന നുണകളിൽ സമൂഹത്തിനിടയിൽ കൂടുതൽ വേരൂന്നിയത് 'ഭീകരത സമം ഇസ്‌ലാം' എന്ന സമവാക്യമാണ്. എക്കാലത്തും സാമ്രാജ്യത്വത്തിന് ദാസ്യവേല ചെയ്തിരുന്ന സംഘപരിവാരം ഇന്ത്യയിൽ അതിന്റ പ്രചാരണദൗത്യം ഏറ്റെടുത്തിട്ടുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യസമര പോരാട്ടങ്ങളിൽനിന്ന് സംഘപരിവാരത്തെ വിട്ടുനിറുത്തിയതിനുള്ള പ്രചോദനവും അവരോടുള്ള നിരുപാധിക വിധേയത്വമാണ്. സാമ്രാജ്യത്വത്തെ എതിർക്കുന്നവരെ ഏതുകാലത്തും സാമ്രാജ്യത്വവും അവരുടെ പിണിയാളുകളും ഭീകരരായി മുദ്രകുത്തിയിട്ടുണ്ട്. ബ്രിട്ടീഷുകാർക്ക് മഹാത്മാ ഗാന്ധിയും നെഹ്റുവും സുഭാഷ് ചന്ദ്രബോസും ഭഗത് സിങ്ങും ഭീകരരായിരുന്നു. ആഫ്രിക്കൻ സ്വാതന്ത്ര്യസമര നായകനായിരുന്ന നെൽസൺ മണ്ടേല സാമ്രാജ്യത്വത്തിന്റ കണ്ണിൽ ഇന്നും ഭീകരൻമാരുടെ ലിസ്റ്റിലാണുള്ളത്. അമേരിക്കയിലേക്കുള്ള യാത്ര പോലും അദ്ദേഹത്തിന് മുടങ്ങാനുള്ള കാരണം ഇങ്ങനെയൊരു പരിവേഷമുള്ളതുകൊണ്ടായിരുന്നു. ഒന്നാമത്തെ അമേരിക്കൻ പ്രസിഡന്റായ ജോർജ് വാഷിംഗ്ടൺ പോലും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റ ദൃഷ്ടിയിൽ ഒരു കാലത്ത് ഭീകരനായിരുന്നു. കാരണം 1875ലെ അമേരിക്കൻ വിപ്ലവത്തിൽ ധാരാളം ജനങ്ങൾ രാജ്യത്തിന്റ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതുകയായിരുന്നു. ഈ പടയാളികളെ ബ്രിട്ടീഷുകാർ തീവ്രവാദികൾ എന്ന് വിളിച്ചു. പോരാളികളിൽ ബെഞ്ചമിൻ ഫ്രാങ്ക്ളിനും ജോർജ് വാഷിംഗ്ടണും ഉണ്ടായിരുന്നു. ഇടത് ബുദ്ധിജീവികളും ഇസ്‌ലാമിൽ ഭീകരതയാരോപിക്കാൻ മുന്നിലുണ്ടായിരുന്നുവെന്നറിയുമ്പോഴാണ് ഇസ്‌ലാമിന്റെ പക്ഷത്ത് ഒരു ശക്തിയും ഉണ്ടായിരുന്നില്ലെന്ന് ബോധ്യപ്പെടുന്നത്. സ്വാതന്ത്ര്യമടക്കമുള്ള മൗലികാവകാശ പോരാട്ടങ്ങൾക്കായി സംഘടിച്ചവർക്ക് അനുകൂലമായ സമീപനം ഒരിക്കലും ഇവർക്കുണ്ടായില്ലെന്നത് പ്രത്യേകം ഓർക്കേണ്ടതാണ്.

അഫ്ഗാനിസ്ഥാനെ ആദ്യമായി ആക്രമിച്ചു കീഴടക്കിയത് സോവിയറ്റ് യൂണിയനായിരുന്നു. അന്ന് താലിബാനികളെ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റീഗൻ വിശേഷിപ്പിച്ചത് നമ്മുടെ സ്വാതന്ത്ര്യ പോരാളികൾ (our freedom fighters) എന്നായിരുന്നു. സോവിയറ്റ് യൂണിയനെതിരെ പോരാടാൻ ആയുധങ്ങളും പിന്തുണയും അമേരിക്ക അന്ന് അവർക്ക് നൽകുകയും ചെയ്തു. എന്നാൽ 2001ൽ അമേരിക്ക അഫ്ഗാൻ ആക്രമിച്ച് കീഴടക്കുമ്പോൾ റഷ്യ അമേരിക്കക്ക് പിന്തുണ നൽകുകയായിരുന്നു. എതിർപക്ഷത്ത് മുസ്‌ലിം സമുദായമാണെങ്കിൽ ആരോടും കൂട്ടുകൂടാമെന്ന നയമാണ് ഇടതുപ്രത്യയശാസ്ത്രം സ്വീകരിച്ചിട്ടുള്ളത് എന്നത് ചിന്തനീയമാണ്. 2001ന് ശേഷം 15876 മുസ്‌ലിം ഭീകരാക്രമണം നടന്നുവെന്ന കളവ് പ്രചരിപ്പിക്കാൻ പല സയണിസ്റ്റ് അനുകൂല വെബ്സൈറ്റുകളും ശ്രമിക്കുന്നതായി കാണാം. അത്തരം വെബ്സൈറ്റുകളുടെ പ്രചാരണ ചിത്രങ്ങൾ പരിശോധിച്ചാൽ അഫ്ഗാനിലെയും ഇറാഖിലെയും ഫലസ്തീനിലെയും മാതൃരാജ്യത്തിനുവേണ്ടിയു



ള്ള പോരാട്ടങ്ങളെ ഭീകരാക്രമണമായാണ് ചിത്രീകരിച്ചിട്ടുള്ളത് എന്നു കാണാം. മാധ്യമങ്ങളുടെ കപട നിഷ്പക്ഷതയെ ഇവിടെയും ദർശിക്കാനാകും. എന്നാൽ ഐക്യരാഷ്ട്ര സഭയുടെ നയപ്രകാരം ഏത് അധിനിവേശ സൈനികർക്കുനേരെയും തദ്ദേശീയർ നടത്തുന്ന പോരാട്ടത്തെ പ്രതിരോധമായാണ് പരിഗണിക്കുക. അമേരിക്കയുടെ എഫ്ബിഐ സൈറ്റിലെ കണക്കനുസരിച്ച് 2001ന് ശേഷം നടന്ന മുസ്‌ലിം പേരിൽ നടന്ന ആക്രമണങ്ങളിൽ മരിച്ചവരുടെ എണ്ണം പതിനാലായിരത്തിൽ താഴെയാണ്. എന്നാൽ ഈ കാലയളവിൽ അമേരിക്ക ഇറാഖിൽ നടത്തിയ അധിനിവേശത്തിന്റ ഭാഗമായി നടന്ന ആക്രമണങ്ങളിൽ കൊന്നൊടുക്കിയ സാധാരണക്കാരുടെ എണ്ണം ആറ് ലക്ഷത്തിലേറെയാണ്.

ലോകത്തിന്റ പല ഭാഗങ്ങളിലും കൂടുതൽ ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് ഇസ്‌ലാമും മുസ്‌ലിംകളുമാണ്. ഫലസ്തീനിൽ ഒക്ടോബർ 7ന് ഹമാസ് നടത്തിയ ആക്രമണത്തെയാണ് ലോകം ഇന്ന് ചർച്ച ചെയ്യുന്നത്. എന്നാൽ തൊട്ടുമുമ്പുള്ള മാസങ്ങളിൽ യാതൊരു പ്രകോപനവുമില്ലാതെ (ഈ വർഷം മാത്രം) 200ൽ അധികം ഫലസ്തീനികൾ കൊല്ലപ്പെട്ടിട്ടുണ്ട്. അനേകം കുടുംബങ്ങൾ വീടു നഷ്ടപ്പെട്ട് അഭയാർഥികളായിട്ടുണ്ട്. എന്നാൽ അധിനിവേശ ശക്തികൾക്കെതിരെയുള്ള തദ്ദേശീയരുടെ പ്രതിരോധത്തെ ഭീകരാക്രമണമായി ചിത്രീകരിക്കുന്ന, ആ ചെറിയ പ്രദേശത്തെ ആക്രമിച്ച് പതിനയ്യായിരത്തിലധികം ആളുകളെ കൊന്നൊടുക്കുകയും നാഗരികതയെ മുച്ചൂടും തകർക്കുകയും ചെയ്തവരെ ഇരകളായും വിശേഷിപ്പിക്കുന്ന കാഴ്ചയാണ് അൽഭുതപ്പെടുത്തുന്നത്. ലോകത്തെ സമാധാന സന്ധികളുടെ എല്ലാ സീമകളെയും അതിലംഘിച്ച് ഭീകരാക്രമണം നടത്തുന്ന ഇസ്റായേലിനെ സമാധാനത്തിന്റ വെള്ളരിപ്രാവുകളായി വാഴ്ത്തുന്ന സാമ്രാജ്യത്വ ഭീകരതയെ ആരും കാര്യമാക്കുന്നില്ല. എന്നിട്ടും ഭീകരതയുടെ സമവാക്യം തേടുന്നത് ഇസ്‌ലാമിൽ തന്നെയാണ്. ബന്ധികളാക്കപ്പെട്ടവരോട് പാലിക്കേണ്ട മര്യാദകൾ പോലും മറികടന്നുകൊണ്ട് നരവേട്ട നടത്തുന്ന ഭീകരജയിലുകൾ അറബ് രാജ്യങ്ങളിലല്ല; മറിച്ച് സാമ്രാജ്യത്വത്തിന്റെ ഇരുമ്പു മറകൾക്കുള്ളിലാണ്. വ്യത്യസ്ത ദർശനങ്ങൾ ഉൾക്കൊണ്ട് ജീവിക്കുകയും അതനുസരിച്ച് ഭരണത്തിൽ നിയമ നിർമാണം നടത്തുകയും ചെയ്യുന്നവർ പക്ഷേ, തടവുകാരെ പീഡിപ്പിക്കുന്ന കഥകളാണ് പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. യുദ്ധത്തടവുകാരായും കേവലം കുറ്റാരോപണങ്ങൾ നടത്തിയും ജയിലിലടക്കപ്പെട്ടവർ അനുഭവിക്കുന്ന വേദനകളും പീഡനങ്ങളും അറിയുമ്പോൾ മാനവികത ഭീകരമായ വന്യതയിലേക്ക് വഴി മാറുന്നതായി കാണാം. അതിന് ലോകത്ത് ജീവിക്കുന്ന ഉദാഹരണങ്ങളാണ് തടവുകാരെ കൊടുംപീഡനങ്ങൾക്ക് വിധേയമാക്കിക്കൊണ്ടിരിക്കുന്ന ക്യൂബയിലെ ഗ്വാണ്ടനാമോ ജയിൽ. ജീവനുള്ള മനുഷ്യനിൽനിന്നും പച്ചമാംസം വാർന്നെടുത്തും മാംസളമായ ശരീരഭാഗങ്ങൾ നായകളെക്കൊണ്ട് തീറ്റിച്ചും ക്രൂരതകളിൽ ആറാടുകയാണവിടെ. അമേരിക്കയിലെ ഒരു ദ്വീപിൽ നിർമിച്ച അൽകാട്രാസ് ജയിലിലും തടവുകാർ അനുഭവിക്കുന്നത് ഭീകരമായ പീഡനങ്ങളാണ്. മറ്റൊരു കേന്ദ്രമാണ് മുഹംഗ ജയിൽ. മനുഷ്യമാംസം പച്ചയായി തീറ്റിക്കുന്നതടക്കമുള്ള അക്രമങ്ങളാണവിടെ നടക്കുന്നത്. ബ്രസീലിലെ കരണ്ടിരു പെനിറ്റൻഷ്യറി ജയിലും കൊളറാഡോയിലെ എഡി എക്സ് ഫ്ലോറൻസ് ജയിലുമെല്ലാം മറ്റു ഉദാഹരണങ്ങളാണ്. വേറെയും ധാരാളം തടവറകൾ കണ്ടെത്താനാകും.

പടിഞ്ഞാറൻ മാധ്യമങ്ങളും പൗരസ്ത്യരായ ഇസ്‌ലാം വിരോധികളും മറച്ചുവയ്ക്കാൻ ശ്രമിക്കുന്ന ധാരാളം ഭീകര പ്രവർത്തനങ്ങൾ ഉണ്ടായിരുന്നിട്ടും സമാധാനത്തിന്റെ സന്ദേശം മാത്രം പകർന്ന് നൽകുന്ന വിശുദ്ധ ഇസ്‌ലാമിനെ ഭീകരതയുടെ ആലയങ്ങളിൽ തളച്ചിടാൻ തന്ത്രങ്ങൾ മെനയുന്നതിന് കാരണം മാനവ വിരുദ്ധമായ എല്ലാ കാര്യങ്ങളെയും ഇസ്‌ലാം ആർജവത്തോടെ ചോദ്യം ചെയ്യുന്നുവെന്നതാണ്.

**ലോകത്തെ സമാധാന സന്ധികളുടെ എല്ലാ സീമകളെയും അതിലംഘിച്ച് ഭീകരാക്രമണം നടത്തുന്ന ഇസ്റായേലിനെ സമാധാനത്തിന്റ വെള്ളരിപ്രാവുകളായി വാഴ്ത്തുന്ന സാമ്രാജ്യത്വ ഭീകരതയെ ആരും കാര്യമാക്കുന്നില്ല. എന്നിട്ടും ഭീകരതയുടെ സമവാക്യം തേടുന്നത് ഇസ്‌ലാമിൽ തന്നെയാണ്. ബന്ധികളാക്കപ്പെട്ടവരോട് പാലിക്കേണ്ട മര്യാദകൾ പോലും മറികടന്നുകൊണ്ട് നരവേട്ട നടത്തുന്ന ഭീകരജയിലുകൾ അറബ് രാജ്യങ്ങളിലല്ല; മറിച്ച് സാമ്രാജ്യത്വത്തിന്റെ ഇരുമ്പു മറകൾക്കുള്ളിലാണ്.**

**സാമ്രാജ്വത്വം, കൊളോണിയലിസം, ഓറിയന്റലിസം, നാസ്തികത, മറ്റു ഭൗതിക-ആത്മീയ പ്രത്വയശാസ്ത്രങ്ങൾ എന്നിവയെല്ലാം ഒരേ സ്വരത്തിലും ഭാവത്തിലും ഇസ്‌ലാമിനെ തകർക്കാനുള്ള മനഃപൂർവമായ ശ്രമങ്ങളാണ് നടത്തുന്നത്. ഇത്രയും ആക്രമണങ്ങൾ മറ്റു പ്രത്വയശാസ്ത്രങ്ങൾക്കു നേരെയായിരുന്നുവെങ്കിൽ അവയുടെ അടയാളം പോലും ഭൂമിയിൽ അവശേഷിക്കുമായിരുന്നില്ല. എന്നാൽ ഇത്രയും വിനാശകരമായ സമീപനങ്ങൾ ഇസ്‌ലാമിനെതിരെ ഉണ്ടായിരുന്നിട്ടും ഇസ്‌ലാം അജയ്യമായി നിലനിൽക്കുന്നതിന്റെ അത്ഭുതം എന്താണെന്ന് വിലയിരുത്താൻ നിഷ്പക്ഷമായ പഠനങ്ങൾക്ക് തയ്യാറാകണം.**



**ഇസ്‌ലാമിനെ തകർക്കാനാവില്ല**

മാനവ ചരിത്രത്തിൽ ഇന്നേവരെയുള്ള ദർശനങ്ങളിൽ ഒരിക്കലും തകർക്കാനും നശിപ്പിക്കാനും ഉൻമൂലനം ചെയ്യാനും സാധിക്കാത്ത ഒരേയൊരു ദർശനം ഇസ്‌ലാം മാത്രമാണ്. ഇതര ദർശനങ്ങൾ ഭൗതികമായാലും ആത്മീയമായാലും അതിന്റ സത്തയിൽ ഇന്ന് നിലനിൽക്കുന്നില്ലന്നതാണ് സത്യം. മാർക്സിസവും കമ്യൂണിസവും പോലെയുള്ള പ്രത്യയശാസ്ത്രങ്ങളുടെ ആശയങ്ങൾ എല്ലാ കാലത്തേക്കും പ്രായോഗികമല്ലെന്നതിന് തെളിവാണ് സോവിയറ്റ് യൂണിയന്റെ തകർച്ചയും കമ്യൂണിസ്റ്റ് രാജ്യങ്ങളിലെ ആദർശ പ്രതിസന്ധികളും. ആത്മീയ ദർശനങ്ങളാകട്ടെ അവയുടെ പ്രമാണങ്ങളിലും വിശ്വാസങ്ങളിലും ആചാര-അനുഷ്ഠാനങ്ങളിലും വലിയ മാറ്റങ്ങൾ ചേർത്തുവച്ചുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. പലതും പല പരിഷ്കരണങ്ങൾക്കും വിധേയമായിട്ടുണ്ടെന്നത് വർത്തമാനകാല സത്യമാണ്.

ലോകത്തുള്ള ഒട്ടുമിക്ക മാധ്യമങ്ങളും ആധുനിക സാങ്കേതികവിദ്യയുടെ മികവോടെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സമൂഹ മാധ്യമങ്ങളും ഇസ്‌ലാമിനെതിരെ ശക്തമായ ആദർശ യുദ്ധത്തിലാണ്. അധികാരവും സമ്പത്തും സാമർഥ്യവും സൗകര്യങ്ങളും ഇസ്‌ലാമിനെതിരെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അനാവശ്യ വിമർശനങ്ങൾകൊണ്ട് ജനഹൃദയങ്ങളിൽ ഇസ്‌ലാമിനെക്കുറിച്ചുള്ള വെറുപ്പ് കുത്തിനിറക്കുന്നു. പ്രവാചകനെ ദിനേന നിന്ദിക്കാനും അപഹസിക്കാനും നിപുണരായവരെ പ്രത്യേകം ഉപയോഗിക്കുന്നു. സാമ്രാജ്യത്വവും നാസ്തികതയും ഇസ്‌ലാം വിമർശനത്തിനുവേണ്ടി മാത്രമായി വിഭവങ്ങളെ ഉപയോഗപ്പെടുത്തുന്നു. എന്നിട്ടും ഇസ്‌ലാം അജയ്യമായി, ഒരു പോറലുമേൽക്കാതെ ശക്തമായ മുന്നേറ്റം നടത്താനുള്ള കാരണമെന്താണ്. വിമർശിക്കുന്തോറും ജനഹൃദയങ്ങൾ കീഴടക്കാൻ ഇസ്‌ലാമിനു മാത്രം കഴിയുന്നതെന്തുകൊണ്ടാണ്? യൂറോപ്യൻ നാടുകളിൽ ഇസ്‌ലാം പടർന്ന് പന്തലിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്?

സാമ്രാജ്യത്വം സാംസ്കാരികാധിനിവേശത്തിലൂടെ ഇസ്‌ലാമിനെ തകർക്കാനും വഴികൾ തേടുന്നുണ്ട് എന്ന് നേരത്തെ സൂചിപ്പിച്ചു. അതിനുവേണ്ടി അവരുടെ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്ത് ഇസ്‌ലാമിക സംസ്കാരത്തിൽ വിള്ളലുകൾ വീഴ്ത്താനുള്ള ശ്രമങ്ങളുമുണ്ട്. ഇങ്ങനെ സാമ്രാജ്യത്വം, കൊളോണിയലിസം, ഓറിയന്റലിസം, നാസ്തികത, മറ്റു ഭൗതിക-ആത്മീയ പ്രത്യയശാസ്ത്രങ്ങൾ എന്നിവയെല്ലാം ഒരേ സ്വരത്തിലും ഭാവത്തിലും ഇസ്‌ലാമിനെ തകർക്കാനുള്ള മനഃപൂർവമായ ശ്രമങ്ങളാണ് നടത്തുന്നത്. ഇത്രയും ആക്രമണങ്ങൾ മറ്റു പ്രത്യയശാസ്ത്രങ്ങൾക്കു നേരെയായിരുന്നുവെങ്കിൽ അവയുടെ അടയാളം പോലും ഭൂമിയിൽ അവശേഷിക്കുമായിരുന്നില്ല. എന്നാൽ ഇത്രയും വിനാശകരമായ സമീപനങ്ങൾ ഇസ്‌ലാമിനെതിരെ ഉണ്ടായിരുന്നിട്ടും ഇസ്‌ലാം അജയ്യമായി നിലനിൽക്കുന്നതിന്റെ അത്ഭുതം എന്താണെന്ന് വിലയിരുത്താൻ നിഷ്പക്ഷമായ പഠനങ്ങൾക്ക് തയ്യാറാകണം.

“തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ) അറിവ് വന്നുകിട്ടിയശേഷം തന്നെയാണ് ഭിന്നിച്ചത്. അവർ തമ്മിലുള്ള കക്ഷിമാത്സര്യം നിമിത്തമത്രെ അത്. വല്ലവരും അല്ലാഹുവിന്റെ തെളിവുകൾ നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു അതിവേഗം കണക്ക് ചോദിക്കുന്നവനാകുന്നു” (3:19).

രണ്ടാമതായി, ഇസ്‌ലാമിന്റെ സംരക്ഷണം ഏറ്റെടുത്തിരിക്കുന്നത് പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവാണ്. ലോകവസാനം വരെയുള്ള മാനവരാശിക്ക് ജീവിത ദർശനമായി അത് നിലനിൽക്കും.

“തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്” (ഹിജ്ർ 9). അജയ്യമായ ഈ ദൈവിക ദർശനത്തെക്കുറിച്ച് നിഷ്പക്ഷമായി പഠിക്കാൻ ശ്രമിക്കണമെന്നാണ് എല്ലാവരോടും പറയാനുള്ളത്. ■



# കുഞ്ഞുങ്ങളെ മുലയൂട്ടുന്നതിന്റെ അനിവാര്യത

**ഡോ. ഷാനവാസ്, ഫ്ലോറിഡ**
drshanavascmc@gmail.com

ഏതൊരു മാതാവിന്റെയും സുപ്രധാനമായ കർമമാണല്ലോ തന്റെ കുഞ്ഞിനെ മുലയൂട്ടുക എന്നത്. ഒരു കുഞ്ഞ് ജനിച്ചതുമുതൽ രണ്ടു വർഷത്തോളമാണ് സാധാരണ മുലയൂട്ടലിന്റെ കാലാവധി.

"മാതാക്കൾ തങ്ങളുടെ സന്താനങ്ങൾക്ക് പൂർണമായ രണ്ടുകൊല്ലം മുലകൊടുക്കേണ്ടതാണ്. (കുട്ടിയുടെ) മുലകുടി പൂർണമാക്കണം എന്ന് ഉദ്ദേശിക്കുന്നവർക്കത്രെ ഇത്..." (ക്വുർആൻ 2:233).

"...ഒരു മാതാവും തന്റെ കുട്ടിയുടെ പേരിൽ ദ്രോഹിക്കപ്പെടാൻ ഇടയാകരുത്. അതുപോലെ തന്നെ സ്വന്തം കുട്ടിയുടെ പേരിൽ ഒരു പിതാവിന്നും ദ്രോഹം നേരിടരുത്..."(ക്വുർആൻ 2:233).

"...ഇനി അവർ ഇരുവരും തമ്മിൽ കൂടിയാലോചിച്ച് തൃപ്തിപ്പെട്ടുകൊണ്ട് (കുട്ടിയുടെ) മുലകുടി നിർത്താൻ ഉദ്ദേശിക്കുകയാണെങ്കിൽ അവർ ഇരുവർക്കും കുറ്റമില്ല; ഇനി നിങ്ങളുടെ കുട്ടികൾക്ക് (മറ്റാരെക്കൊണ്ടെങ്കിലും) മുലകൊടുപ്പിക്കാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ അതിലും നിങ്ങൾക്ക് കുറ്റമില്ല..." (ക്വുർആൻ 2:233).

മുലയൂട്ടലിന്റെ പ്രാധാന്യത്തെക്കുറിച്ച് ലോകാരോഗ്യ സംഘടന (World Health Organization/ WHO) പറയുന്നത് കാണുക:

ഒരുഭാഗം ഒരു വയസ്സുമുതൽ രണ്ടു വയസ്സുവരെ മുലപ്പാലിൽനിന്നും ലഭിക്കുന്നു.


- മുലയൂട്ടപ്പെട്ട കുട്ടികൾ കൂടുതൽ കാര്യക്ഷമതയുള്ളവരും ബുദ്ധിയുള്ളവരുമായിത്തീരും.
- അമിതവണ്ണം (obesity), പ്രമേഹം (diabets) തുടങ്ങിയ ജീവിതശൈലി രോഗങ്ങൾ മുലയൂട്ടപ്പെട്ട കുട്ടികളിൽ ഉണ്ടാകുന്നത് കുറവാണ്.
- ആദ്യത്തെ 6 മാസം മുലപ്പാൽ അല്ലാതെ യാതൊരുവിധ ഭക്ഷണപാനീയങ്ങളും നൽകാൻ പാടുള്ളതല്ല.
- 6 മാസത്തിനുശേഷം മുലപ്പാലിനു പുറമെ മറ്റു ആഹാരപാനീയങ്ങൾ കൊടുത്തു തുടങ്ങേണ്ടതാണ്.
- മുലയൂട്ടുന്ന അമ്മമാർക്ക് സ്തനത്തിന്റെയും അണ്ഡാശയത്തിന്റെയും ക്യാൻസർ (breast& ovarian cancer) ഉണ്ടാകാനുള്ള സാധ്യത കുറവാണ്.

**സ്തനം**

പെൺ സസ്തനികളുടെ (female mammals) സവിശേഷ ഗുണങ്ങളിൽ പെട്ടതാണ് സ്തനം (Mammary Gland). ഓരോ പെൺ സസ്തനിയിലും രണ്ടുവീതം സ്തനങ്ങളുണ്ട്. ഇവയിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത് ഗ്രന്ഥികളും കൊഴുപ്പുകളുമാണ്.

**സ്തനത്തിന്റെ ഘടന**

വാരിയല്ലുകളുടെ മുകളിൽ പെക്റ്ററാലിസ് (pectoralis) എന്ന പേശിയുടെ മുകളിലാണ് രണ്ടു സ്തനങ്ങളും സ്ഥിതിചെയ്യുന്നത്. ഓരോ സ്തനത്തിലും ഏതാണ്ട് ഇരുപതോളം പ്രത്യേക അറകൾ (lobs)ഉണ്ട്. ഇവയെ സ്തനലോബുകൾ (mammary lobs) എന്ന് വിളിക്കുന്നു. ഓരോ ലോബിലും ആൽവിയോളസ് (alveolus) എന്ന് വിളിക്കുന്ന ചെറിയ അറകളുണ്ട്. ഈ ആൽവിയോളസിലാണ് പാൽ ഉൽപാദിപ്പിക്കപ്പെടുന്നത്. ആൽവിയോളസിൽനിന്നും പല വലിപ്പത്തിലുള്ള കുഴലുകൾ പുറത്തുവരുന്നു. ഈ കുഴലുകളിൽകൂടി മുലപ്പാൽ മുലക്കണ്ണിലൂടെ പുറത്തേക്ക് സ്രവിക്കുന്നു.




**സ്തനത്തിന്റെ പരിച്ഛേദം** (cross section of mammary gland)

“...ഒരു മാതാവും തന്റെ കുട്ടിയുടെ പേരിൽ ദ്രോഹിക്കപ്പെടാൻ ഇടയാകരുത്. അതുപോലെ തന്നെ സ്വന്തം കുട്ടിയുടെ പേരിൽ ഒരു പിതാവിന്നും ദ്രോഹം നേരിടരുത്...’’ (ക്വുർആൻ 2:233). മുലയൂട്ടുന്ന അമ്മമാർക്ക് സ്തനത്തിന്റെയും അണ്ഡാശയത്തിന്റെയും ക്യാൻസർ (breast& ovarian cancer) ഉണ്ടാകാനുള്ള സാധ്യത കുറവാണ്.

- കുഞ്ഞുങ്ങൾക്ക് ഏറ്റവും നല്ല ഭക്ഷണം മുലപ്പാലാണ്.
- മുലപ്പാലിലുള്ള ആന്റിബോഡികൾ (antibodies) ധാരാളം അസുഖങ്ങളിൽനിന്നും കുഞ്ഞിനെ സംരക്ഷിക്കുന്നു.
- നവജാതശിശുവിന് ആവശ്യമായ മുഴുവൻ പോഷകങ്ങളും മുലപ്പാലിൽനിന്നും ലഭ്യമാണ്.
- കുഞ്ഞിന് ആവശ്യമായ പോഷകത്തിന്റെ പകുതിയിലധികം ആറുമാസം മുതൽ ഒരു വയസ്സുവരെ മുലപ്പാൽ നൽകുന്നു.
- പോഷകത്തിന്റെ മൂന്നിൽ

**മുലപ്പാൽ ഉൽപാദനം**

മുലപ്പാലിന്റെ ഉൽപാദനം പൂർണമായും മനുഷ്യമസ്തിഷ്കത്തിന്റെ നിയന്ത്രണത്തിലാണ്. മസ്തിഷ്കത്തിലെ ഹൈപ്പോതലാമസ് (hypothalamus) എന്ന ഭാഗമാണ് ഇത് നിയന്ത്രിക്കുന്നത്. പ്രൊലാക്റ്റിൻ റിലീസിംഗ് ഹോർമോൺ (prolactine releasing hormone) എന്ന ഒരു പ്രത്യേക സ്രവം ഇതിൽനിന്നും ഉൽപാദിപ്പിക്കപ്പെടുന്നു. ഈ സ്രവം തൊട്ടടുത്തുള്ള പിയൂഷ ഗ്രന്ഥിയെ (pituitary gland) ഉത്തേജിപ്പിക്കുന്നു. അതിന്റെ ഫലമായി പിയൂഷ ഗ്രന്ഥിയിൽനിന്നും പ്രൊലാക്റ്റിൻ എന്ന ഹോർമോൺ പുറത്തുവരുന്നു. ഈ സ്രവം സ്തനങ്ങളിലുള്ള ആൽവിയോളസിനെ ഉത്തേജിപ്പിക്കുന്നു. അതിന്റെ ഫലമായി അവയിൽ പാലുൽപാദനം നടക്കുന്നു.

**മുലപ്പാൽ സ്രവിക്കപ്പെടൽ**

ആൽവിയോളസിൽ ഉൽപാദിപ്പിക്കപ്പെട്ട പാൽ പുറത്തുവരുന്നത് വളരെ സങ്കീർണമായ പ്രക്രിയയിലൂടെയാണ്. ഇത് പൂർണമായും തലച്ചോറിന്റെ നിയന്ത്രണത്തിലുള്ളതും വ്യക്തികളുടെ നിയന്ത്രണത്തിന് അതീതവുമാണ്. ഇത്തരം പ്രക്രിയകളെ റിഫ്ളക്സ് പ്രക്രിയ (reflex reaction) എന്ന് പറയുന്നു.

പിയൂഷ ഗ്രന്ഥിയിൽ ഉൽപാദിപ്പിക്കുന്ന ഓക്സിറ്റോസിൻ (oxytocin) എന്ന ഹോർമോൺ ആണ് ഇതിന് സഹായിക്കുന്നത്. കുട്ടി മുലക്കണ്ണ് നുകരുമ്പോൾ ഓക്സിറ്റോസിൻ സ്രവിക്കപ്പെടുന്നു. ഈ ഓക്സിറ്റോസിൻ സ്തനത്തിലെ ചെറിയപേശികളെ സങ്കോചിപ്പിക്കുന്നു. അതിന്റെ ഫലമായി ആൽവിയോളസിൽ നേരത്തെ ഉൽപാദിപ്പിക്കപ്പെട്ട പാൽ സ്തനനാളികൾവഴി മുലക്കണ്ണിലൂടെ പുറത്തുവരുന്നു.

**മുലപ്പാലിന്റെ സവിശേഷ ഗുണങ്ങൾ**

മുലപ്പാലിന്റെ ഏറിയ ഭാഗവും വെള്ളമാണ് (88%). അതിനുപുറമെ അന്നജം (carbohydrate), കൊഴുപ്പ്

**മുലപ്പാലിന്റെ ഉൽപാദനം പൂർണമായും മനുഷ്യമസ്തിഷ്കത്തിന്റെ നിയന്ത്രണത്തിലാണ്. മസ്തിഷ്കത്തിലെ ഹൈപ്പോതലാമസ്** (hypothalamus) **എന്ന ഭാഗമാണ് ഇത് നിയന്ത്രിക്കുന്നത്. പ്രൊലാക്റ്റിൻ റിലീസിംഗ് ഹോർമോൺ** (prolactine releasing hormone) **എന്ന ഒരു പ്രത്യേക സ്രവം ഇതിൽനിന്നും ഉൽപാദിപ്പിക്കപ്പെടുന്നു. ഈ സ്രവം തൊട്ടടുത്തുള്ള പിയൂഷ ഗ്രന്ഥിയെ** (pituitary gland) **ഉത്തേജിപ്പിക്കുന്നു. അതിന്റെ ഫലമായി പിയൂഷഗ്രന്ഥിയിൽനിന്നും പ്രൊലാക്റ്റിൻ എന്ന ഹോർമോൺ പുറത്തുവരുന്നു. ഈ സ്രവം സ്തനങ്ങളിലുള്ള ആൽവിയോളസിനെ ഉത്തേജിപ്പിക്കുന്നു. അതിന്റെ ഫലമായി അവയിൽ പാലുൽപാദനം നടക്കുന്നു.**

(fat), മാംസ്യം (protein) എന്നിവയും അടങ്ങിയിരിക്കുന്നു. ലാക്റ്റോസ് (lactose) ആണ് ഏറ്റവും കൂടുതൽ (7%) കാണപ്പെടുന്ന അന്നജം. ഇതിനു പുറമെ ധാരാളം ലവണങ്ങളും (minerals) പോഷകങ്ങളും (vitamins) അടങ്ങിയിരിക്കുന്നു.

ലവണങ്ങൾ: സോഡിയം, പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ക്ലോറിൻ.

പോഷകങ്ങൾ: വിറ്റാമിൻ A, B, C, D.

ഇവയ്ക്കെല്ലാം പുറമെ ആന്റിബോഡികൾ എന്ന് വിളിക്കുന്ന ഘടകങ്ങളും അടങ്ങിയിട്ടുണ്ട്. ഇവ കുഞ്ഞിന്റെ പ്രതിരോധശക്തി വർധിപ്പിക്കുകയും വയറിളക്കം ഉൾപ്പെടെയുള്ള അസുഖങ്ങളിൽ നിന്നും കുഞ്ഞിനെ സംരക്ഷിക്കുകയും ചെയ്യുന്നു. കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നൽകേണ്ടതിന്റെ പ്രാധാന്യം ഇനി വിശദീകരിക്കേണ്ടതില്ലല്ലോ.

**കൊളസ്ട്രം**

പ്രസവശേഷം ആദ്യമായി പുറത്തുവരുന്ന മുലപ്പാലിനെയാണ് കൊളസ്ട്രം (Colostrum) എന്ന് പറയുന്നത്. സാധാരണയുള്ള വെളുത്തനിറത്തിൽനിന്നും വ്യത്യസ്തമായി ഇതിന് മഞ്ഞനിറമാണ് ഉണ്ടാവുക. സാധാരണ മുലപ്പാലിനെക്കാൾ ഇതിൽ ധാരാളമായി മാംസ്യം അടങ്ങിയിരിക്കുന്നു.

ഇതിനുപുറമെ ഇവയിൽ കുഞ്ഞിന്റെ പ്രതിരോധശക്തി വർധിപ്പിക്കുന്നതിനും വളർച്ചക്കും ആവശ്യമായ ധാരാളം ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. അതിൽ പ്രധാനപ്പെട്ടവയാണ് ലിംഫോസൈറ്റ് (lymphocytes) എന്ന കോശങ്ങളും ആന്റിബോഡികളും (Antibodies). ഇവ രണ്ടും കുഞ്ഞിന്റെ പ്രതിരോധശക്തി വർധിപ്പിക്കുന്നു. കൂടാതെ ശരീര വളർച്ചയ്ക്കും തലച്ചോറിന്റെ വളർച്ചക്കും ആവശ്യമായ ധാരാളം വളർച്ചാഘടകങ്ങളും (growth factors) കൊളസ്ട്രത്തിൽ അടങ്ങിയിട്ടുണ്ട്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ തന്നെ ഒരു കുഞ്ഞ് കൊളസ്ട്രം കുടിക്കൽ എത്രത്തോളം പ്രധാനപ്പെട്ടതാണെന്ന് മനസ്സിലാക്കാം. ആദ്യം പുറത്തുവരുന്ന പാൽ ആയതിനാൽ പലരും കൊളസ്ട്രം കുഞ്ഞിന് കൊടുക്കാൻ മടിക്കുന്നു. കൊളസ്ട്രം കൊടുക്കാതിരിക്കൽ കുഞ്ഞിനെ പ്രതികൂലമായി ബാധിക്കും എന്നതിൽ സംശയമില്ല. ■

سُبْحَانَ اللّٰهِ

# സ്വർഗത്തെക്കാൾ ശ്രേഷ്ഠമായ അനുഗ്രഹം!

02

ആസിഫ് അൽ ഹികമി, ഈരാറ്റുപേട്ട

**രക്ഷിതാവിന്റെ പ്രീതി**

അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: അതിനെക്കാൾ (ആ ഇഹലോക സുഖങ്ങളെക്കാൾ) നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത് ഞാൻ പറഞ്ഞുതരട്ടെയോ? സൂക്ഷ്മത പാലിച്ചവർക്ക് തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകളുണ്ട്. അവർ അവിടെ നിത്യവാസികളായിരിക്കും. പരിശുദ്ധരായ ഇണകളും (അവർക്കുണ്ടായിരിക്കും). കൂടാതെ അല്ലാഹുവിന്റെ പ്രീതിയും" (3:15).

ഈ വചനത്തിന്റെ വിശദീകരണത്തിൽ ഇമാം ഇബ്നു കസീർ(റഹ്) പറയുന്നു: "...അതായത്, അവരുടെ മേൽ അല്ലാഹുവിന്റെ തൃപ്തി ഇറങ്ങും. അതിനുശേഷം അല്ലാഹു അവരോട് കോപിക്കുകയില്ല."

അല്ലാഹു പറയുന്നു: "സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ അതിൽ നിത്യവാസികളായിരിക്കും. സ്ഥിരവാസത്തിനുള്ള തോട്ടങ്ങളിൽ വിശിഷ്ടമായ പാർപ്പിടങ്ങളും (വാഗ്ദാനം ചെയ്തിരിക്കുന്നു). എന്നാൽ അല്ലാഹുവിങ്കൽനിന്നുള്ള പ്രീതിയാണ് ഏറ്റവും വലുത്. അതത്രെ മഹത്തായ വിജയം" (9:72).

സഈദ് ബ്ൻ ജുബൈറി(റ)ൽനിന്നും ഉദ്ധരിക്കുന്നു: "...അതായത്, അല്ലാഹു അവരിൽ തൃപ്തനാണെന്ന് അറിയിക്കപ്പെട്ടാൽ അതാണ് അവർക്ക് ലഭിച്ച നന്മയെക്കാളും ഉത്തമമായത്."

അല്ലാഹുവിന്റെ സ്നേഹം, സാമീപ്യം പോലുള്ള; അവന്റെ പ്രവർത്തനമായുള്ള വിശേഷണമാണ് തൃപ്തി. ഇത് ക്വുർആൻകൊണ്ടും സുന്നത്തുകൊണ്ടും സ്ഥിരപ്പെട്ടതാണ്. ഈ വിശേഷണത്തെയാണ് (അല്ലാഹുവിന്റെ തൃപ്തിയെ) ഓരോ വിശ്വാസിയും തങ്ങളുടെ ആരാധനകളിലൂടെയും അനുസരണയിലൂടെയും ലക്ഷ്യമാക്കുന്നത്. കാരണം സ്വർഗത്തിൽ വിശ്വാസികളോടുള്ള അവന്റെ തൃപ്തിയും സ്നേഹവുമാണ് വമ്പിച്ച നേട്ടം, അതിനപ്പുറം മറ്റൊരു നേട്ടമില്ല.

അബൂസഈദുൽ ഖുദ്രിയ്യ്(റ) നിവേദനം; നബി(സ) പറഞ്ഞിരിക്കുന്നു: "തീർച്ചയായും സ്വർഗക്കാരോട് അല്ലാഹു പറയും: 'അല്ലയോ സ്വർഗക്കാരേ.' അവർ പറയും: 'ഞങ്ങളുടെ രക്ഷിതാവേ, നിനക്ക് ഞങ്ങൾ മറുപടി നൽകിയിരിക്കുന്നു, എല്ലാ നന്മയും നിന്റെ കൈയിലാണ്.' അല്ലാഹു ചോദിക്കും: 'നിങ്ങൾ തൃപ്തിപ്പെട്ടോ?' അവർ പറയും: 'എങ്ങനെ ഞങ്ങൾ തൃപ്തിപ്പെടാതിരിക്കും റബ്ബേ! നിന്റെ സൃഷ്ടികൾക്ക് ഒരാൾക്കും കൊടുക്കാത്തത് നീ ഞങ്ങൾക്ക് തന്നിരിക്കുന്നുവല്ലോ.' അല്ലാഹു പറയും: 'അതിനെക്കാൾ ശ്രേഷ്ഠമായത് നിങ്ങൾക്ക് ഞാൻ നൽകട്ടെയോ?' സ്വർഗവാസികൾ ചോദിക്കും: 'റബ്ബേ, ഇതിനെക്കാൾ ശ്രേഷ്ഠമായത് ഏതാണ്?' അല്ലാഹു പറയും: 'നിങ്ങൾക്ക് ഞാൻ തൃപ്തിയെ നൽകുന്നു. ഇതിനുശേഷം ഒരിക്കലും നിങ്ങൾക്കുമേൽ എന്റെ കോപമില്ല." അല്ലാഹുവിന്റെ തൃപ്തിയുടെ മഹത്ത്വം ഇതിൽനിന്നെല്ലാം വ്യക്തമാണ്.

ഹാഫിദ് അബ്ദുൽ ഗനിയ്യ് അൽമക്ദിസി(റഹ്) പറയുന്നു: "ഒരു അടിമ തന്റെ റബ്ബിനോട് ചോദിക്കുന്നതിൽ ഏറ്റവും ശ്രേഷ്ഠമായത് മൂന്ന് കാര്യങ്ങളാണ്:

1) ഉന്നതനും മഹാനുമായ അല്ലാഹുവിന്റെ തൃപ്തി. 2) ഉദാരമായ അവന്റെ മുഖത്തേക്കുള്ള ദർശനം. 3) ഏറ്റവും ഉന്നതമായ ഫിർദൗസ്" (അദ്ദയ്‌ലു അലാ ത്വബകാത്തിൽ ഹനാബില).

ഇമാം ഇബ്നുൽ ക്വയ്യിം(റഹ്) പറയുന്നു: "ഒരു അടിമയെ അല്ലാഹു തൃപ്തിപ്പെടുക എന്നത് തനിക്ക് ലഭിക്കുന്ന സ്വർഗത്തെക്കാളും അതിലുള്ളതിനെക്കാളും വലുതാണ്. കാരണം, തൃപ്തി എന്നത് അവന്റെ വിശേഷണമാണ്, സ്വർഗം അവന്റെ സൃഷ്ടിയുമാണ്. അല്ലാഹു പറയുന്നു: 'വ രിദ്‌വാനുമ്മില്ലാഹി അക്ബർ...'" (മദാരിജുസ്സാലികീൻ).



# ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ 08

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

### മതസ്വാതന്ത്ര്യവും വിവിധ കേസുകളും

മതം, മനഃസാക്ഷി എന്നിവയുടെ അടിസ്ഥാനത്തിൽ ഭരണഘടനയുടെ 25-ാം അനുച്ഛേദം ഉറപ്പു നൽകുന്ന അവകാശങ്ങളും സ്വാതന്ത്ര്യവും ചൂണ്ടിക്കാട്ടി ശിരോവസ്ത്ര വിഷയത്തിൽ വിദ്യാർഥിനികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകർ സമർപ്പിച്ച സമർഥമായ വാദങ്ങളെ ഖണ്ഡിക്കാൻ ജസ്റ്റിസ് ഹേമന്ദ് ഗുപ്ത ഉപയോഗിച്ച മറുവാദങ്ങൾ വളരെ ദുർബലമായിരുന്നു. ഭരണഘടന മതസ്വാതന്ത്ര്യം അനുവദിക്കുന്നുണ്ടെങ്കിലും അതിനെ നിയന്ത്രിക്കാൻ ഭരണകൂടങ്ങൾക്ക് അധികാരമുണ്ട് എന്നായിരുന്നു അദ്ദേഹത്തിന്റെ മറുവാദത്തിന്റെ കാതലായ വശം.

2002ലെ ടി.എം.എ പൈ ഫൗണ്ടേഷൻ-സ്റ്റേറ്റ് ഓഫ് കർണാടക കേസിലെ സുപ്രീംകോടതി വിധിയാണ് ഹേമന്ദ് ഗുപ്ത മുന്നോട്ടുവെക്കുന്ന ഒരു നിരീക്ഷണം. വിധിന്യായത്തിൽ ഇങ്ങനെ പറയുന്നു: ‘വിദ്യാർഥികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനു വേണ്ടി മാത്രമാണ് ഒരു വിദ്യാഭ്യാസ മന്ദിരം സ്ഥാപിക്കപ്പെടുന്നത്. അത്തരമൊരു സ്ഥാപനത്തിൽ, എല്ലാവരും അച്ചടക്കം പാലിക്കുകയും നിയമാനുസൃതമായി രൂപപ്പെടുത്തിയ നിയമങ്ങളും ചട്ടങ്ങളും പാലിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.’

ജമ്മു കശ്മീർ സ്റ്റേറ്റ് ബോർഡ് ഓഫ് എഡ്യൂക്കേഷൻ-ഫെയാസ് അഹ്മദ് മാലിക് കേസിന്റെ (2000) വിധിയിലെ നിരീക്ഷണങ്ങളാണ് മറ്റൊന്ന്. വിദ്യാലയങ്ങളിലെ കോപ്പിയടി നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാലയ അധികാരികൾ ചില നിയമങ്ങൾ കൊണ്ടുവന്നു. എന്നാൽ ജമ്മു കാശ്മീർ ഹൈക്കോടതി കോപ്പിയടി കാര്യത്തിൽ സ്വന്തമായ ചില പദ്ധതികൾ പ്രഖ്യാപിച്ചു. ഇത് ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീംകോടതി വിധി പറഞ്ഞു. അതിലെ പ്രസക്ത ഭാഗങ്ങൾ ഇങ്ങനെ: ‘പരീക്ഷ ക്രമക്കേടുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ സ്വയം ഏറ്റെടുത്തുകൊണ്ടുള്ള ഹൈക്കോടതിയുടെ സമീപനം തെറ്റാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അച്ചടക്കവും പരീക്ഷാ നടത്തിപ്പും സംബന്ധിച്ച കാര്യങ്ങളിൽ ചുമതല സ്ഥാപനങ്ങളുടെ അധികാരികളിൽ നിക്ഷിപ്തമാണ്. ഇത്തരം കാര്യങ്ങളിൽ സ്വന്തം വീക്ഷണങ്ങൾ അടിച്ചേൽപിക്കാൻ കോടതി ശ്രമിക്കരുത്.’

1974 ലെ അഹമ്മദാബാദ് സെന്റ് സേവിയേഴ്സ് കോളേജ്-സ്റ്റേറ്റ് ഓഫ് ഗുജറാത്ത് കേസിന്റെ വിധിയിൽ വന്ന പരാമർശവും ഹേമന്ദ് ഗുപ്ത ഉദ്ധരിച്ചിരിക്കുന്നു. അതിങ്ങനെയാണ്: ‘വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യയുടെ ക്ഷേത്രങ്ങളാണ്. അധ്യാപകനും വിദ്യാർഥിയും തമ്മിൽ സമ്പൂർണ യോജിപ്പുണ്ടാവുക, അധ്യാപകൻ പകർന്നുനൽകുകയും വിദ്യാർഥി സ്വീകരിക്കുകയും ചെയ്യുക, അധ്യാപകനും വിദ്യാർഥിക്കും സമ്പൂർണ സമർപ്പണ ബോധം ഉണ്ടാവുക, അധ്യാപകനും

വിദ്യാർഥിക്കും അച്ചടക്കബോധം ഉണ്ടാവുക എന്നീ ഗുണങ്ങൾ ഉണ്ടാകുന്നിടത്ത് ഇരുവരും ഏറെ ആദരിക്കപ്പെടുന്നവരാണ്. അവിടെ അഭിപ്രായവ്യത്യാസമോ വെല്ലുവിളിയോ ഉണ്ടാകില്ല. അധ്യാപകനും വിദ്യാർഥിയും അറിവ് തേടുക എന്ന പൊതു ആദർശത്തിൽ ഏർപ്പെടുമ്പോൾ മാത്രമാണ് ഒരു വിദ്യാഭ്യാസ സ്ഥാപനം സുഗമമായി പ്രവർത്തിക്കുക. ഇങ്ങനെയുള്ള സുഗമമായ ഭരണം സാധ്യമാവുന്നതിന് നിയമനിഷ്ഠ നടപടികൾ അനിവാര്യമാണ്. വിദ്യാർഥികളുടെയും അധ്യാപകരുടെയും താൽപര്യങ്ങൾ നിറവേറ്റുന്നതിനുള്ള നിയന്ത്രണങ്ങൾ നല്ല ഭരണത്തിന് പരമപ്രധാനമാണ്.'

1989 ലെ ബീഹാർ സ്റ്റേറ്റ് മദ്റസ എഡ്യൂക്കേഷൻ ബോർഡ്-ഹൻഫിയ അറബിക്കോളേജ് കേസിലെ വിധിയിൽ സുപ്രീംകോടതി നടത്തിയ നിരീക്ഷണമാണ് പിന്നീട് ഹേമന്ദ് ഗുപ്ത ഉദ്ധരിക്കുന്നത്. അത് ഇങ്ങനെയാണ്: 'ന്യൂനപക്ഷങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം ഒരു വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കാനും ഭരിക്കാനും അവകാശമുണ്ടെങ്കിലും ദുരുപയോഗം ചെയ്യാൻ അവർക്ക് അവകാശമില്ല. അത്തരം സ്ഥാപനങ്ങളുടെ അച്ചടക്കത്തിനാവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഭരണകൂടത്തിന് അധികാരമുണ്ട്. അത്തരം നിയന്ത്രണങ്ങൾ ന്യൂനപക്ഷാവകാശങ്ങളെ പരോക്ഷമായി സ്വാധീനിച്ചേക്കാം എങ്കിലും അത് ഭരണഘടനയുടെ ആർട്ടിക്കിൾ 30 (1) ലംഘിക്കുന്നില്ല. കാരണം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കാര്യക്ഷമത ഉറപ്പാക്കേണ്ടത് ഭരണകൂടത്തിന്റെ കടമയാണ്. അതേസമയം ഒരു ന്യൂനപക്ഷ സ്ഥാപനത്തിന്റെ നിയന്ത്രണം പൂർണമായും ഏറ്റെടുക്കാൻ ഭരണകൂടത്തിന് അധികാരമില്ല.'

2016 ലെ മോഡേൺ ഡെന്റൽ കോളേജ്-സ്റ്റേറ്റ് ഓഫ് മധ്യപ്രദേശ് കേസിലെ വിധികളിൽനിന്നും ഗുപ്ത ചിലതെല്ലാം വായിച്ചു.

**പൊതുസമാധാനം തകരാറിലാവുന്ന കാര്യങ്ങളിൽ അച്ചടക്ക നിയമങ്ങൾ ഉണ്ടാക്കാൻ സ്കൂൾ അധികൃതർക്ക് അധികാരമുണ്ട്. ഈ കാര്യത്തിൽ ആരും ഒരു തർക്കവും ഉന്നയിച്ചിട്ടില്ല. ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത് ഒരു വ്യക്തിയുടെ മൗലികാവകാശത്തെ ലംഘിക്കുന്ന തരത്തിലുള്ള നിയമങ്ങൾ ഉണ്ടാക്കാൻ പാടുണ്ടോ എന്നതാണ്. ഏതൊരു പൗരന്റെയും മൗലികാവകാശങ്ങളെ ധ്വംസിച്ചുകൊണ്ടുള്ള നിയമങ്ങൾ ഉണ്ടാക്കാൻ രാജ്യത്തെ ഒരു ബോഡിക്കും അധികാരമില്ല. ഭരണഘടന ഉപാധികളായി എണ്ണിയ പൊതുസമാധാനം, ആരോഗ്യം, സാന്മാർഗികത എന്നിവ ലംഘിക്കപ്പെടുന്നു എന്ന് കണ്ടെങ്കിൽ മാത്രമെ നിയന്ത്രണങ്ങൾ കൊണ്ടുവരാവൂ**

### അച്ചടക്കനിയമങ്ങളെ ദുർവ്യാഖ്യാനിക്കുന്നു

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അച്ചടക്ക സംബന്ധമായ നിയമങ്ങൾ ഉണ്ടെങ്കിൽ അതെല്ലാം അനുസരിക്കാൻ വിദ്യാർഥികൾ ബാധ്യസ്ഥരാണ് എന്ന കാര്യമാണ് മുകളിൽ നൽകിയ കോടതി വിധികൾ വ്യക്തമാക്കുന്നത്. അച്ചടക്ക നിയമങ്ങൾ ഉണ്ടാക്കാൻ സ്കൂൾ അധികൃതർക്ക് അധികാരമുണ്ടെന്നും അവയെല്ലാം അനുസരിക്കാൻ വിദ്യാർഥികൾ ബാധ്യസ്ഥരാണ് എന്നും അതിൽനിന്ന് വ്യക്തമാണ്. അതെല്ലാം പൊതുസമാധാനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. പൊതുസമാധാനം തകരാറിലാവുന്ന കാര്യങ്ങളിൽ അച്ചടക്ക നിയമങ്ങൾ ഉണ്ടാക്കാൻ സ്കൂൾ അധികൃതർക്ക് അധികാരമുണ്ട്. ഈ കാര്യത്തിൽ ആരും ഒരു തർക്കവും ഉന്നയിച്ചിട്ടില്ല. ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത് ഒരു വ്യക്തിയുടെ മൗലികാവകാശത്തെ ലംഘിക്കുന്ന തരത്തിലുള്ള നിയമങ്ങൾ ഉണ്ടാക്കാൻ പാടുണ്ടോ എന്നതാണ്. ഉദാഹരണമായി, രാവിലെ സ്കൂളിൽ പ്രവേശിച്ചതുമുതൽ വൈകീട്ട് സ്കൂൾ വിടുന്നവരെ ഒരു വിദ്യാർഥിയും ഭക്ഷണം കഴിക്കരുത് എന്ന് ഏതെങ്കിലും ഒരു സ്കൂൾ നിയമം കൊണ്ടുവന്നാൽ അത് മൗലികാവകാശ ലംഘനമാണ്. അപ്പോൾ വിദ്യാലയ അധികൃതർക്ക് യഥേഷ്ടം നിയമങ്ങൾ ഉണ്ടാക്കാം എന്ന ജസ്റ്റിസ് ഗുപ്തയുടെ വാദത്തിന് യാതൊരു അടിസ്ഥാനവുമില്ല. ഏതൊരു പൗരന്റെയും മൗലികാവകാശങ്ങളെ ധ്വംസിച്ചുകൊണ്ടുള്ള നിയമങ്ങൾ ഉണ്ടാക്കാൻ രാജ്യത്തെ ഒരു ബോഡിക്കും അധികാരമില്ല. ഭരണഘടന ഉപാധികളായി എണ്ണിയ പൊതുസമാധാനം, ആരോഗ്യം, സാന്മാർഗികത എന്നിവ ലംഘിക്കപ്പെടുന്നു എന്ന് കണ്ടെങ്കിൽ മാത്രമെ നിയന്ത്രണങ്ങൾ കൊണ്ടുവരാവൂ. ശിരോവസ്ത്ര വിഷയത്തിൽ ഈ ഉപാധികളിൽ ഏതാണ് ലംഘിക്കപ്പെട്ടത് എന്ന് ജസ്റ്റിസ് ഗുപ്ത പറയുന്നുമില്ല.

അഭിഭാഷകർ ഉയർത്തിപ്പിടിച്ച സുപ്രധാന ആശയങ്ങൾ താഴെ പറയുന്നവയാണ്:

### മതവും മനഃസാക്ഷിയും

ശിരോവസ്ത്രം ധരിക്കുന്ന ഒരു വിദ്യാർഥിനി അവളുടെ മതവിശ്വാസം കൊണ്ടാണ് അത് ധരിക്കുന്നതെങ്കിലും അന്തിമമായി അത് അവളുടെ മനഃസാക്ഷിയുടെ തീരുമാനമാണെന്ന് അഭിഭാഷകർ ചൂണ്ടിക്കാണിച്ചിരുന്നു. 25-ാം അനുച്ഛേദത്തിൽ പറയുന്നത് മനഃസാക്ഷിയും മതവും പരസ്പര പൂരകമാണെന്നാണ് അവർ കോടതിയിൽ വാദിച്ചിരുന്നത്. Conscience (മനഃസാക്ഷി), Profess (വിശ്വസിക്കൽ), Practice (ആചരിക്കൽ) എന്നീ പ്രയോഗങ്ങൾ പരസ്പരബന്ധിതമാണെന്നും 'ആചരിക്കൽ' ഉണ്ടാവണമെങ്കിൽ അതിന് മനഃസാക്ഷിയുടെ പിന്തുണ അനിവാര്യമാണെന്നും അതുകൊണ്ടുതന്നെ ശിരോവസ്ത്രം പോലുള്ള മതവിശ്വാസത്തിന്റെ പേരിൽ അറിയപ്പെടുന്ന ആചാരങ്ങൾ ആത്യന്തി

കമായി മനഃസാക്ഷിയുടെ പ്രതിഫലനമാണെന്നും അവർ വ്യക്തമാക്കിയിരുന്നു.

### ആശയപ്രകടന, സ്വത്വ അടയാള അവകാശങ്ങൾ

സംസാരം, ആശയപ്രകടനം, സ്വത്വം വെളിപ്പെടുത്തൽ, അന്തസ്സ് തുടങ്ങി ഭരണഘടനയുടെ 21-ാം അനുച്ഛേദം ഉറപ്പു നൽകുന്ന അവകാശങ്ങളിൽ തന്നെയാണ് ഒരു വ്യക്തിയുടെ വസ്ത്രധാരണത്തിനുള്ള അവകാശമെന്നും അഭിഭാഷകർ വ്യക്തമാക്കിയിരുന്നു. 21-ാം അനുച്ഛേദം ഇങ്ങനെയാണ്: Protection of life and personal liberty: No person shall be deprived of his life or personal liberty except according to procedure established by law. (ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം: നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങൾക്കനുസൃതമല്ലാതെ ഒരു വ്യക്തിയുടെയും ജീവനോ വ്യക്തിസ്വാതന്ത്ര്യമോ ഇല്ലാതാക്കാൻ പാടില്ല).

ശിരോവസ്ത്രം ധരിക്കുക എന്നത് മൗലികാവകാശമായ Personal Liberty യുടെ ഭാഗമായതുകൊണ്ടു തന്നെ അതിനെ ഇല്ലായ്മ ചെയ്യാൻ ഭരണകൂടങ്ങൾക്ക് അധികാരമില്ല എന്നായിരുന്നു അഭിഭാഷകർ വ്യക്തമാക്കിയ സുപ്രധാന വാദം. യൂണിഫോമിന്റെ പശ്ചാത്തലത്തിലാണെങ്കിൽ പോലും വസ്ത്ര സ്വാതന്ത്ര്യം നിയന്ത്രിക്കണമെങ്കിൽ അതിന് യുക്തിപരമായ ന്യായങ്ങൾ വേണം. ഒരു മുസ്‌ലിം സ്ത്രീ ശിരോവസ്ത്രം ധരിക്കുന്നത് അവൾ ഇസ്‌ലാം മതം പിന്തുടരുന്ന വ്യക്തിയാണെന്ന് സ്വയം വെളിപ്പെടുത്തുന്നതിന് വേണ്ടി കൂടിയാണ്. അത് Right to Identity (സ്വത്വത്തിന് വേണ്ടിയുള്ള അവകാശം), Right to dignity (അന്തസ്സിനുള്ള അവകാശം) എന്നീ വകുപ്പുകളിൽ പെടുന്ന കാര്യം കൂടിയാണ്. മാത്രവുമല്ല അത് Right to Freedom of Expression (ആശയപ്രകടന സ്വാതന്ത്ര്യത്തിനുള്ള അവകാശം) എന്ന 19-ാം അനുച്ഛേദത്തിന്റെ ഭാഗം കൂടിയാണ്.

### യൂണിഫോമിന്റെ അർഥം ഏകജാതീയം എന്നല്ല

യൂണിഫോമിന്റെ ലക്ഷ്യം ഒരിക്കലും ഒരാളുടെ വ്യക്തിത്വത്തിന്റെ അടയാളങ്ങളെ ഇല്ലാതാക്കലല്ല. ഒരു നിർദിഷ്ട ഡ്രസ്സ് കോഡ് ധരിച്ചാൽ അതുവഴി വിദ്യാർഥികൾക്കിടയിൽ നിലനിൽക്കുന്ന സാംസ്കാരിക വൈവിധ്യം ബാഷ്പീകരിക്കപ്പെടണമെന്ന വാദം ഭരണഘടനാപരമല്ല. ഇന്ത്യയെ പോലെയുള്ള ബഹുസാംസ്കാരിക സമൂഹങ്ങളിൽ, സാമൂഹിക വൈവിധ്യങ്ങളെ അംഗീകരിക്കാനും ബഹുമാനിക്കാനും വിദ്യാർഥികളെ പ്രേരിപ്പിക്കുകയാണ് വേണ്ടത്. എന്നാൽ കർണാടക സർക്കാരിന്റെ യൂണിഫോം ഉത്തരവ് ക്ലാസ് മുറിയിലെ സഹിഷ്ണുതയെയും വൈവിധ്യത്തെയും നശിപ്പിക്കുകയും വിനാശകരമായ സ്ഥിതിവിശേഷം സംജാതമാക്കുകയും ചെയ്യിരിക്കുകയാണ്. ക്ലാസ് റൂം ഏകതാനമായിരിക്കണം (Uniform) എന്ന നല്ല ഉദ്ദേശ്യത്തിന്റെ സാരം അത് ഏകജാതീയം (Homogenous) ആവണമെന്നല്ല.

### ഖണ്ഡിക്കാൻ കഴിയാതെ ഗുപ്ത

അഭിഭാഷകർ ഉന്നയിച്ച പ്രധാന വാദങ്ങളാണ് മുകളിൽ സംഗ്രഹിച്ചത്. എന്നാൽ അഭിഭാഷകരുടെ വാദങ്ങൾക്ക് കൃത്യമായ ഖണ്ഡനം നൽകാതെ ഏതാനും ചില സുപ്രീംകോടതി വിധികളിലെ ചില വരികൾ ഉദ്ധരിക്കുക മാത്രമാണ് ഹേമന്ദ് ഗുപ്ത ചെയ്തത്. 1982 ലെ എസ്.പി.മിത്തൽ-യൂണിയൻ ഓഫ് ഇന്ത്യ, 1996 ലെ നാരായണ ദീക്ഷിതുലു-സ്റ്റേറ്റ് ഓഫ് ആന്ധ്ര പ്രദേശ്, 1997 ലെ ശ്രീ ആദി വിശേശ്വര ഓഫ് കാശി വിശ്വനാഥ് ക്ഷേത്രം-സ്റ്റേറ്റ് ഓഫ് യു.പി, എന്നീ കേസുകളിലെ വിധികളിൽനിന്നാണ് അദ്ദേഹം ഉദ്ധരിച്ചത്. ആരാധനകൾ, ആചാരങ്ങൾ, ചടങ്ങുകൾ എന്നിവയിൽ മാത്രം മതം പരിമിതമാണെന്നും മതവും മനഃസാക്ഷിയും തമ്മിൽ വലിയ അന്തരമുണ്ടെന്നും അതുകൊണ്ടുതന്നെ അനുച്ഛേദം 25 പ്രകാരമുള്ള സംരക്ഷണത്തിന്റെ പരിധി മതത്തിനപ്പുറമാണെന്നും സ്ഥാപിക്കുവാനാണ് അദ്ദേഹം ശ്രമിച്ചത്. എന്നാൽ അദ്ദേഹം ഉദ്ധരിച്ച വരികൾ അഭിഭാഷകർ ഉന്നയിച്ച വാദങ്ങളെ ഖണ്ഡിക്കാൻ ഒരു തരിമ്പു പോലും പര്യാപ്തമല്ല.

### ഉപാധികൾക്ക് മറ്റൊരു വ്യാഖ്യാനം

തുടർന്നുകൊണ്ട് ഹേമന്ദ് ഗുപ്ത മത, മനഃസാക്ഷി സ്വാതന്ത്ര്യത്തിന് ഭരണഘടന വെച്ച ഉപാധികൾക്ക് മറ്റൊരു വ്യാഖ്യാനം ചമയ്ക്കാൻ ശ്രമിക്കുകയാണ്. അദ്ദേഹം പറയുന്നത് ഭരണഘടനയിൽ വ്യക്തമാക്കിയ പൊതുസമാധാനം (Public Order), ആരോഗ്യം (Health), സാന്മാർഗികത (Morality) എന്നിവ മാത്രമല്ല ഉപാധികൾ എന്നാണ്. അതിന് അദ്ദേഹം കൂട്ടുപിടിക്കുന്നത് ഭരണഘടനയിലെ അനുച്ഛേദം 25 ലെ ഒരു വാചകത്തെയാണ്. അത് ഇപ്രകാരം വായിക്കാം: ‘Subject to public order, morality and health and to the other provisions of this Part.’ മേൽ പറയപ്പെട്ട ഉപാധികൾക്ക് പുറമെ ഈ ഭാഗത്തിലെ, അഥവാ, ഭാഗം 3ലെ (12 മുതൽ 35 വരെയുള്ള) അനുച്ഛേദങ്ങൾക്ക് കൂടി വിധേയമാണ് മത, മനഃസാക്ഷി സ്വാതന്ത്ര്യം എന്നർഥം. എന്നാൽ 12 മുതൽ 35 വരെയുള്ള ഏതൊരു അനുച്ഛേദം വായിച്ചുനോക്കിയാലും ഒരു വ്യക്തിയുടെ മതപരമോ സാംസ്കാരികമോ ആയ അവകാശങ്ങളെ നിയന്ത്രിക്കാവുന്ന ഒരു ഘടകമോ ഉപാധിയോ അവിടെ കാണാൻ സാധിക്കില്ല. ഇവിടെ ഒരു കാര്യം വ്യക്തമായി; പൊതുസമാധാനം, സാന്മാർഗികത, ആരോഗ്യം എന്നീ ഉപാധികൾക്ക് വിധേയമായി ശിരോവസ്ത്രത്തെ നിയന്ത്രിക്കാൻ സാധിക്കില്ല എന്ന് ഹേമന്ദ് ഗുപ്തക്കും സമ്മതിക്കേണ്ടി വന്നു.

*(അടുത്ത ലക്കത്തിൽ: 25-ാം അനുച്ഛേദപ്രകാരം അനിവാര്യമായ മതാചാരങ്ങളുടെ പരിധി)*



# സംസ്ഥാന സുരക്ഷാ കമ്മീഷൻ

**അബൂ ആദം അയ്മൻ**

സംസ്ഥാന സുരക്ഷാ കമ്മീഷൻ (State Security Commission) പൊലീസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച പൊതുനയപരിപാടികൾ നടപ്പാക്കുന്നതിന് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനും, പൊലീസിന്റെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ പൊതുവായി വിലയിരുത്തുന്നതിനും വേണ്ടി കേരള പൊലീസ് ആക്ട് 24ാം വകുപ്പ് പ്രകാരമാണ് രൂപവൽക്കരിക്കപ്പെടുന്നത്. ആഭ്യന്തര മന്ത്രി ചെയർമാനായ കമ്മീഷനിൽ നിയമമന്ത്രി, പ്രതിപക്ഷനേതാവ്, ഹൈക്കോടതി ചീഫ് ജസ്റ്റീസ് നാമനിർദേശം ചെയ്യുന്ന ഒരു റിട്ട. ഹൈക്കോടതി ജഡ്ജി, ചീഫ് സെക്രട്ടറി, ആഭ്യന്തര സെക്രട്ടറി, സംസ്ഥാന പൊലീസ് മേധാവികൂടിയായ ഡിജിപി (ഇവർ മൂവരും എക്സ് ഒഫീഷ്യോ), ക്രമസമാധാനപാലനം, ഭരണനിർവഹണം, മനുഷ്യാവകാശങ്ങൾ, നിയമം, സാമൂഹ്യസേവനം, പൊതുഭരണനടത്തിപ്പ് എന്നിവയിൽ വിപുലമായ വിജ്ഞാനവും പരിചയവുമുള്ള പ്രമുഖരായ വ്യക്തികളിൽനിന്ന് ഗവർണർ നാമനിർദേശം ചെയ്യുന്ന ഒരു വനിതയടക്കമുള്ള മൂന്ന് അനൗദ്യോഗികാംഗങ്ങൾ എന്നിവർ അംഗങ്ങളായിരിക്കും. സംസ്ഥാന പൊലീസ് മേധാവിയായിരിക്കും കമ്മീഷന്റെ സെക്രട്ടറി.

കമ്മീഷന്റെ ചുമതലകൾ ഇനി പറയുന്നവയാണ്: സംസ്ഥാനത്ത് പൊലീസ് സേന പ്രവർത്തിക്കുന്നതിനുള്ള പൊതുവായ മാർഗനിർദേശങ്ങൾക്ക് രൂപം നൽകുക, പൊലീസിന്റെ കുറ്റകൃത്യ നിവാരണദൗത്യത്തിന്റെയും സേവനാധിഷ്ഠിത പ്രവർത്തനങ്ങളുടെയും നടത്തിപ്പിനായുള്ള നിർദേശങ്ങൾ നൽകുക, പൊതുവിൽ സംസ്ഥാനത്തെ പൊലീസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുക, കമ്മീഷന്റെ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിനു സമർപ്പിക്കുക, സംസ്ഥാന പൊലീസിന്റെ കാലാകാലങ്ങളിൽ ഉണ്ടാകേണ്ട മാറ്റങ്ങൾക്ക് മാർഗനിർദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുക, ഗവൺമെന്റ് ഏൽപിച്ചു നൽകുന്ന മറ്റു ചുമതലകൾ നിർവഹിക്കുക.

**സൈന്യത്തെപ്പറ്റി അൽപം**

ഇന്ത്യയുടെ സർവസൈന്യാധിപൻകൂടിയായ രാഷ്ട്രപതിയുടെ കീഴിലുള്ള ഇന്ത്യൻ സേനയിലെ കര-നാവിക-വ്യോമസേനാവിഭാഗങ്ങളിൽപ്പെടുന്ന കമ്മീഷൻഡ് ഓഫീസർമാരുടെ തുല്യതല റാങ്ക്‌ലിസ്റ്റ് ആരോഹണക്രമത്തിൽ ചുവടെ ചേർക്കുന്നു:

സെക്കന്റ്‌ലെഫ്റ്റനന്റ്-ആക്ടിംഗ് സബ് ലെഫ്റ്റനന്റ്-പൈലറ്റ് ഓഫീസർ; ലെഫ്റ്റനന്റ്-സബ് ലെഫ്റ്റനന്റ്-ഫ്ളയിംഗ് ഓഫീസർ; ക്യാപ്റ്റൻ ലെഫ്റ്റനന്റ്-ഫ്ളയിറ്റ് ലെഫ്റ്റനന്റ്; മേജർ-ലെഫ്റ്റനന്റ് കമാൻഡർ-സ്ക്വാഡ്രൺ ലീഡർ; ലെഫ്റ്റനന്റ് കേണൽ-കമാൻഡർ-വിംഗ് കമാൻഡർ, കേണൽ ക്യാപ്റ്റൻ -ഗ്രൂപ്പ് ക്യാപ്റ്റൻ; ബ്രിഗേഡിയർ-കൊമ്മൊഡോർ-എയർ കൊമ്മൊഡോർ; മേജർ ജനറൽ-റിയർ അഡ്മിറൽ-എയർ വൈസ്മാർഷൽ, ലെഫ്റ്റനന്റ് ജനറൽ-വൈസ് അഡ്മിറൽ-എയർ മാർഷൽ; ജനറൽ-അഡ്മിറൽ- എയർ ചീഫ് മാർഷൽ.

ജനറൽ കരസേനാധിപനും, അഡ്മിറൽ നാവികസേനാധിപനും, എയർ ചീഫ് മാർഷൽ വ്യോമസേനാധിപനുമായിരിക്കും. യുദ്ധരംഗത്തായാലും അല്ലെങ്കിലും രാജ്യത്തിനുവേണ്ടി പ്രശസ്തവും വിലപ്പെട്ടതുമായ ധീരസേവനം അനുഷ്ഠിക്കേണ്ടിവരുന്ന സേനാധിപന്മാരെ പരമോന്നത സൈനിക റാങ്ക് നൽകി ബഹുമാനിക്കാറുണ്ട്. ഫീൽഡ് മാർഷൽ, അഡ്മിറൽ ഓഫ് ദ ഫ്ളീറ്റ്, മാർഷൽ ഓഫ് ദ എയർ ഫോഴ്സ് എന്നിവയാണ് യഥാക്രമമുള്ള പ്രസ്തുത റാങ്കുകൾ.

*(അവലംബം)*



യഹൂദർ: ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും 07

# യഹൂദരുടെ ഗൂഢതന്ത്രങ്ങൾ

**ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ**

: 9497385707

മദീനയുടെ പരിസരപ്രദേശങ്ങളിൽ പാർത്തിരുന്ന യഹൂദർ ഇസ്ലാമിക പ്രബോധനത്തിന്റെ ശക്തി ക്ഷയിപ്പിക്കുന്നതിനായി നിരന്തരമായ ഗൂഢാലോചനയിൽ മുഴുകിയിരുന്നു. വിശ്വാസികളുടെ മനോധൈര്യം കെടുത്തുന്നതിനും നബി(സ്വ)യെക്കുറിച്ച് അനുയായികൾക്കിടയിൽ തെറ്റുധാരണ ജനിപ്പിക്കുന്നതിനും ചില അനുയായികളെത്തന്നെ അവർ ചട്ടംകെട്ടി അയച്ചിരുന്നു. അവർ ആദ്യം ഇസ്ലാം സ്വീകരിച്ചതായി പ്രഖ്യാപിക്കും, പിന്നീട് മതപരിത്യാഗി(മുർതദ്ദ്) ആയതായും പ്രഖ്യാപിക്കും. ഇസ്ലാമിൽ പല കുഴപ്പങ്ങളുമുണ്ട്, മുസ്ലിംകളിൽ ധാരാളം തകരാറുകളുണ്ട്, പ്രവാചകനിൽ ഒട്ടനവധി ദൂഷ്യങ്ങളുണ്ട്, ഞാനിതൊക്കെ നേരിൽ അനുഭവിച്ച് ബോധ്യപ്പെട്ടതിനാലാണ് ആ പുത്തൻ പ്രസ്ഥാനംവിട്ട് തിരികെ പോന്നിരിക്കുന്നത് ഇങ്ങനെയൊക്കെ വിവിധ സ്ഥലങ്ങളിൽ അവർ പ്രചരിപ്പിക്കും.

ജനങ്ങൾ സത്യവിശ്വാസം കൈക്കൊള്ളുന്നതിന് കഴിയും വിധത്തിലെല്ലാം തടയിടുകയായിരുന്നു അവരുടെ ലക്ഷ്യം. വിശ്വാസം സ്വീകരിച്ചവർ യഹൂദ മതത്തിലേക്ക് മടങ്ങിവരണമെന്ന് അവർ അതിയായി ആഗ്രഹിച്ചിരുന്നു.

ഖുർആൻ പറയുന്നു: "വേദക്കാരിൽ ഒരുവിഭാഗം (സ്വന്തം അനുയായികളോട്) പറഞ്ഞു: ഈ വിശ്വാസികൾക്ക് അവതരിപ്പിക്കപ്പെട്ടതിൽ

**ജനങ്ങൾ സത്യവിശ്വാസം കൈക്കൊള്ളുന്നതിന് കഴിയും വിധത്തിലെല്ലാം തടയിടുകയായിരുന്നു യഹൂദരുടെ ലക്ഷ്യം. വിശ്വാസം സ്വീകരിച്ചവർ യഹൂദ മതത്തിലേക്ക് മടങ്ങിവരണമെന്ന് അവർ അതിയായി ആഗ്രഹിച്ചിരുന്നു.**
**ക്വുർആൻ പറയുന്നു: "വേദക്കാരിൽ ഒരുവിഭാഗം (സ്വന്തം അനുയായികളോട്) പറഞ്ഞു: ഈ വിശ്വാസികൾക്ക് അവതരിപ്പിക്കപ്പെട്ടതിൽ പകലിന്റെ ആരംഭത്തിൽ നിങ്ങൾ വിശ്വസിച്ചുകൊള്ളുക. പകലിന്റെ അവസാനത്തിൽ നിങ്ങളത് അവിശ്വസിക്കുകയും ചെയ്യുക. (അതു കണ്ട്) അവർ (വിശ്വാസികൾ) പിൻമാറിയേക്കാം'' (ആലു ഇംറാൻ 72)**


പകലിന്റെ ആരംഭത്തിൽ നിങ്ങൾ വിശ്വസിച്ചുകൊള്ളുക. പകലിന്റെ അവസാനത്തിൽ നിങ്ങളത് അവിശ്വസിക്കുകയും ചെയ്യുക. (അതു കണ്ട്) അവർ (വിശ്വാസികൾ) പിൻമാറിയേക്കാം" (ആലു ഇംറാൻ 72).

ഇങ്ങനെ രാവിലെ വിശ്വാസം പ്രഖ്യാപിച്ചവർ വൈകുന്നേരം അവിശ്വാസികളായി മാറിയെന്ന് ജനങ്ങൾ അറിയുമ്പോൾ ആ മാറ്റത്തിന് ന്യായമായ വല്ല കാരണവുമുണ്ടാകുമെന്ന് ചിലരെങ്കിലും ധരിച്ചുകൊള്ളുമെന്നാണ് യഹൂദർ പ്രതീക്ഷിച്ചിരുന്നത്.

ഇത്തരം സാഹചര്യങ്ങളിൽ പ്രകോപിതരായി സമചിത്തത നഷ്ടപ്പെട്ട് ബുദ്ധിമോശം കാണിക്കാതിരിക്കാൻ വിശ്വാസികൾ വിവേകപൂർവം പെരുമാറണം. വാദപ്രതിവാദങ്ങളും ചർച്ചകളുമെല്ലാം വിഷയത്തിന്റെ പരിധി ലംഘിക്കാതിരിക്കാൻ നിതാന്ത ജാഗ്രത പുലർത്തണം. വിലയേറിയ സമയം പാഴാകുന്നതിനൊപ്പം അന്തസ്സും മാന്യതയും ചൂഷണം ചെയ്യാൻ അപ്പുറത്ത് ശത്രു ജാഗ്രതപുലർത്തുന്നതു തിരിച്ചറിയണം. ദൈവസ്മരണയിലും സൽപ്രവർത്തനങ്ങളിലും വിനിയോഗിക്കേണ്ട സമയവും കഴിവുകളും വിശ്വാസികൾ നിഷ്ഫലമാക്കി കളഞ്ഞുകൂടാ.

ക്വുർആൻ പറയുന്നു: "നിങ്ങൾ സത്യവിശ്വാസം സ്വീകരിച്ചശേഷം നിങ്ങളെ അവിശ്വാസികളാക്കി മാറ്റിയെടുക്കുവാനാണ് വേദക്കാരിൽ മിക്കവരും ആഗ്രഹിക്കുന്നത്. സത്യം വ്യക്തമായി ബോധ്യപ്പെട്ടിട്ടും സ്വാർഥപരമായ അസൂയ നിമിത്തമാണ് (അവരാ നിലപാട് സ്വീകരിക്കുന്നത്). എന്നാൽ (അവരുടെ കാര്യത്തിൽ) അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നതുവരെ നിങ്ങൾ പൊറുക്കുകയും ക്ഷമിക്കുകയും ചെയ്യുക. നിസ്സംശയം അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനത്രെ" (അൽബകറ 109).

നിരർഥകവും അപ്രധാനവുമായ നിരവധി ചോദ്യങ്ങൾ യഹൂദർ മുസ്‌ലിം സമൂഹത്തിനിടയിൽ പ്രചരിപ്പിക്കുകയും പ്രവാചകനോട് ഇത്തരം ചോദ്യങ്ങൾ ചോദിക്കു



വാൻ സമൂഹത്തെ പ്രേരിപ്പിക്കുകയും ചെയ്യുക പതിവായിരുന്നു. ഇത്തരം വക്രബുദ്ധികളുടെ നയങ്ങളെ എന്നും കരുതിയിരിക്കാൻ സ്രഷ്ടാവ് ക്വുർആനിലൂടെ മുന്നറിയിപ്പു നൽകുന്നുണ്ട്.

അർഥശൂന്യങ്ങളായ ഇത്തരം ചോദ്യങ്ങളാണ് പൂർവകാല സമുദായങ്ങളുടെ തകർച്ചക്ക് മുഖ്യഹേതുവായതെന്ന് മുഹമ്മദ് നബി(സ്വ) വിശ്വാസികളെ അടിക്കടി ഉണർത്തിക്കൊണ്ടിരുന്നു. അനാവശ്യവും നിരർഥകവുമായ ചോദ്യങ്ങൾ വർജിക്കാനും, അല്ലാഹുവും തിരുദൂതരും ഉപേക്ഷിച്ച പ്രശ്നങ്ങൾ ചികഞ്ഞുപെറുക്കി വിലയേറിയ സമയം പാഴാക്കാതിരിക്കാനും, കൽപനകൾ പ്രാവർത്തികമാക്കിയും നിരോധനകൾ വർജിച്ചുകൊണ്ടും പ്രയോജനകരമായ രംഗങ്ങളിൽ ശ്രദ്ധചെലുത്താനാണ് അല്ലാഹുവിന്റെ മുഖ്യനിർദേശം. ക്വുർആനിൽ ഇങ്ങനെ കാണാം:

“മുമ്പ് മൂസായോട് ചോദിക്കപ്പെട്ടതുപോലുള്ള ചോദ്യങ്ങൾ നിങ്ങളുടെ റസൂലിനോടും ചോദി



ക്കുവാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? സത്യവിശ്വാസത്തിന് പകരം സത്യനിഷേധത്തെ സ്വീകരിക്കുന്നവരാരോ അവർ നേർമാർഗത്തിൽ നിന്നു വ്യതിചലിച്ചു പോയിരിക്കുന്നു” (അൽബക്വറ:108).

മൂസാനബി(അ)ക്കു നേരെ ഇസ്റാഈല്യർ തൊടുത്തുവിട്ട ചോദ്യങ്ങൾക്ക് ഉദാഹരണങ്ങൾ ക്വുർആൻ പലയിടത്തും വ്യക്തമാക്കിയിട്ടുണ്ട്. ചിലത് അധികപ്പറ്റും മറ്റുചിലത് ധിക്കാരവും ഭോഷത്തരവും ചിലത് പരിഹാസവും മറ്റുചിലത് പമ്പരവിഡ്ഢിത്തവുമായിരുന്നു. പശുവിനെ അറുക്കാൻ കൽപിച്ചപ്പോഴുണ്ടായ ചോദ്യങ്ങളും അല്ലാഹുവിനെ കാണിച്ചുകൊടുക്കാനാവശ്യപ്പെട്ടതും ചില ഉദാഹരണങ്ങളാണ്.

അനാവശ്യമായ ചോദ്യങ്ങളും അന്വേഷണങ്ങളും കൺഫ്യൂഷൻ സൃഷ്ടിക്കലും പൂർവകാല യഹൂദരുടെ വിനോദമായിരുന്നു. സംഘടനാ പ്രവർത്തകർക്കിടയിൽ കോലാഹലങ്ങൾ നിത്യസംഭവവും വ്യാപകവുമാകുന്ന ഇക്കാലത്ത് ചിലർ അറിഞ്ഞോ അറിയാതെയോ യഹൂദരുടെ ഇത്തരം പാരമ്പര്യം പ്രാവർത്തികമാക്കി പൂർവകാല ചരിത്രങ്ങളെ ഓർമപ്പെടുത്താറുണ്ട്.

സത്യവിശ്വാസികൾ പ്രവാചകനോട് ചോദ്യങ്ങൾ ചോദിക്കുന്നതിൽ മിതത്വവും മര്യാദയും പാലിക്കേണ്ടുന്നതിന്റെ ആവശ്യകതയും യഹൂദരുടെ ഹീനമായ പ്രവർത്തനങ്ങൾക്കുനേരെയുള്ള സ്രഷ്ടാവിന്റെ പ്രതിഷേധവുമാണ് ഇവിടെ വ്യക്തമാകുന്നത്. ചോദ്യങ്ങൾ ചോദിക്കരുതെന്നല്ല, മറിച്ച് അത് അനിയന്ത്രിതമാവുകയും അതിരുകടക്കുകയും ചെയ്താൽ അത് അവിശ്വാസത്തിലേക്ക് വഴിതെളിക്കുമെന്നും ഇസ്‌ലാം താക്കീത് നൽകുകയാണ് ചെയ്യുന്നത്. നബി(സ്വ)യോട് സംശയങ്ങൾ ചോദിക്കരുതെന്നോ ആവശ്യമുള്ള കാര്യങ്ങൾ അന്വേഷിക്കരുതെന്നോ ഇസ്‌ലാം പറയുന്നില്ല, പറഞ്ഞിട്ടുമില്ല. മൂസാ നബി(അ)യോട് അദ്ദേഹത്തിന്റെ ജനത ചോദിച്ചമാതിരിയുള്ള ചോദ്യങ്ങൾ മുഹമ്മദ് നബി(സ്വ)യോട് ചോദിക്കരുതെന്നാണ് അനുയായികളോട് അല്ലാഹു പറയുന്നത്. ക്വുർആനിൽ ഇങ്ങനെ കാണാം: “സത്യവിശ്വാസികളേ, ചിലകാര്യങ്ങളെപ്പറ്റി നിങ്ങൾ ചോദിക്കരുത്. നിങ്ങൾക്ക് അവ വെളിപ്പെടുത്തപ്പെട്ടാൽ നിങ്ങൾക്കത് മനഃപ്രയാസമുണ്ടാക്കും...”(മാഇദ 101).

മുഗീറതുബിൻ ശുഅ്ബ(റ) പറയുന്നു: “നബി(സ്വ) പറയുന്നതായി ഞാൻ കേട്ടു: ‘അവൻ പറഞ്ഞു,’ ‘ആരോ പറഞ്ഞു’ എന്നിങ്ങനെ കണ്ടതും കേട്ടതും പറയുന്നതും ധനം പാഴാക്കിക്കളയുന്നതും അധികം ചോദ്യം ചെയ്യുന്നതും നബി(സ്വ) വിരോധിച്ചു” (ബുഖാരി, മുസ്‌ലിം).

**അനാവശ്യമായ ചോദ്യങ്ങളും അന്വേഷണങ്ങളും കൺഫ്യൂഷൻ സൃഷ്ടിക്കലും പൂർവകാല യഹൂദരുടെ വിനോദമായിരുന്നു. സംഘടനാ പ്രവർത്തകർക്കിടയിൽ കോലാഹലങ്ങൾ നിത്യസംഭവവും വ്യാപകവുമാകുന്ന ഇക്കാലത്ത് ചിലർ അറിഞ്ഞോ അറിയാതെയോ യഹൂദരുടെ ഇത്തരം പാരമ്പര്യം പ്രാവർത്തികമാക്കി പൂർവകാല ചരിത്രങ്ങളെ ഓർമപ്പെടുത്താറുണ്ട്.**



# വികൃതിക്കുട്ടികൾ!

**ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി**

കുട്ടികളാകുമ്പോൾ അൽപം വികൃതിയും കുസൃതിയുമൊക്കെ സ്വാഭാവികമാണ്. എന്നാൽ അപൂർവം ചില കുട്ടികളിൽ അമിതമായ വികൃതി കണ്ടുവരുന്നു. ഇതിനെ ADHD (Attention Deficit Hyperactivity Disorder) എന്നാണ് വൈദ്യശാസ്ത്രത്തിൽ പറയുന്നത്. എങ്ങനെയാണ് നമുക്ക് കുട്ടികളിൽ കണ്ടുവരുന്ന ഈ അവസ്ഥ തിരിച്ചറിയാനാവുക?

നമ്മുടെ വികാരം, ചലനം, ശ്രദ്ധ തുടങ്ങിയ കാര്യങ്ങൾ നിയന്ത്രിക്കുന്ന Dopamine, Norepinephrine എന്നീ രാസപദാർഥങ്ങളിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കാരണം സാരമായ ശ്രദ്ധക്കുറവും കൂടെ അമിതമായ വികൃതി, എടുത്തുചാട്ടം എന്നിവയും ഒന്നിച്ചു കാണുമ്പോഴാണ് അതിനെ ADHD ആയി കണക്കാക്കുന്നത്. കുട്ടികളിലാണ് ഇത് സാധാരണയായി കണ്ടുവരാറുള്ളതെങ്കിലും അപൂർവമായി ചിലരിൽ ഇത് യൗവനത്തിലും തുടരുന്നതായി കണ്ടുവരുന്നു.

## കാരണങ്ങൾ

പാരമ്പര്യം: കുട്ടിയുടെ മാതാപിതാക്കളിൽ ആർക്കെങ്കിലും ഇത്തരം ഒരു അവസ്ഥയുണ്ടായിരുന്നെങ്കിൽ മക്കളിലും കാണാനുള്ള സാധ്യത ഏറെയാണ്. ഗർഭാവസ്ഥയിൽ മാതാവ് പുകവലിക്കുന്നതും മദ്യപിക്കുന്നതും കുട്ടികളിൽ ADHD ഉണ്ടാകാൻ കാരണമാകുന്നു. മാസം തികയാതെയുള്ള പ്രസവവും ചിലപ്പോൾ കുട്ടികളിൽ ഇത് ഉണ്ടാകാൻ ഇടയാക്കുന്നു

## ലക്ഷണങ്ങൾ

ഏകദേശം 3-4 വയസ്സുമുതൽ ലക്ഷണങ്ങൾ കാണിച്ചുതുടങ്ങാറുണ്ടെങ്കിലും സ്കൂളിൽ പോയിത്തുടങ്ങുമ്പോഴാണ് സാധാരണയായി കൂടുതൽ ലക്ഷണങ്ങൾ തിരിച്ചറിയപ്പെടുന്നത്. സ്കൂളിലും വീട്ടിലുമെല്ലാം കാര്യമായ ശ്രദ്ധക്കുറവ്, അമിതവികൃതി, എടുത്തുചാട്ടം എന്നിങ്ങനെയുള്ള ലക്ഷണങ്ങൾ കാണിക്കുമ്പോഴാണ് ഇത് ചികിത്സ ആവശ്യമായി വരുന്ന ഒരു രോഗാവസ്ഥയായി പരിഗണിക്കപ്പെടുന്നത്. പഠനത്തിലും മറ്റുകാര്യങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ കുട്ടികൾ പ്രയാസപ്പെടുന്നത് പ്രധാനമായ ഒരു ലക്ഷണമാണ്.

സ്കൂളിൽ കൊണ്ടുപോകുന്ന പുസ്തകം, പേന തുടങ്ങിയവ തുടർച്ചയായി നഷ്ടപ്പെടുത്തിക്കളയുന്നത് അവരുടെ ശ്രദ്ധക്കുറവിന്റെ ഭാഗമാണ്. അതോടൊപ്പം അമിതമായ വികൃതി, അടങ്ങിയിരിക്കാതെയുള്ള പെരുമാറ്റം എന്നിവമൂലം ഇത്തരം കുട്ടികൾ പലപ്പോഴും വീഴുന്നതും ഒടിവോ മുറിവോ ഉണ്ടാകുന്നതും പതിവായിരിക്കും. അമിതമായ ആവേശവും എടുത്തുചാട്ടവും കാരണം കുട്ടികളുടെ ദൈനംദിന ജീവിതത്തിൽ അവരെ തീർത്തും അക്ഷമരായി കാണാനാകും.

ക്ലാസ്സിൽ അടങ്ങിയിരിക്കുന്നില്ല, മറ്റു കുട്ടികളെ ശല്യം ചെയ്യുന്നു, ചോദ്യം മുഴുവനായി കേൾക്കാതെ അല്ലെങ്കിൽ ചോദ്യം ശ്രദ്ധിക്കാതെ ഉത്തരം പറയാൻ ധൃതി കാണിക്കുന്നു, സ്ഥലകാല ബോധമില്ലാതെ പ്രതികരിക്കുന്നു എന്നെല്ലാം ചില കുട്ടികളെക്കുറിച്ച് അധ്യാപകർ പരാതിപ്പെടാൻ കാരണമാകുന്നത് കുട്ടികളിലെ ഇത്തരം ഹൈപ്പർ ഇമ്പൾസിവ് ഡിസോർഡറാണ്.

## ചികിത്സ

ADHD ചികിത്സ ആവശ്യമായി വരുന്ന ഒരു രോഗാവസ്ഥയാണ്. കുട്ടിക്ക് മരുന്നുകളും സൈക്കോ തെറാപ്പിയും കൊടുക്കണം. അതോടൊപ്പം കുട്ടിയുടെ മാതാപിതാക്കൾക്ക് കുട്ടിയെ പ്രത്യേകം മാനേജ് ചെയ്യേണ്ട രീതികൾ പഠിപ്പിച്ചുകൊടുക്കലും അനിവാര്യമാണ്. കുട്ടിയെ പഠിപ്പിക്കുന്ന അധ്യാപകർ കുട്ടിയുടെ രോഗവിവരം അറിഞ്ഞിരിക്കൽ അത്യാവശ്യമാണ്. അതിനനുസരിച്ചുള്ള പ്രത്യേകമായ ശ്രദ്ധയും പരിഗണനയും കുട്ടികൾക്ക് അധ്യാപകരിൽനിന്ന് ലഭിക്കേണ്ടതുണ്ട്.

മറ്റു കുട്ടികളെ അപേക്ഷിച്ച് ഇത്തരം കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുകയും അവർക്ക് എല്ലാ കാര്യങ്ങളും കുറച്ചുകൂടി വ്യക്തമായും ലളിതമായും പറഞ്ഞുകൊടുക്കുകയും ചെയ്യാൻ രക്ഷിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. അവരുടെ കൂടെ കൂടുതൽ സമയം ചെലവഴിക്കുന്നത് നല്ലതാണ്. അവർക്ക് ഇഷ്ടപ്പെട്ട നല്ല കാര്യങ്ങളിൽ ഏർപ്പെടാൻ അവസരം കൊടുക്കുന്നത് അനാവശ്യമായ കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കാൻ അവരെ സഹായിക്കും. മൊബൈൽ ഉപയോഗം ഇത്തരക്കാരിൽ ഉത്കണ്ഠ വർധിപ്പിക്കുകയും അത് ADHD ലക്ഷണങ്ങൾ വർധിക്കാൻ കാരണമാവുകയും ചെയ്യുന്നു. അതിനാൽ മൊബൈൽ ഉപയോഗിക്കുന്ന സമയത്തിൽ നിയന്ത്രണം അനിവാര്യമാണ്. ■



ലേഖനം

ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 42

# മിർസാഗുലാമിന്റെ കൂടോത്ര ഭയം!

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

ഖാദിയാനി പ്രവാചകൻ എഴുതുന്നു: "ഒരിക്കൽ ശരീരത്തിന്റെ താഴ്ഭാഗം ചലനമറ്റു. ഒരടി നടക്കാൻ പറ്റാതായി. ശരീരമാസകലം നല്ല വേദന. തിരിഞ്ഞു കിടക്കാൻ പോലും പറ്റുന്നില്ല. മനസ്സിലാകട്ടെ വല്ലാത്ത വിഷമവും ആധിയും. ശത്രുക്കളുടെ കൂടോത്രം വല്ലതും ആകുമോ? മറ്റൊന്നിനുമല്ല, മതപരമായ ശത്രുത കാരണം. ഞാൻ പ്രാർഥിച്ചുകൊണ്ടിരിക്കെ മയക്കത്തിലേക്ക് വീണു. അപ്പോൾ വഹ്‌യ് അവതരിച്ചു: 'നിശ്ചയമായും എല്ലാറ്റിനും കഴിവുള്ളവനാണ് അല്ലാഹു. അവൻ വിശ്വാസികളെ അപമാനിക്കുകയില്ല.' എന്റെ ജീവൻ ആരുടെ കൈയിലാണോ, ഞാൻ സത്യമാണോ കള്ളമാണോ പറയുന്നത് എന്ന് ഇപ്പോഴും കേട്ടുകൊണ്ടിരിക്കുന്നവനാണെ സത്യം, അരമണിക്കൂറോളം ഞാൻ ഉറങ്ങിയുണർന്നപ്പോൾ അസുഖത്തിന്റെ ഒരടയാളവും ബാക്കിയില്ല. എല്ലാവരും ഉറങ്ങിക്കിടക്കുമ്പോൾ ഞാൻ പരീക്ഷിക്കാൻ വേണ്ടി എഴുന്നേറ്റുനടന്നു. എനിക്കുറപ്പായി, ഞാൻ പൂർണ രോഗമുക്തി നേടിയിരിക്കുന്നു എന്ന്" (പേജ് 564).

വല്ലാത്ത നബിതന്നെ! എന്തെങ്കിലും അസുഖം വരുമ്പോഴേക്ക് ജൽപിക്കുകയാണ്, ആരോ എന്തോ കൂടോത്രം ചെയ്തുകാണുമെന്ന്. അല്ലാഹുവിൽ ഭരമേൽപിച്ചു ജീവിക്കുന്ന ദൃഢവിശ്വാസികളായിരുന്നു മുൻകഴിഞ്ഞ പ്രവാചകന്മാരൊക്കെയും. അവരാരും വല്ല അസുഖവും ബാധിക്കുമ്പോഴേക്കും കൂടോത്രമാണോ എന്നു ഭയപ്പെടുന്നവരായിരുന്നില്ല.

### പുനർജന്മം നൽകും മരുന്നോ?

"21.10.1901. ഖാസി യൂസുഫ് അലി നുഅ്മാനി കഠിനമായ രോഗം ബാധിച്ചു സൻഗൂറിൽനിന്ന് വളരെ കഷ്ടപ്പെട്ട് യാത്ര ചെയ്തു ദാറുൽ അമാനിൽ (മിർസായുടെ വീട്ടിൽ) വന്നു. ദ്വുഹ്റിന്റെ സമയത്ത് രോഗം മൂർച്ഛിക്കുകയും ഉറുമ്പിനെ പോലെ ദുർബലനാവുകയും ചെയ്തു അദ്ദേഹം. അദ്ദേഹത്തിന്റെ മകൻ സിറാജുൽ ഹഖ് ബേജാറായി മസീഹിന്റെ അടുത്തു ചെന്ന് വിവരം പറഞ്ഞു. അദ്ദേഹം മൂന്നു മരുന്നുകൾ തയ്യാറാക്കി നൽകുകയും പ്രാർഥിക്കുകയും ചെയ്തു. അൽപനേരം കഴിഞ്ഞപ്പോൾ വഹ്‌യ് അവതരിച്ചു: 'സമയത്തിന് പറ്റിയ ചികിത്സയും വിഷഹാരിയും ആണിത്.' രാവിലെ ഹുസൂർ വിഷത്തിനുള്ള മരുന്ന് കൊടുത്തു. നിമിഷങ്ങൾക്കകം ഖാസി സാഹിബിലേക്ക് ആത്മാവ് പ്രവേശിച്ചു. നോക്കിനിൽക്കെ തന്നെ അദ്ദേഹം രോഗമുക്തി നേടി എഴുന്നേറ്റിരുന്നു" (പേജ് 336-337).

ആത്മാവ് പ്രവേശിച്ചു എന്നു പറയണമെങ്കിൽ മരണം സംഭവിക്കണമല്ലോ. ഇങ്ങനെയൊരു മരുന്നുണ്ടായിരുന്നു മിർസയുടെ പക്കലെങ്കിൽ അക്കാലത്ത് ഒരു ഖാദിയാനിയും മരിക്കില്ലായിരുന്നു. മരിച്ചാൽതന്നെ 'പുനർജന്മം നൽകാനുള്ള മരുന്ന്' ഖാദിയാനി പ്രവാചകന്റെ പക്കൽ ഉണ്ടായിരുന്നല്ലോ. ഇയാളുടെ കാലശേഷം ഇതൊക്കെ വായിച്ച് ഇയാൾക്ക് വഹ്യ് ലഭിച്ചിരുന്നു എന്ന് വിശ്വസിക്കുന്നവരെ സമ്മതിക്കണം!

### 'മഹത്തായ ദൈവിക രോഗശാന്തി!'

"1905 മെയ് 30. ഹുസൂറിന്റെ വീട്ടുകാരി രോഗം ബാധിച്ച് ഏറെ പ്രയാസമനുഭവിക്കുകയായിരുന്നു. ഒരുപാട് മരുന്നുകൾ നൽകിയെങ്കിലും ഒരു പ്രയോജനവും ഉണ്ടായില്ല. ഒടുവിൽ ഹുസൂർ പ്രാർഥനയിൽ മുഴുകി. അപ്പോൾ വഹ്യ് വന്നു: 'നിശ്ചയമായും എന്റെ നാഥൻ എന്നോടൊപ്പമുണ്ട്. അവൻ വഴികാണിക്കും.' അങ്ങനെ രണ്ടുമിനുട്ട് കഴിഞ്ഞപ്പോഴേക്കും അല്ലാഹു രോഗത്തിന്റെ യാഥാർഥ്യം വെളിപ്പെടുത്തി. തീക്ഷ്ണമായ പനിയായിരുന്നു. അതോടൊപ്പം അതികഠിനമായ അനുബന്ധ രോഗങ്ങളും ഉണ്ടായിരുന്നു. ഏതാനും മിനുട്ടുകൾ കഴിഞ്ഞപ്പോൾ എന്റെ മനസ്സിലേക്ക് ഇട്ടുതന്നു: 'യഥാർഥത്തിൽ ഈ രോഗം കരളിലെ ചൂടുകൊണ്ടാണ് ഉണ്ടാകുന്നത്. അതിന് സമ്പൂർണ രോഗശാന്തി കുറിപ്പടി പ്രയോജനപ്പെടും.' അങ്ങനെ രണ്ടുമൂന്നു ഡോസ് കഴിച്ചു. ഒരുദിവസം രാവിലെ അബ്ദുറഹ്മാൻ എന്ന് പേരുള്ള ഒരാൾ എന്റെ വീട്ടിൽ വന്നതായി ഞാൻ സ്വപ്നം കണ്ടു. പനിയൊക്കെ മാറി എന്ന് അവൻ പറഞ്ഞു. അത്ഭുതകരം എന്നു പറയട്ടെ, ഉടനെത്തന്നെ ഞാൻ നാഡി പരിശോധിച്ചപ്പോൾ പനി വിട്ടകന്നിരുന്നു. തുടർന്ന് ഇൽഹാം അവതരിച്ചു: 'നീ വീണ്ടും വീണ്ടും നമ്മുടെ സന്നിധിയിലേക്ക് വരുന്നതിനാൽ, അല്ലാഹു കാരുണ്യത്തിന്റെ മഴയായി വർഷിച്ചുകൊണ്ടിരിക്കും" (പേജ് 466, 467).

**മിർസയുടെ ഭാര്യക്ക് മെയ് 30ന് മുമ്പെന്നോ പനി ബാധിച്ചു. ശേഷം 'കാരുണ്യത്തിന്റെ പേമാരി' വർഷിക്കുന്നു. വീണ്ടും ഗുരുതരമായി പനിക്കുന്നു, ശമനത്തിന്റെ വഹ്‌യുകൾ ആവർത്തിക്കുന്നു. 'യലാശു' (അല്ലാഹുവിന്റെ ഒരു പേരാണത്രെ ഇത്) അപ്പോഴും അവരോടൊപ്പം തന്നെയാണ്! പക്ഷേ, രണ്ടാഴ്ച കഴിഞ്ഞിട്ടും പനിപിടിച്ചു വിറക്കുകയാണവർ!**

"1905 ജൂൺ 7. ഒരാഴ്ച കഴിഞ്ഞില്ല, മഹ്മൂദിന്റെ ഉമ്മക്ക് കഠിനവും ഗുരുതവുമായ പനി പിടിച്ചു. രാത്രി മുഴുവൻ ഞാൻ പ്രാർഥിച്ചുകൊണ്ടിരുന്നു. രാവിലെ ഒരാൾ സ്വപ്നത്തിൽ വന്ന് പറയുകയാണ്, 'പനി മാറിയിരിക്കുന്നു' എന്ന്. പിറ്റേദിവസം-ജൂൺ എട്ടിന്-വീണ്ടും വഹ്യ് വന്നു: 'ആരോഗ്യത്തിന് ഹാനികരം" (പേജ് 467).

ജൂൺ 9ന് അവതരിച്ചതുകൂടി കാണുക: "ഞാൻ നിന്നോടൊപ്പമുണ്ട്; നിന്റെ ഭാര്യയോടൊപ്പവും; പിന്നെ നിന്നെ സ്നേഹിക്കുന്നവരുടെ കൂടെയും!" (പേജ് 467).

ചുരുക്കത്തിൽ, മിർസയുടെ ഭാര്യക്ക് മെയ് 30ന് മുമ്പെന്നോ പനി ബാധിച്ചു. ശേഷം 'കാരുണ്യത്തിന്റെ പേമാരി' വർഷിക്കുന്നു. വീണ്ടും ഗുരുതരമായി പനിക്കുന്നു, ശമനത്തിന്റെ വഹ്‌യുകൾ ആവർത്തിക്കുന്നു. 'യലാശു' (അല്ലാഹുവിന്റെ ഒരു പേരാണത്രെ ഇത്) അപ്പോഴും അവരോടൊപ്പം തന്നെയാണ്! പക്ഷേ, രണ്ടാഴ്ച കഴിഞ്ഞിട്ടും പനി പിടിച്ചു വിറക്കുകയാണവർ!

### ഇദ്ദേഹം ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ?

"1904 ഫെബ്രുവരി 8. സഹിക്കാനാവാത്ത ചുമ. ചിലപ്പോൾ ശ്വാസം നിലച്ചു മരിച്ചുപോകുമോ എന്ന് ഭയപ്പെട്ടു. ഒരു പ്രതീക്ഷയും ബാക്കിയില്ലാത്ത ഗുരുതരാവസ്ഥയിൽ അല്ലാഹു വഹ്യ് തന്നു: 'ഇദാ ജാഅ നസ്റുല്ലാഹി...' അതിനു ലഭിച്ച വിശദീകരണം ഇപ്രകാരമാണ്: 'മരണത്തെക്കുറിച്ചുള്ള നിന്റെ ഈ ചിന്ത തെറ്റാകുന്നു. അത് സംഭവിക്കുക അല്ലാഹുവിന്റെ സഹായവും വിജയവും വന്നശേഷം മാത്രമായിരിക്കും. അന്ന് ജനങ്ങൾ കൂട്ടംകൂട്ടമായി നിന്റെ ജമാഅത്തിൽ ചേരുകയും ചെയ്യും" (പേജ് 422).

ഇതേ സൂക്തങ്ങൾ മുഹമ്മദ് നബി(സ്വ)ക്ക് അവതീർണമായ പശ്ചാത്തലം നമുക്കറിയാം. അദ്ദേഹത്തിന്റെ ജീവിതദൗത്യം അവസാനിക്കുകയും ഹജ്ജത്തുൽ വിദാഇൽവെച്ച് തങ്ങൾ അതിന് സാക്ഷ്യംവഹിച്ചു എന്ന് സ്വഹാബികൾ പറയുകയും ചെയ്ത ശേഷം, മരണം അടുത്തിരിക്കുന്നു എന്ന അറിയിപ്പായിരുന്നു ഈ സൂക്തങ്ങൾ. നബി(സ്വ) മരിക്കുന്നതിനു മൂന്നു മാസം മുമ്പ് അവതരിച്ച ഈ സൂക്തങ്ങൾ മിർസാ ഖാദിയാനി തന്റേതാക്കുമ്പോൾ അതിന്റെ സന്ദർഭം നാം കണ്ടു. ചുമയും ജലദോഷവും മാറുമെന്നും മരണചിന്ത വേണ്ടെന്നും അറിയിക്കാനാണത്രെ ഈ സൂക്തങ്ങൾ മിർസക്ക് അവതരിച്ചത്! യാഥാർഥ്യവും വ്യാജവും തിരിച്ചറിയാനുള്ള ഉരകല്ലായി നമുക്ക് 'തദ്കിറ'യിലെ ഇത്തരം വ്യാജ വഹ്‌യുകളെ കാണാവുന്നതാണ്.

മരിക്കും മുമ്പ് ജനങ്ങൾ കൂട്ടംകൂട്ടമായി ജമാഅത്തിൽ ചേരുമെന്നാണ് സന്തോഷവാർത്ത! ഒരു നൂറ്റാണ്ട് കഴിഞ്ഞിട്ടും ഈ 'വഹ്യ്' വായിക്കുന്നവർക്ക് മനസ്സിലാകും അത് തികച്ചും വ്യാജമാണെന്ന്. മിർസ മരിക്കും മുമ്പ് കൂട്ടം കൂട്ടമായി ജനങ്ങൾ ഖാദിയാനി ജമാഅത്തിൽ ചേരുമെന്നാണ് പറയുന്നത്. എന്നാണ്, എവിടെയാണ് ജനങ്ങൾ കൂട്ടം കൂട്ടമായി ചേർന്നത്? അതല്ല മിർസ മരിക്കാതെ എവിടെയെങ്കിലും മറഞ്ഞിരിക്കുകയാണോ?

*(അവസാനിച്ചില്ല)*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
✆:95444 92089

അധ്യായം
39

# സൂറ: അസ്സുമർ
## (കൂട്ടങ്ങൾ)
(മക്കയിൽ അവതരിച്ചത്)

أَلَيْسَ ٱللَّهُ بِكَافٍ عَبْدَهُۥ ۖ وَيُخَوِّفُونَكَ
بِٱلَّذِينَ مِن دُونِهِۦ ۚ وَمَن يُضْلِلِ ٱللَّهُ فَمَا
لَهُۥ مِنْ هَادٍ ﴿٣٦﴾
وَمَن يَهْدِ ٱللَّهُ فَمَا لَهُۥ مِن مُّضِلٍّ ۗ أَلَيْسَ ٱللَّهُ
بِعَزِيزٍ ذِى ٱنتِقَامٍ ﴿٣٧﴾
وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَٰوَٰتِ
وَٱلْأَرْضَ لَيَقُولُنَّ ٱللَّهُ ۚ قُلْ أَفَرَءَيْتُم مَّا
تَدْعُونَ مِن دُونِ ٱللَّهِ إِنْ أَرَادَنِىَ ٱللَّهُ بِضُرٍّ هَلْ
هُنَّ كَٰشِفَٰتُ ضُرِّهِۦٓ أَوْ أَرَادَنِى بِرَحْمَةٍ
هَلْ هُنَّ مُمْسِكَٰتُ رَحْمَتِهِۦ ۚ قُلْ حَسْبِىَ ٱللَّهُ ۖ
عَلَيْهِ يَتَوَكَّلُ ٱلْمُتَوَكِّلُونَ ﴿٣٨﴾
قُلْ يَٰقَوْمِ ٱعْمَلُوا۟ عَلَىٰ مَكَانَتِكُمْ إِنِّى
عَٰمِلٌ ۖ فَسَوْفَ تَعْلَمُونَ ﴿٣٩﴾
مَن يَأْتِيهِ عَذَابٌ يُخْزِيهِ وَيَحِلُّ عَلَيْهِ
عَذَابٌ مُّقِيمٌ ﴿٤٠﴾

36. തന്റെ ദാസന് അല്ലാഹു മതിയായവനല്ലയോ? അവന്ന് പുറമെയുള്ളവരെ പറ്റി അവർ നിന്നെ പേടിപ്പിക്കുന്നു. വല്ലവനെയും അല്ലാഹു പിഴവിലാക്കുന്നപക്ഷം അവന്ന് വഴികാട്ടാൻ ആരുമില്ല.
37. വല്ലവനെയും അല്ലാഹു നേർവഴിയിലാക്കുന്നപക്ഷം അവനെ വഴിപിഴപ്പിക്കുവാനും ആരുമില്ല. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി എടുക്കുന്നവനും അല്ലയോ?
38. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോദിക്കുന്നപക്ഷം തീർച്ചയായും അവർ പറയും; അല്ലാഹു എന്ന്. നീ പറയുക: 'എങ്കിൽ അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവയെപ്പറ്റി നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? എനിക്ക് വല്ല ഉപദ്രവവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് അവന്റെ ഉപദ്രവം നീക്കം ചെയ്യാനാവുമോ? അല്ലെങ്കിൽ അവൻ എനിക്ക് വല്ല അനുഗ്രഹവും ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവയ്ക്ക് അവന്റെ അനുഗ്രഹം പിടിച്ചുവെക്കാനാകുമോ?' പറയുക: 'എനിക്ക് അല്ലാഹു മതി. അവന്റെ മേലാകുന്നു ഭരമേൽപിക്കുന്നവർ ഭരമേൽപിക്കുന്നത്.'
39. പറയുക: 'എന്റെ ജനങ്ങളേ, നിങ്ങളുടെ നിലപാടനുസരിച്ച് നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക. ഞാനും പ്രവർത്തിച്ചുകൊണ്ടിരിക്കുക തന്നെയാകുന്നു. എന്നാൽ വഴിയെ നിങ്ങൾക്ക് അറിയുമാറാകും;
40. അപമാനകരമായ ശിക്ഷ വന്നെത്തുന്നതും ശാശ്വതമായ ശിക്ഷ വന്നിറങ്ങുന്നതും ആർക്കാണെന്ന്.'

36,37). (തന്റെ ദാസന് അല്ലാഹു മതിയായവനല്ല യോ?) തന്റെ കൽപനകൾ പ്രവർത്തിക്കുകയും വി രോധങ്ങൾ വർജിക്കുകയും ചെയ്യുന്ന ദാസന്മാർക്ക് അവൻ ചെയ്തുകൊടുക്കുന്ന ഔദാര്യവും സ്നേഹവും ഓർമപ്പെടുത്തുന്നു. ഏറ്റവുമധികം അല്ലാഹുവിന്റെ കൽപനകൾ നിറവേറ്റുന്നത് സൃഷ്ടികളിൽ ഉത്തമ നായ മുഹമ്മദ് നബി(സ്വ)യാണ്. അതുകൊണ്ടുത ന്നെ അല്ലാഹു അദ്ദേഹത്തിന്റെ ദീനും ദുൻയാവും സംരക്ഷിക്കും. സർവ വിപത്തുക്കളിൽനിന്നും സു രക്ഷ നൽകുകയും ചെയ്യും.

(അവന് പുറമെയുള്ളവരെപ്പറ്റി അവർ നിന്നെ പേടിപ്പിക്കുന്നു) ബിംബങ്ങളെക്കുറിച്ചും പങ്കാളി കളെക്കുറിച്ചും പറഞ്ഞ്; അവർ നിനക്ക് ആപത്തു കൾ വരുത്തുമെന്ന്. ഇതെല്ലാം അവരുടെ വഴികേ ടിന്റെ ഭാഗമാണ്.

(വല്ലവനെയും അല്ലാഹു പിഴവിലാക്കുന്നപക്ഷം അവന് വഴികാട്ടാൻ ആരുമില്ല. വല്ലവനെയും അല്ലാ ഹു നേർവഴിയിലാക്കുന്നപക്ഷം അവനെ വഴിപിഴപ്പി ക്കുവാനും ആരുമില്ല) കാരണം അവന്റെ കൈകളിലാ ണ് സന്മാർഗത്തിലാക്കാനും വഴികേടിലാക്കാനുമുള്ള അധികാരം. അവനുദ്ദേശിക്കുന്നത് ഉണ്ടാകും. അവ നുദ്ദേശിക്കാത്തത് ഉണ്ടാകുന്നതുമല്ല. (അല്ലാഹു പ്ര താപശാലിയല്ലയോ?) പൂർണപ്രതാപം അവന്നാണ്. എല്ലാറ്റിനെയും അവൻ കീഴടക്കിവയ്ക്കുന്നു. അവന്റെ പ്രതാപം മതി വിശ്വാസിക്ക് സംരക്ഷണം ലഭിക്കാനും അവരുടെ തന്ത്രങ്ങളിൽനിന്ന് രക്ഷകിട്ടാനും. (ശിക്ഷാ നടപടി സ്വീകരിക്കുന്നവനും) എതിര് പ്രവർത്തിക്കു ന്നവർ അവന്റെ ശിക്ഷ വരുന്നത് ഭയപ്പെടട്ടെ.

38) അല്ലാഹു അല്ലാത്തവരെക്കുറിച്ച് പറഞ്ഞ് നിന്നെ ഭയപ്പെടുത്താൻ ശ്രമിക്കുന്നു. ഈ വഴിപി ഴച്ചവരോട് നീ ചോദിച്ചാൽ അവരിൽനിന്നുതന്നെ അവർക്കെതിരായ തെളിവ് ലഭിക്കും. (ആകാശങ്ങ ളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോ ദിക്കുന്നപക്ഷം) അവരുടെ ദൈവങ്ങൾക്ക് സൃഷ്ടി ക്കാൻ കഴിയുമെന്ന് അവർ പറയില്ല. (തീർച്ചയായും അവർ പറയും; അല്ലാഹു എന്ന്) അല്ലാഹു മാത്രം അതിനെ സൃഷ്ടിച്ചവൻ. (പറയുക) അല്ലാഹുവിന്റെ കഴിവ് വ്യക്തമാക്കിയും അവരുടെ ആരാധ്യന്മാരുടെ അശക്തി അംഗീകരിച്ചും. (നിങ്ങൾ ചിന്തിച്ചു നോക്കി യിട്ടുണ്ടോ?) എങ്കിൽ എനിക്ക് പറഞ്ഞുതരൂ. (അല്ലാ ഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവരെപ്പ റ്റി.) (എനിക്ക് വല്ല ഉപദ്രവവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവർക്ക് അവന്റെ ഉപദ്രവം നീക്കം ചെയ്യാനാകുമോ?) ഏത് ഉപദ്രവമായാലും.

(അവക്ക് അവന്റെ ഉപദ്രവും നീക്കം ചെയ്യാനാ വുമോ?) അത് പൂർണമായി ഒഴിവാക്കിക്കൊടുക്കാ നോ മാറ്റങ്ങൾ വരുത്തി ലഘൂകരിച്ചു കൊടുക്കാ നോ കഴിയുമോ? (അല്ലെങ്കിൽ അവൻ എനിക്ക് വല്ല അനുഗ്രഹവും ചെയ്യുവാൻ ഉദ്ദേശിച്ചാൽ) ഭൗതികമാ




യോ മതപരമായോ എന്തെങ്കിലും പ്രയോജനം എനി ക്ക് ലഭിക്കാവുന്ന. (അവക്ക് അവന്റെ അനുഗ്രഹം പിടിച്ചുവെക്കാനാവുമോ?) എന്നിൽനിന്ന് അത് തട യുന്നവരാണോ അവർ? അവർ പറയും; അവർ ഉപ ദ്രവം നീക്കുകയില്ല, അനുഗ്രഹം തടയുന്നവരുമല്ല. ഈ വ്യക്തമായ തെളിവുകൾ അവർക്ക് ബോധ്യമാ യാൽ നീ അവരോട് പറയേണ്ടത് അല്ലാഹു ഏകനായ ആരാധ്യനും സൃഷ്ടികളുടെ സ്രഷ്ടാവും ഉപകാരവും ഉപദ്രവവും വരുത്തുന്നവനുമാണെന്നും മറ്റുള്ളവർ എല്ലാനിലയ്ക്കും സൃഷ്ടികൾക്ക് ഉപകാരവും ഉപദ്രവ വും ചെയ്യാനും അവരുടെ തന്ത്രങ്ങൾ പ്രതിരോധി ക്കാനും അശക്തരാണെന്നുമാണ്.

(എനിക്ക് അല്ലാഹു മതി, അവന്റ മേലാകുന്ന ഭര മേൽപിക്കുന്നവർ ഭരമേൽപിക്കുന്നത്) ഉപദ്രവങ്ങൾ തടുക്കാനും ഉപകാരങ്ങൾ ലഭിക്കാനും അവലംബി ക്കുന്നവർ അവനിലാണ് അർപ്പിക്കുന്നത്. എല്ലാറ്റി നും മതിയായവനാണവൻ. അവൻ മതിയെനിക്ക്, എന്റെ എല്ലാ കാര്യത്തിനും അവൻ മതി.

39,40). അതായത് (നീ പറയുക) അവരോട് നീ പറയുക പ്രവാചകരേ, (എന്റെ ജനങ്ങളേ, നിങ്ങളു ടെ നിലപാടാനുസരിച്ച് നിങ്ങൾ പ്രവർത്തിച്ചുകൊ ള്ളുക) നിങ്ങൾ നിങ്ങൾക്കുവേണ്ടി തൃപ്തിയോടെ സ്വീകരിച്ച നിലപാട്. അതായത് ആരാധനക്ക് ഒരു നി ലയ്ക്കും അർഹതയില്ലാത്തവരെ ആരാധിക്കുക എന്നത്. അവർക്കാകട്ടെ യാതൊരു കൈകാര്യകർതൃത്വവും തന്നെയില്ല. (ഞാനും പ്രവർത്തിച്ചുകൊണ്ടിരിക്കു കയാകുന്നു) ഞാൻ ക്ഷണിക്കുന്ന ആ പാതയി ൽ; അല്ലാഹുവിന് മാത്രം ആരാധനയർപ്പിക്കുക എന്ന പാ തയിൽ. (എന്നാൽ വഴിയെ നിങ്ങൾക്ക് അറിയുമാറാ കും) അന്തിമ പരിഗണന ആർക്കാണെന്ന്. (അപമാ നകരമായ ശിക്ഷ വന്നെത്തുന്നത് ആർക്കാണെന്ന്) ഇഹലോകത്ത്. (എന്റെ മേൽ വന്നിറങ്ങുന്നതും) പര ലോകത്ത്. (ശാശ്വതമായ ശിക്ഷ) മാറ്റം വരാതെയും നീങ്ങിപ്പോകാതെയും. ഇത് അവർക്കുള്ള വലിയ താ ക്കീതാണ്. ശാശ്വത ശിക്ഷയ്ക്ക് അവർ അർഹരാണെ ന്ന് അവർക്കറിയം. എന്നാലും അക്രമവും ധിക്കാര വും വിശ്വാസത്തിന്റെയും അവരുടെയും ഇടയിൽ മറയിട്ടുകഴിഞ്ഞു.



# വിജയത്തിന്റെ മാർഗം

ഷാനിദ ബിൻത് അഹ്മദ്, ഈങ്ങാപ്പുഴ


കുഞ്ഞേ, കുഞ്ഞേ, നീയറിയൂ
ഇസ്‌ലാം എന്നാൽ എന്തെന്ന്.
പഠിച്ചതെല്ലാം ഓർക്കേണം,
പ്രവൃത്തിയിൽ അത് കാണേണം.
എങ്കിൽ നാളെ നമുക്കുണ്ട്
ഏറെ മനോഹരമാം സ്വർഗം!
കൊതിച്ചതെന്തും കിട്ടുന്ന,
രസിച്ചു കഴിയാൻ പറ്റുന്ന
സന്തോഷത്തിൻ വീടല്ലോ
ഏറെ മനോഹരമാം സ്വർഗം!
വിഷമം, ദുഃഖം ഇല്ലാത്ത,
ഒട്ടും മടുപ്പ് തോന്നാത്ത,
ശാന്തി സമാധാനത്തിന്റെ
ഏറെ മനോഹരമാം സ്വർഗം!
സ്വർഗം കിട്ടാൻ ചെയ്യേണ്ട
കാര്യം പലതുണ്ടറിയേണം.
വിശ്വാസം ശരിയാക്കേണം,
അവയെന്താണെന്നറിയേണം.
ഇസ്‌ലാം കാര്യം നന്നായി
പഠിക്കണം, അവ ചെയ്യേണം.
അഞ്ചു സമയ നമസ്കാരം
മുറതെറ്റാതെ ചെയ്യേണം
ഖുർആനെന്നും ഓതേണം,
ദിക്റുകൾ പതിവായ് ചൊല്ലേണം.
കളവൊരു നാളും പറയരുതേ,
കളി ചിരിയും ഒഴിവാക്കല്ലേ.
മുത്ത് റസൂലിൻ വഴി വിട്ട്
ജീവിക്കാനോ പാടില്ല.
അനുസരിക്കണം നമ്മളുടെ
മാതാപിതാക്കളെ നമ്മൾ.
അല്ലാഹു, അവനാണല്ലോ
നമുക്കു വേണ്ടത് നൽകുന്നോൻ.
അവൻ ഒരുക്കിയ സ്വർഗത്തിൽ
പോകണമെങ്കിൽ നാമെല്ലാം
അവന്റെ വാക്കുകൾ കേൾക്കേണം,
അവനോടാകണം പ്രാർഥനകൾ.

# വിശുദ്ധ ഖുർആൻ മലയാള പരിഭാഷ

## (വാക്കർത്ഥം ഉൾപ്പടെ)

ക്രോഡീകരണം

**ഫള്ൽ ഹഖ് ഉമരി**



~~950/-~~ 910/-

- സമ്പൂർണ്ണ പരിഭാഷ 30 ജുസ്ഉം അടങ്ങിയത്.
- സൗദി ഖുർആനിന് സമാനമായ പേജ് സെറ്റിംഗ്സ്.
- ഓരോ ആയത്തിലേയും വാക്കുകൾക്ക് താഴെ അർഥം ചേർത്ത അദ്യത്തെ മലയാള പരിഭാഷ.
- ദിനേന ഖുർആൻ പാരായണം ചെയ്യുന്നവർക്കും, ഖുർആൻ മനപാഠമാക്കുന്നവർക്കും ഏറെ സഹായകം.
- ആകർഷകമായ മൾട്ടി കളർ പ്രിന്റിങ്.



~~350/-~~ 320/-

**അമ്മ ജുസ്ഉം തബാറഖ ജുസ്ഉം**

- അമ്മ ജുസ്ഉം തബാറഖ ജുസ്ഉം മാത്രം .
- മദ്രസ്സ വിദ്യാർത്ഥികൾക്ക് അർത്ഥ സഹിതം പഠിക്കാൻ സഹായകം.

**മറ്റ് ഇസ്ലാമിക പുസ്തകങ്ങളും ആകർഷകമായ വിലക്കുറവിൽ**

Scan For Pay

insaf25077@fbl

**INSAF BOOK STALL**

INSAF BOOKS
+91 9446453022

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
02 December 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


## പുറത്തിറങ്ങിയ മുഴുവൻ ലക്കങ്ങളും ഓൺലൈനിൽ ലഭ്യമായ മലയാളത്തിലെ ഏക പ്രസിദ്ധീകരണം

ഇപ്പോൾ
**Unicode, PDF, Flipbook, Kindle & Audio**
വേർഷനുകൾ ലഭ്യം

WISDOM
ISLAMIC ORGANIZATION




ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

॥ പ്രമാണങ്ങൾക്കൊപ്പം ॥ ഗുണകാംക്ഷയുടെ ശബ്ദം
॥ നേരിന്റെ ആർജ്ജവം ॥ വേറിട്ട വായനാനുഭവം

**പ്രചാരണ മാസം**
**2023 നവം: 10 - ഡിസം: 10**

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | Wisdom islamic organization
CV Complex | PV Swami Road | Chalappuram PO | Kozhikode | 673002 | Kerala | India
Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com** | **www.nerpatham.com**